വാല്യം 102

**മണ്ണാർക്കാട് ബ്ലോക്ക്**

*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

# അലനല്ലൂർ ഗ്രാമപഞ്ചായത്ത്






## ജനകീയാസൂത്രണ

# സമഗ്ര വികസനരേഖ

# ഉള്ളടക്കം


| | പേജ് |
|---|---|
| 1. ആമുഖം | 1 – 2 |
| 2. ചരിത്രം | 3 – 4 |
| 3. ഭൂപ്രകൃതി | 5 – 6 |
| 4. വിദ്യാഭ്യാസം | 7 – 12 |
| 5. സംസ്ക്കാരം | 13 –14 |
| 6. ആരോഗ്യം | 15 – 16 |
| 7. കുടിവെള്ളം, പൊതുജനാരോഗ്യം | 17 – 19 |
| 8. വ്യവസായം | 20 – 24 |
| 9. ഗതാഗതം | 25 – 35 |
| 10. കൃഷി, ജലസേചനം | 36 – 47 |
| 11. ഊർജം | 48 – 51 |
| 12. ഭവന നിർമ്മാണം | 52 – 54 |
| 13. സാമൂഹ്യ ക്ഷേമം | 55 – 56 |
| 14. വനിതാ ക്ഷേമം | 57 – 60 |
| 15. പട്ടിക ജാതി–പട്ടിക വർഗ ക്ഷേമം | 61 – |
| 16. സഹകരണം | 66 – 70 |
| 17. വിഭവ സമാഹരണം | 71 |
| 18. ഉപസംഹാരം | 72 |

## വികസന റിപ്പോർട്ട് തയ്യാറാക്കിയ
## [illegible]കാർ ഗ്രൂപ്പ്

സംസ്ഥാന പരിശീലകൻ : പ്രൊ. പി.ഇ.ഡി. നമ്പൂതിരി

ജില്ലാ പരിശീലകർ

| | |
|---|---|
| 1. വ.സി. രാമദാസ് (കൺവീനർ), ടീച്ചർ | എ.എം.എൽ.പി.എസ്. അലനല്ലൂർ |
| 2. കെ.എ. സുദർശനകുമാർ | " " |
| 3. പി. ദേവദാസൻ | " " |
| 4. വി അജിത്കുമാർ | അലനല്ലൂർ |
| 5. പി. നാസർ | " |
| 6. കെ. അജയൻ | ഉണ്ണിയാൽ |
| 7. പി.പി.കെ. പുഷ്പമോൾ | കർക്കിടാംകുന്ന് |
| 8. ടി.പി. അബ്ദുൾ ഖാദർ | ജി.വി.എച്ച്.എസ്.എസ്. അലനല്ലൂർ |
| 9. സ. അബ്ദുൾ മജീദ് | എടത്തനാട്ടുകര |
| 10. ടി. കുഞ്ഞീതു, ടീച്ചർ | സി.പി.എ.യു.എസ്. തിരുവാഴാംകുന്ന് |

<u>സഹായികൾ</u>

| | |
|---|---|
| 1. രാജകൃഷ്ണൻ. ടി | വില്ലേജ് അസിസ്റ്റന്റ് അലനല്ലൂർ |
| 2. ഹബീബ് മുഹമ്മദ് | അലനല്ലൂർ |
| 3. വി.ടി. ബഷീർ | അലനല്ലൂർ |
| 4. അച്ചാമ്മ ഫിലിപ്പ് | എടത്തനാട്ടുകര |
| 5. വി. അബ്ദുള്ള മാസ്റ്റർ | എടത്തനാട്ടുകര |
| 6. കെ. അബുബക്കർ മാസ്റ്റർ | എടത്തനാട്ടുകര. |


Printed At: Mangalam, Calicut

Cover Design: ammu creative unit, perintalmanna

DTP Layout: Unicorn DTP, Perintalmanna

## അലനല്ലൂർ പഞ്ചായത്ത്
### പൊതുവിവരണം.

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | അലനല്ലൂർ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | അലനല്ലൂർ, കർക്കിടാംകുന്ന്, എടത്തനാട്ടുകര |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ : | എടത്തനാട്ടുകര, അലനല്ലൂർ, തിരുവാഴാംകുന്ന് |
| ബ്ലോക്ക് പഞ്ചായത്ത് | മണ്ണാർക്കാട് |
| താലൂക്ക് | മണ്ണാർക്കാട് |
| അസംബ്ലി മണ്ഡലം | മണ്ണാർക്കാട് |
| വിസ്തീർണ്ണം | 58.24 ചതുരശ്ര കിലോമീററർ |
| ജനസംഖ്യ | 39136 |
| പുരുഷൻ | 19056 |
| സ്ത്രീ | 20080 |
| അക്ഷരാഭ്യാസമുള്ളവർ | 27078 |
| ജനസാന്ദ്രത | 672 ആളുകൾ/ചതുരശ്ര കിലോമീററർ |
| വാർഡുകൾ | 14 |
| അതിരുകൾ: | |
| വടക്ക് | കരുവാരകുണ്ട്, എടപ്പററ |
| പഞ്ചായത്തുകൾ(മലപ്പുറം ജില്ല) | |
| തെക്ക് | താഴെക്കോട് പഞ്ചായത്ത് |
| കിഴക്ക് | കോട്ടോപ്പാടം പഞ്ചായത്ത് |
| പടിഞ്ഞാറ് | മേലാററൂർ പഞ്ചായത്ത് (മലപ്പുറം ജില്ല) |
| പ്രസിഡന്റ് | പി. ഗോവിന്ദൻ |
| വൈസ് പ്രസിഡന്റ് | ടി. ഗോവിന്ദൻ |
| സ്റ്റാന്റിംഗ് കമ്മിററി ചെയർമാൻ | കെ, മുഹമ്മദ് |
| മെമ്പർമാർ | കെ.സേതതുമാധവൻ, കെ.ടി. ഹാംസപ്പ, സി. സേതുമാധവൻ, പി. റഫീക്ക, കെ. തങ്ക, അബ്ദുൾ സമദ്, പി.എം. ഇന്ദിര, ഉണ്ണീൻകുട്ടി ഹാജി, കെ. റസാഖ്, റസീന. കെ, സൗജത്ത്. ടി. |
| സെക്രട്ടറി | ശ്രീ. നാരായണൻ. |

# ആമുഖം

നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി വിഭാവനം ചെയ്ത 'ഗ്രാമസ്വരാജ്' എന്ന ആശയം ജനകീയാസൂത്രണത്തിലൂടെ സഫലീകരിയ്ക്കുവാൻ പോവുകയാണ്. നമ്മുടെ സംസ്ഥാനത്തെ ആസൂത്രണ പ്രക്രിയയിൽ ഒരു പുതിയ യുഗം തുറക്കുകയാണ്. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ തുടക്കം തന്നെ ജനങ്ങളിൽ വലിയ പ്രതീക്ഷകൾക്ക് ജന്മം നൽകിയിരിക്കുകയാണ്. താഴെത്തട്ടിൽ നിന്ന് ജനപങ്കാളിത്തത്തോടു കൂടിയുള്ള ആസൂത്രണം കഴിഞ്ഞ കാലങ്ങളിൽ ഉന്നത ഉദ്യോഗസ്ഥ തലങ്ങളിൽ മാത്രം ഒതുങ്ങി നിന്ന ആസൂത്രണം ഇന്ന് താഴെത്തട്ടിലുള്ള ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുകയാണ് ജനകീയാസൂത്രണംകൊണ്ട് ഉദ്ദേശിക്കുന്നത്.

ഒമ്പതാം പദ്ധതിയുടെ 35 മുതൽ 40% വരെ താഴെ തട്ടുകളിൽ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും വേണമെന്നാണ് പ്ലാനിങ് ബോർഡിന്റെ കാഴചപ്പാട്. നമ്മുടെ പ്രാദേശിക ആവശ്യങ്ങൾക്ക് അനുസൃതമായ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും ലഭിക്കുന്ന ഫണ്ട് ജനപങ്കാളിത്തത്തോടെ അതായത് ശ്രമദാനവും ഉൾപ്പെടുത്തിക്കൊണ്ട്, 'ഇടത്തട്ട്' ഒഴിവാക്കി ലഭിക്കുന്ന ഫണ്ടിന്റെ 110% താഴെത്തട്ടിലെത്തിക്കാൻ സാധിക്കുന്നു. കൂടാതെ ജനങ്ങൾക്ക്, നമ്മുടെ കൈയിൽ എന്തുണ്ട്? നമുക്ക് എന്ത് സഹായിക്കാൻ കഴിയും? മുൻഗണന ഏത് പദ്ധതിയ്ക്ക് നൽകണം എന്ന തീരുമാനം എടുക്കുവാൻ കഴിയുന്നു. മുൻകാലങ്ങളിൽ പ്രാദേശിക പരിഗണന കൂടാതെയുള്ള ഫണ്ടുകൾ ലാപ്സാകുകയാണ് പതിവ്. എന്നാൽ വരുംനാളുകളിൽ ഫണ്ടുകൾ യാതൊരു കാരണവശാലും പാഴാകാനുള്ള സാദ്ധ്യതയില്ല. കക്ഷിരാഷ്ട്രീയ ഭേദമന്യേയുള്ള നമ്മുടെ ജനകീയ ആസൂത്രണ പ്രസ്ഥാനം ലോകത്തിന് തന്നെ ഒരു മാതൃകയാണ്

ഒമ്പതാം പദ്ധതി രൂപീകരണത്തിനുള്ള ജനകീയാസൂത്രണ പരിപാടിയുടെ ഭഗമായി 9-9-96 മുതൽ 12-9-96 വരെ മണ്ണാർക്കാട് വെച്ച് നടന്ന ജില്ലാതല പരിശീലന ക്ലാസ്സിൽ 9 പുരുഷൻമാരും ഒരു വനിതയുമടക്കം 10 പേർ നമ്മുടെ ഗ്രാമപഞ്ചായത്തിൽ നിന്ന് പങ്കെടുത്തു. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ വിജയകരമായ പ്രവർത്തനത്തിനായി പഞ്ചായത്തുതല സംഘാടകസമിതി രൂപീകരണത്തിനുവേണ്ടി പഞ്ചായത്ത് ഭരണസമിതി അംഗങ്ങളും വിവധ രാഷ്ട്രീയ, സാമൂഹിക, സാംസ്ക്കാരിക, സന്നദ്ധ സംഘടന പ്രവർത്തകരുടേയും, പൗരുമുഖ്യന്മാരുടെയും ഒരു യോഗം 26-9-96 ന് വിളിച്ചുകൂട്ടി, പഞ്ചായത്ത്തല സ്വാഗതസംഘം രൂപീകരിച്ചു. 17-9-96 ന് പഞ്ചായത്ത് തല ഏകദിന പരിശീലന ക്ലാസ്സ് നടന്നു. ഈ ക്ലാസ്സിൽ പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളെ കൂടാതെ 111 പുരുഷൻമാരും 18 വനിതകളും പങ്കെടുത്തു.

ഗ്രാമസഭകളുടെ പ്രചരണാർത്ഥം വാർഡുകളിൽ മൈക്ക് പ്രചരണം നടത്തി. പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, വിവിധ വകുപ്പ് മേധാവികൾ, ഉദ്യോഗസ്ഥർ, അദ്ധ്യാപിക-അദ്ധ്യാപകൻമാർ, ഗൈഡ്സ്, ഹൈസ്ക്കൂൾ വിദ്യാർത്ഥിനി-വിദ്യാർത്ഥികൾ, ശാസ്ത്ര സാഹിത്യപരിഷത്ത് പ്രവർത്തകർ, പൗരമുഖ്യർ എന്നിവർ പങ്കെടുത്തു. ഇതേതുടർന്ന് 27-9-96 മുതൽ 6-10-96 വരെ വിവിധ ഗ്രാമസഭകൾ നടന്നു. 2321 പുരുഷന്മാരും 1343 വനിതകളും ഉൾപ്പെടെ ആകെ 3670 പേർ പങ്കെടുത്തു. 345 പട്ടികജാതി വിഭാഗത്തിൽ പെട്ടവരും ഗ്രാമസഭയിൽ പങ്കെടുത്തിരുന്നു. മിക്ക ഗ്രാമസഭകളും മെച്ചപ്പെട്ട ഗുണനിലവാരം പുലർത്തുന്നതായിരുന്നു.

ഗ്രാമസഭകളെ വിലയിരുത്തുമ്പോൾ ജനപ്രതിനിധികൾ പങ്കെടുത്ത മൂന്നാം വാർഡ് ഗ്രാമസഭയലാണ് ജനപങ്കാളിത്തം കൂടുതൽ കണ്ടത്. ഈ വാർഡിൽ ഗ്രാമസഭയ്ക്ക് മുന്നോടിയായി വ്യാപകമായ പ്രചരണങ്ങൾ നടത്തിയിരുന്നു. 50% ത്തിലധികം സ്ത്രീകൾ പങ്കെടുത്ത ആറാം വാർഡ് ഗ്രാമസയിലാണ് സ്ത്രീപങ്കാളിത്തം കൂടുതൽ കണ്ടത്. പൊതുവെ ഗ്രാമസഭകളെല്ലാം സജീവമായിരുന്നു.

കൃഷി, ജലസേചനം, പൊതുജനാരോഗ്യം, ഗതാഗതം, കുടിവെള്ളം എന്നീ മേഖലകളിലായിരുന്നു കൂടുതൽ ചർച്ചകളും നിർദ്ദേശങ്ങളും നടന്നത്.

മണ്ണാർക്കാട് ബ്ലോക്ക്തല കലാജാഥയുടെ ഉദ്ഘാടനം 21-10-96 ചളവയിൽവെച്ച് മണ്ണാർക്കാട്

ബ്ലോക്ക് പ്രസിഡന്റ് നിർവ്വഹിച്ചു. 8 കേന്ദ്രങ്ങളിൽ ആവേശകരമായ വരവേൽപ്പ് നൽകി.

25-10-96 മുതൽ 27-10-96 വരെ നടന്ന രണ്ടാംഘട്ട പരിശീലനത്തിൽ 10 പേർ പങ്കെടുത്തു. കൂടാതെ പഞ്ചായത്ത് സെക്രട്ടറി, ബ്ലോക്ക് മെമ്പർമാർ എന്നിവരും പങ്കെടുത്തു.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ രണ്ടാംഘട്ട പ്രവർത്തനത്തിന്റെ വിശദീകരണത്തിനും, സഹകരണത്തിനും വേണ്ടി പഞ്ചായത്തിലെ വിവിധ ഉദ്യോഗസ്ഥരുടെയും, അദ്ധ്യാപിക, അദ്ധ്യാപകരുടെയും ഒരു യോഗം 6.9.96 ന് വിളിച്ചു കൂട്ടി. പഞ്ചായത്ത് സെമിനാർ വിജയിപ്പിക്കുന്നതിനുവേണ്ടി 15-11-9 ന് പഞ്ചായത്ത്തല സംഘാടകസമിതി വിളിച്ചുകൂട്ടുകയും അതിൽനിന്ന്, സാമ്പത്തികം, പരിപാടി, ഭക്ഷണം, പ്രചരണം എന്നിവയ്ക്കുള്ള 4 സബ്കമ്മിററികൾ രൂപീകരിക്കുകയും ചെയ്തു. തുടർന്ന് 10-10-96 ന് പഞ്ചായത്ത്തല ഏകദിന പരിശീലനം നടന്നു. കാലത്ത് ഉദ്ഘാടനത്തിനുശേഷം വീഡിയോ പ്രദർശനവും അതിനെക്കുറിച്ചുള്ള വിശദീകരണങ്ങളും ഉച്ചയ്ക്ക്ശേഷം ജില്ലാതല പരിശീലകർ വിവിധ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സുകളും നടത്തി. 78 പുരുഷന്മാരും 15 സ്ത്രീകളും 10 ജില്ലാ പരിശീലകരും 10 ഭരണസമിതി അംഗങ്ങളും പങ്കെടുത്തു. 2 വനിതകളും 13 പുരുഷന്മാരും അടങ്ങിയ പഠന യാത്ര 9-11-96 നും, 11-11-96 നും പഞ്ചായത്തിൽ പര്യടനം നടത്തി.

മേൽപറഞ്ഞ മുന്നൊരുക്കങ്ങളാണ് ജനകയാസൂത്രണത്തിന്റെ വിജയത്തിനുവേണ്ടി നമ്മുടെ പഞ്ചായത്തിൽ നടത്തിയത്.

# അലനല്ലൂർ ഗ്രാമപഞ്ചായത്ത്
## ചരിത്രം

**കൊ**ച്ചുകേരളത്തിന്റെ നെല്ലറയായ പാലക്കാട് ജില്ലയുടെ, നിത്യഹരിത വനപ്രദേശങ്ങളാൽ സുന്ദരമായ മണ്ണാർക്കാട് താലൂക്കിലെ ഏററവും വലിയ പഞ്ചായത്താണ് അലനല്ലൂർ.

### സ്ഥലനാമങ്ങൾ

ഏറെ വ്യത്യസ്തത കൊണ്ട് ശ്രദ്ധേയമാണ് നമ്മുടെ പഞ്ചായത്ത്. എടത്തനാട്ടുകര തൊട്ട് കല്ലടിക്കോട് വരെ മലയോടടുത്തു കാണുന്ന താണതലം പല പേരുകളുടേയും ഉൽഭവത്തിലേക്ക് വിരൽ ചൂണ്ടുന്നതായി തോന്നുന്നു

കല്ലടിക്കോട് കടലടിക്കുന്ന പ്രദേശമായിരുന്നെങ്കിൽ എടത്തനാട്ടുകരയിലെ 'ഉപ്പുകുളം' എന്ന പേർ അന്വർത്ഥമാവുന്നു. "എടത്തനാട്ടുകര" എന്ന പേരുതന്നെ 'കര'യുടെ പ്രാധാന്യമുള്ളതാണ്. അലനല്ലൂർ അലക്ക് (തല്ലിന്) നല്ല (പേരുകേട്ട) ഊരും മാളിക്കുന്ന് മിളികക്കുന്നുമാകാമെന്ന് പഴയ കാരണവന്മാർ പറയുന്നു. എടത്തനാട്ടുകരക്ക് 'നെല്ലികുർശ്ശി' എന്ന പഴയ പേരുണ്ട്. നെല്ലിമരങ്ങളുടെ കുന്ന് എന്ന് അവിടെ വിശേഷണമുണ്ടായിരുന്നുവെന്ന് പറയപ്പെടുന്നു. ക്രിസ്തു ആദിശതകങ്ങളിൽ ബുദ്ധമതസ്ഥരോ, ജൈനമതസ്ഥരോ ബന്ധപ്പെട്ട സ്ഥലങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ടെന്ന് തോന്നുന്നു. മുണ്ടക്കുന്നിന് തല മുണ്ഡനം ചെയ്തവരുടെ സങ്കേതമെന്ന് അർത്ഥമുണ്ട്. ആലിങ്ങൽ, ഉണ്ണിയാൽ, പിലാകുർശ്ശി, മുച്ചിക്കൽ തുടങ്ങിയ സ്ഥലങ്ങൾ മരങ്ങളുമായി ബന്ധപ്പെട്ട സ്ഥലങ്ങളാണെന്ന് സംശയിക്കണം.

### ഭൂമിയുമായി ബന്ധപ്പെട്ട വിവരങ്ങൾ

1896ന് മുമ്പ് അലനല്ലൂർ എന്നത് അരക്കുപറമ്പ് അംശത്തിലെ ദേശമായിരുന്നു. നെൽകൃഷിയായിരുന്നു പ്രധാന വിള. റബ്ബർ വളരെ കുറവായിരുന്നു. തെങ്ങ് കൃഷി വ്യാപകമായിരുന്നില്ല. കൃഷിയുടെ-നിലത്തിന്റെ വിസ്തീർണ്ണം അഭിമാനത്തിന്റെ അളവുകോൽ ആയിരുന്നു. പട്ടല്ലൂർ നമ്പൂതിരി, മങ്കട കോവിലകം എന്നിവരായിരുന്നു പ്രധാന ജൻമിമാർ. ക്ഷേത്രനടത്തിപ്പിന് വേണ്ടി ജന്മിമാർ വിട്ടുകൊടുത്ത ഭൂമിയാണ് ദേവസ്വം ഭൂമികളായി മാറിയത്.

1896ൽ ആദ്യമായി ഭൂസർവ്വേ നടന്നു. മലബാർ ലഹളക്കാലത്തും മററും രേഖകൾ പലതും നഷ്ടമായതിനാൽ കർക്കിടാംകുന്നിലും, എടത്തനാട്ടുകരയിലും റീ സർവ്വേ നടന്നു. അലനല്ലൂർ വില്ലേജിൽ പഴയ സർവ്വേ വിവരങ്ങളേത്തന്നെയാണ് ആശ്രയിക്കുന്നത്.

1940 കളിലാണ് എൻ.എസ്.എസ്. എസ്റ്റേററ് എടത്തനാട്ടുകരയിൽ ആരംഭിക്കുന്നത്. അന്നുമുതലാണ് റബ്ബർ കൃഷി തുടങ്ങുന്നത്.

ജന്മിമാർ നേരിട്ടല്ല കുടിയാന്മാരുമായി ബന്ധപ്പെട്ടിരുന്നത്. ഇടനിലക്കാരു മുഖേനയാണ് പാട്ടപ്പിരിവും മററും നടത്തിയിരുന്നത്. 1940 കളിൽ കാൽ അണയും അര അണയും പാട്ടമായി കൊടുത്തിരുന്നു. പ്രധാനമായും നെല്ലുതന്നെയാണ് പാട്ടമായി നൽകി വന്നത്. കർഷക തൊഴിലാളികൾക്ക് കൂലിയായി 3 നാരായം (ആൺ) 2 നാരായം (പെൺ) എന്നിങ്ങനെയായിരുന്നു. പാട്ടം 60% കന്നിയിലും 40% തുലാമാസത്തിലും അളന്നിരുന്നു. കൊടുക്കുന്നത് ചെലവു പറക്കും വാങ്ങുന്നത് പാട്ടപറക്കും ആയിരുന്നു. പാട്ടപ്പറക്ക് മുദ്രപ്പറ എന്നും പേരുണ്ടായിരുന്നു. അലനല്ലൂർ പഞ്ചായത്തിലെ ഏററവും വലിയ ജന്മി മങ്കട കോവിലകം തന്നെയായിരുന്നു. 22000 പറ നെല്ല് പാട്ടവസ്തുവായി അവർക്കുണ്ടായിരുന്നു. 6000 പറ നെല്ല് കൊള്ളുന്ന പത്തായവും അവർക്കുണ്ടായിരുന്നു. കൂലിക്കാർ മുഴുവൻ നെല്ലും തലച്ചുമടായാണ് കൊണ്ടുവന്നിരുന്നത്.

## വിദ്യാഭ്യാസം

വിദ്യഭ്യാസ സംവിധാനങ്ങൾ വളരെ കുറവായിരുന്നു. മാളികക്കുന്നിൽ നിലവിലുണ്ടായിരുന്ന എഴുത്തച്ഛൻ പള്ളിക്കൂടമായിരുന്നു ഏററവും പഴയ വിദ്യാലയം. 1915ൽ സ്ഥാപിച്ച വട്ടമണ്ണപുറം എ.എം.എൽ.പി. സ്ക്കൂൾ ആണ് ഏററവും പഴയ സ്ക്കൂൾ. അക്കാലത്ത് സവർണർ മാത്രമെ വിദ്യാഭ്യാസം നേടാൻ ശ്രമിച്ചിരുന്നുള്ളു. 1956ലാണ് മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ അലനല്ലൂരിൽ ഹൈസ്ക്കൂൾ ആരംഭിക്കുന്നത്. ശ്രീ. എം.പി. രാമചന്ദ്രമേനോന്റെ നേതൃത്വത്തിലുള്ള ഒരു കമ്മിററിയാണ് ഈ സ്ക്കൂളിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്നത്. അന്നത്തെ മലബാർ ഡിസ്ട്രിക്ട് ബോർഡ് പ്രസിഡണ്ടായിരുന്ന പി.ടി. ഭാസ്ക്കരപണിക്കർ ഇക്കാര്യത്തിലെടുത്ത താൽപ്പര്യം എറെയാണ്. ഇതിനു ശേഷം എടത്തനാട്ടുകര ഹൈസ്ക്കൂൾ നിലവിൽ വന്നു. സ്ക്കൂൾ വിദ്യാർത്ഥികളിൽ ഭൂരിഭാഗവും ആൺകുട്ടികളായിരുന്നു. സ്ത്രീ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം കിട്ടിത്തുടങ്ങിയത് 1960 കൾക്ക് ശേഷമാണ്.

## ജനകീയ സമര പ്രസ്ഥാനങ്ങൾ

1941ലാണ് സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് (വ്യക്തി സത്യാഗ്രഹത്തിന്) അലനല്ലൂരിൽ വെച്ച് എം.പി. രാമചന്ദ്രമേനോനെ അറസ്റ്റ് ചെയ്തത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രവർത്തനം ഏറെയൊന്നും ശക്തമായിരുന്നില്ല അന്ന്. 1950 കളിലാണ് ജനകീയ സമരങ്ങൾ കൂടുതൽ ശക്തിപ്പെടുന്നത്. എൻ.എസ്.എസ്. എസ്റ്റേററിലെ തൊഴിൽ തർക്കങ്ങൾ എടത്തനാട്ടുകര ഭാഗത്ത് കമ്മ്യൂണിസ്റ്റ് പാർട്ടി വളരുന്നതിന് ഇടയാക്കി. തൊഴിലാളികളെ സഹായിക്കുന്നതിന് കർഷക തൊഴിലാളികളും ഉണ്ടായിരുന്നു. 1956ൽ എൻ.എസ്.എസ്. എസ്റ്റേററിലെ തൊഴിലാളികളെ മാനേജ്മെന്റ് പിരിച്ചുവിട്ടതിനെതിരെ കൊങ്ങശ്ശേരി കൃഷ്ണൻ നടത്തിയ എട്ട് ദിവസം നീണ്ട നിരാഹാരസത്യാഗ്രഹം ഏറെ പ്രാധാന്യമർഹിക്കുന്നു. അലനല്ലൂർ പഞ്ചായത്തിലെ ഏററവും വലിയ തൊഴിൽ സമരം എന്ന് വിശേഷിപ്പിക്കാവുന്നത് 1956 ൽ എസ്റ്റേററിലെ മുഴുവൻ തൊഴിലാളികളേയും പിരിച്ചു വിട്ടതിനെതിരേയുള്ളതായിരുന്നു. ഈ സമരം ഒരു വർഷത്തിലേറെ നീണ്ടുനിന്നു. കാർഷിക തൊഴിലാളികളുടെ രംഗത്തും വേതനം കൂടുതലാക്കുന്നതിന് സമരങ്ങൾനടന്നിട്ടുണ്ടായിരുന്നു. പുരുഷന്മാർക്ക് 3 നാരായം സ്ത്രീകൾക്ക് 2 നാരായം നെല്ല് എന്ന കൂലി നിരക്ക് 4 നാരായവും 3 നാരായവും ആക്കി ഉയർത്താൻ ജന്മിമാരെ നിർബന്ധിപ്പിച്ചത് കർഷക തൊഴിലാളി സമരങ്ങളായിരുന്നു.

മലബാർ ലഹളക്കാലത്ത് അലനല്ലൂരിലും അസ്വസ്ഥതകൾ ഉണ്ടായിരുന്നു. മുസ്ളിംകളും ഹിന്ദുക്കളും മററു സമുദായങ്ങളുമായി യാതൊരുവിധ സാമൂഹ്യ സ്പർദ്ധകളും ഉണ്ടായതായി അറിവില്ല.

അലനല്ലൂർ പഞ്ചായത്ത് രൂപം കൊള്ളുന്നത് 1963ലാണ്. ആദ്യത്തെ പഞ്ചായത്ത് പ്രസിഡണ്ട് പാറോക്കോട് കുഞ്ഞിമുഹമ്മദ് ഹാജിയായിരുന്നു. തുടർന്ന് കൃഷ്ണൻ കുട്ടി മേനോൻ, സേതുമാധവൻ, ശിവരാമൻ മാസ്റ്റർ, ഹംസപ്പ എന്നിവർ പ്രസിഡണ്ടുമാരായി. 1946ലാണ് അലനല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ആരംഭിക്കുന്നത്. ആദ്യത്തെ ബാങ്ക് പ്രസിഡണ്ട് രാമചന്ദ്രമേനോൻ ആയിരുന്നു.

1930 ൽ ആയുർവേദ ആശുപത്രിയും 1961 ൽ ഗവ: ഹോസ്പിററലും അലനല്ലൂരിൽ സ്ഥാപിക്കപ്പെട്ടു. 1942–43 വർഷങ്ങളിൽ വ്യാപകമായി കോളറ പടർന്നു പിടിച്ചിരുന്നു.

1939 ലാണ് അലനല്ലൂരിൽ ബസ് വന്നത്. ക്ഷേത്രങ്ങളും പള്ളികളും പഴയകാലം മുതലേ അലനല്ലൂരിന്റെ ചരിത്രത്തിൽ അവയുടേതായ സ്ഥാനം വഹിച്ചിട്ടുണ്ട്.

ചുരുക്കത്തിൽ, സ്വാതന്ത്ര്യ സമരകാലഘട്ടം മുതൽ തന്നെ സജീവമായ ചരിത്ര പാരമ്പര്യമുള്ളതാണ് മററു പഞ്ചായത്തുകളെന്ന പോലെ അലനല്ലൂരും. സമ്പന്നമായ ഈ ചരിത്ര പശ്ചാത്തലത്തിൽ വേണം ജനകീയാസൂത്രണത്തിന്റെ ഈ ഘട്ടത്തിൽ നമ്മുടെ വെല്ലുവിളികളെ നേരിടാൻ.


അലനല്ലൂർ
ഗ്രാമപഞ്ചായത്ത്
N
S

# പഠനപ്രദേശം

കിഴക്ക് → പടിഞ്ഞാറ്

| ഭൂപ്രകൃതി | മൺതരം | ഭൂവിനിയോഗം | ജലലഭ്യത |
|---|---|---|---|
| ഉയർന്നപ്രദേശം | ചുവന്നമണ്ണ് | വാസസ്ഥലം, തെങ്ങ്, കവുങ്ങ് [illegible] | മിതം |
| കുന്നിൻപ്രദേശം | ചുവന്നമണ്ണ് | റബ്ബർ | ദരിദ്രം |
| താഴ്ന്നസ്ഥലം | പാടച്ചാൽ മണ്ണ് | റബ്ബർ, കവുങ്ങ്, തെങ്ങ് | ധാരാളം |
| | [illegible] | | |
| ഉയർന്നസ്ഥലം | ചുവന്നമണ്ണ് | റബ്ബർ, വാഴ, തെങ്ങ് | ധാരാളം |
| കുന്നപ്രദേശം | ചുവന്നമണ്ണ് | റബ്ബർ | മിതം |
| സമതലം പുഴത്തീരം | ചെളിമണ്ണ് | നെല്ല്, തെങ്ങ്, കവുങ്ങ് | ധാരാളം |
| സമതലം | വയൽമണ്ണ് | നെൽകൃഷി ഉയർന്നയിടത്ത് റബ്ബർകൃഷി | ധാരാളം |
| ചരിവ് | ചുവന്നമണ്ണ് | തരിശ് | മിതം |
| കുന്ന് | ചുവന്നമണ്ണ് | റബ്ബർ, പാറക്കിഴവ് | ദരിദ്രം |
| താഴ്വര പുഴ | വയൽമണ്ണ് | വാഴ, കവുങ്ങ് | ധാരാളം |
| സമതലം | വയൽമണ്ണ് | നെല്ല്, തെങ്ങ് | ധാരാളം |
| പുഴ | വയൽമണ്ണ് | കവുങ്ങ്, തെങ്ങ് | ധാരാളം |
| കുന്ന് | ചുവന്നമണ്ണ് | കുറ്റിക്കാട് | മിതം |
| ചാവലിത്തോട് | | കവുങ്ങ്, തെങ്ങ്, വാഴ | ധാരാളം |
| കുന്ന് | ചുവന്നമണ്ണ് | റബ്ബർ | മിതം |
| സമതലം | [illegible] | [illegible] | ധാരാളം |
| കുന്ന് | ചുവന്നമണ്ണ് | തരിശ് | മിതം |
| സമതലം | വയൽമണ്ണ് | നെല്ല്, വാഴ, കവുങ്ങ് | ധാരാളം |
| കുന്ന് | ചുവന്നമണ്ണ് | കശുമാവ് | മിതം |
| സമതലം | വയൽമണ്ണ് | നെല്ല് | ധാരാളം |
| കുന്ന് | ചെങ്കൽപാറ | തരിശ് | മിതം |
| സമതലം | വയൽമണ്ണ് | വാഴ, നെല്ല്, കവുങ്ങ് | ധാരാളം |
| ചരിവ് | ചുവന്നമണ്ണ് | റബ്ബർ | ധാരാളം |
| ചരിവ് | ചുവന്നമണ്ണ് | സമ്മിശ്രവിള | ധാരാളം |
| സമതലം | വയൽമണ്ണ് | നെല്ല് | ധാരാളം |
| കുന്ന് | ചുവന്നമണ്ണ് | തെങ്ങ് | ധാരാളം |
| സമതലം | വയൽമണ്ണ് | കപ്പ, വാഴ, കവുങ്ങ്, തെങ്ങ് | ധാരാളം |
| ചരിവ് | ചുവന്നമണ്ണ് | വാസസ്ഥലം (തെങ്ങ്കൃഷി) | ധാരാളം |

൭

# വിദ്യാഭ്യാസം

അലനല്ലൂർ പഞ്ചായത്തിൽ വിദ്യാഭ്യാസ രംഗത്തെ പുരോഗതിയെ സൂക്ഷ്മപരിശോധന നടത്തുമ്പോൾ ആശാവഹമായ ഒരു സ്ഥിതിയല്ല ഇന്നുള്ളത് എന്ന് വ്യക്തമാകും. ഇതിന് ഒരൊററകാര്യം മാത്രം മതി തെളിവായി – ഒരു കിലോമീററിനുള്ളിൽ ഒരു എൽ.പി. സ്ക്കൂളെങ്കിലും വേണമെന്നുണ്ടെങ്കിലും അലനല്ലൂർ പഞ്ചായത്തിൽ പല വാർഡുകളിലും നാലും, അഞ്ചും കിലോമീററർ നടന്ന് സ്ക്കൂളിലേക്ക് വരേണ്ടുന്ന ഒരു സ്ഥിതിവിശേഷം ഇന്ന് നിലവിലുണ്ട്.

വിസ്തൃതിയിൽ ഏകദേശം ഒരു താലൂക്കിനോളം വരുന്ന മലയോര ഭാഗമാണ് അലനല്ലൂർ പഞ്ചായത്ത്. ഈ പഞ്ചായത്തിൽ 13 എൽ.പി. സ്ക്കൂളും 4 യു.പി. സ്ക്കൂളുകളും 3 ഹൈസ്ക്കൂളുകളും മാത്രമാണുള്ളത്. ഇതിൽതന്നെ എല്ലാ സ്ക്കൂളുകളുടെയും ഭൗതിക സാഹചര്യങ്ങൾ വളരെ മോശമാണ്. പഠന നിലവാരം തൃപ്തികരവുമല്ല. ഹൈസ്ക്കൂളുകളായ G.V.H.S. അലനല്ലൂരും, G.O.H.S. എടത്തനാട്ടുകരയും ഈ പഞ്ചായത്തിൽ ഉണ്ട് എങ്കിലും ഇവിടെ ഓരോ ക്ലാസ്സ് മുറിയിലും 80 മുതൽ 90 വരെ കുട്ടികൾ ഇരിക്കുന്നുണ്ട്. അലനല്ലൂർ G.V.H.S.S. ൽ ഒരു പ്രധാനകെട്ടിടം വളരെ അപകട സ്ഥിതിയിൽ ആയതിനാൽ ഈ കെട്ടിടത്തിൽ പഠനം നടക്കുന്നില്ല. ഓലഷെഡ്ഡുകൾ പോലുമുണ്ട് അലനല്ലൂർ ഗവ: ഹൈസ്ക്കൂളിന്റെ സഹായത്തിനായി. എന്നാൽ ഇത് ശരിയായ സമയത്ത് കെട്ടിമേയുന്ന പരിപാടിയും ഇല്ല. G.O.H.S. എടത്തനാട്ടുകരയെ സംബന്ധിച്ചും പ്രശ്നങ്ങൾ ഉണ്ട്. ഒന്നാമത് ഈ സ്ക്കൂളിൽ ഒന്നാം ഭാഷയായി അറബിക്കും സംസ്കൃതവുമാണ് പഠിപ്പിക്കുന്നത്. അതിനാൽ മലയാള പഠനത്തിനായി കുട്ടികൾ അലനല്ലൂർ G.V.H.S.S ലേക്കാണ് പോകുന്നത്. രണ്ടാമത് – ഈ സ്ക്കൂളിൽ ഇപ്പോഴും ഷിഫ്ററ് സമ്പ്രദായം നിലനിൽക്കുന്നു.

മൂന്ന് അൺ എയ്ഡഡ് സ്ക്കൂളുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. അലനല്ലൂർ പഞ്ചായത്തിനെ സംബന്ധിച്ച് മറെറാരു പ്രധാന പ്രശ്നം – ഈ പഞ്ചായത്തിൽ നിന്നും S.S.L.C. പാസ്സാകുന്ന കുട്ടികൾക്ക് ഉപരി പഠനത്തിനായി യാതൊരു സൗകര്യവും ഇല്ല എന്നുള്ളതാണ്. പ്രീ–ഡിഗ്രി പഠിക്കാനായി കുട്ടികൾക്ക് 30 മുതൽ 50 വരെ കിലോമീററുകളോളം സഞ്ചരിക്കേണ്ടതുണ്ട്.

ഈ രണ്ടു പട്ടികകളിൽ നിന്നുമായി ഈ പഞ്ചായത്തിലെ സ്ക്കൂൾ വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് ചെറിയ ഒരു വിവരണം ലഭിക്കുന്നു. ഇവയുടെ അടിസ്ഥാനത്തിൽ മിക്ക സ്ക്കൂളുകളുടെയും ഭൗതിക സാഹചര്യം മോശമാണെന്ന് മനസ്സിലാക്കാൻ കഴിയും. പല സ്ക്കൂളുകളിലും മൂത്രപ്പുര, കക്കൂസ് മുതലായ സൗകര്യങ്ങൾ ഇല്ല. സ്വന്തമായി കളിസ്ഥലം പോലുമില്ലാത്ത സ്ക്കൂളുകളും ഈ പഞ്ചായത്തിൽ ഉണ്ട്. വളരെ നന്നായി നടക്കുന്ന ചില സ്ക്കൂളുകൾ ഇവിടെയുണ്ട് – ആ യാഥാർത്ഥ്യം ഈ വേളയിൽ വിസ്മരിക്കുന്നില്ല.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമെ 6 ട്യൂട്ടോറിയൽ കോളേജുകൾ, 5 ടൈപ്പ്റൈററിംഗ് ഇൻസ്റ്റിററ്യൂട്ടുകൾ, 4 തുന്നൽ പരിശീലന കേന്ദ്രങ്ങൾ എന്നിവയും പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇതിനു പുറമെ MES KTM I.T.C. യും പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ മൂന്ന് ഹൈസ്ക്കൂളുകളിൽ രണ്ടെണ്ണം സർക്കാർ സ്ക്കൂളുകളാണ്. ഇതിൽ അലനല്ലൂർ ഗവ: ഹൈസ്ക്കൂൾ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂൾ കൂടിയാണ്. Milk & Meat Products, Livestock Management ആണ് ഇവിടുത്തെ പ്രധാനമായ രണ്ടു വിഷയങ്ങൾ. എന്നാൽ ഇവിടെ ഈ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികളുടെ സ്ഥിതി പരമ ദയനീയമാണ്. വേണ്ടത്ര അധ്യാപകരോ ശരിയായ സൗകര്യങ്ങളോ ഇതിനാവശ്യമായി ഇവിടെ ഇവിടെ ഇല്ല. 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളെ പരിശോധനവിധേയമാക്കുമ്പോൾ, ഇവയും തൃപ്തികരമായ രീതിയിൽ അല്ല – പഠന നിലവാരം വളരെ മോശമാണ്. അതിന് ധാരാളം കാരണങ്ങൾ ഉണ്ട്. അതിൽ ഏററവും പ്രധാനമായ കാരണം ക്ലാസ്സ് മുറികളുടെ

പരിമിതിയാണ്. ഒരു ക്ലാസ്സിൽ തന്നെ 80 മുതൽ 90 വരെ കുട്ടികൾ ഇരിക്കുന്നുണ്ട്. പത്താം ക്ലാസ്സിൽ എത്തുന്ന വിദ്യാർത്ഥികൾക്കുപോലും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നിവ വായിക്കാൻ അറിയാത്ത ഒരു സ്ഥിതിവിശേഷം നിലവിലുണ്ട്. ഇംഗ്ലീഷ്, കണക്ക് എന്നിവയിൽ പ്രാഥമികമായി അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ ഒന്നും തന്നെ പത്താം ക്ലാസ്സിൽ എത്തുന്ന ഒരു വിദ്യാർത്ഥിയെ സംബന്ധിച്ച് അറിയുന്നില്ല. അതിനാൽതന്നെ ഇവിടുത്തെ S.S.L.C. വിജയ ശതമാനം കുറഞ്ഞുകുറഞ്ഞു വരുന്നതുകാണാം.

ഈ പഞ്ചായത്തിലെ മറ്റൊരു ഹൈസ്ക്കൂൾ എടത്തനാട്ടുകരയിലെ ഗവ: ഓറിയന്റൽ ഹൈസ്ക്കൂളാണ്. അലനല്ലൂർ ഹൈസ്ക്കൂളുമായി താരതമ്യം ചെയ്യുമ്പോൾ അലനല്ലൂരിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പകുതി എണ്ണം മാത്രമേ എടത്തനാട്ടുകര ഓറിയന്റൽ ഹൈസ്ക്കൂളിൽ പഠിക്കുന്നുള്ളൂ. അതിന് ഏററവും പ്രധാനമായ ഒരു കാരണം എടത്തനാട്ടുകര ഗവ: ഓറിയന്റൽ ഹൈസ്ക്കൂളിൽ മലയാളം ഇല്ല എന്നതാണ്. അതുകൊണ്ട് അവിടെ നിന്ന് വിദ്യാർത്ഥികൾ അലനല്ലൂർ ഹൈസ്ക്കൂളിലേക്കാണ് വന്നുകൊണ്ടിരിക്കുന്നത്. എടത്തനാട്ടുകര ഗവ: ഓറിയന്റൽ ഹൈസ്ക്കൂളിലെയും വിജയ ശതമാനം വളരെ മോശമാണ്.

രണ്ട് ഹൈസ്ക്കൂളുകളിലെയും S.S.L.C. വിജയ ശതമാനം ചുവടെ കൊടുക്കുന്നു. (പട്ടിക III)

അലനല്ലൂർ ഗവ: വൊക്കേഷണൽ ഹയർ സെക്കൻഡറി സ്ക്കൂൾ അലനല്ലൂർ
എസ്.എസ്.എൽ.സി. വിജയ ശതമാനം. പട്ടിക III

| വർഷം | % |
|---|---|
| 91-92 | 39% |
| 92-93 | 33 |
| 93-94 | 38 |
| 94-95 | 35 |
| 95-96 | 24 |

II. എടത്തനാട്ടുകര ഗവ: ഓറിയന്റൽ ഹൈസ്ക്കൂൾ
എസ്.എസ്.എൽ.സി. വിജയ ശതമാനം.

| വർഷം | % |
|---|---|
| 91-92 | 21 |
| 92-93 | 21 |
| 93-94 | 22 |
| 94-95 | 23 |
| 95-96 | 19 |

മേൽകാണിച്ച രണ്ട് പട്ടികകളിൽ നിന്നായി പഞ്ചായത്തിലെ രണ്ട് ഹൈസ്ക്കൂളുകളിലെയും പഠന നിലവാര തകർച്ചയെക്കുറിച്ച് ഏകദേശ വിവരം ലഭിക്കുന്നു. ഇത്തരത്തിൽ പഠന നിലവാരം തകരുന്നതിനാൽ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളോടുള്ള ഭ്രമം കൂടിക്കൂടി വരുകയാണ്. മാത്രമവുല്ല പഞ്ചായത്തിൽ നിന്നും ചുരുക്കം ചില വിദ്യാർത്ഥികളെങ്കിലും മററു പഞ്ചായത്തുകളിലെ ഹൈസ്ക്കൂളുകളിലേക്ക് പോവുകയും ചെയ്യുന്നുണ്ട്.

## പ്രശ്നങ്ങൾ

1. അലനല്ലൂർ ഗവ: ഹൈസ്ക്കൂളിലേയും എടത്തനാട്ടുകര ഓറിയന്റൽ ഹൈസ്ക്കൂളിലെയും വിജയ ശതമാനം വളരെ കുറവാണ്.

2. അലനല്ലൂർ ഗവ:ഹൈസ്ക്കൂളിൽ വിദ്യാർത്ഥികളീടെ എണ്ണം ദ്രുതഗതിയിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

3. ഐ.ടി.സി. ഒഴികെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ ഒന്നുംതന്നെയില്ല. പല സ്ക്കൂളുകളുടേയും ഭൗതിക സാഹചര്യം തൃപ്തികരമല്ല.

4. വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സിന് സ്ഥിരം അദ്ധ്യാപകരും വേണ്ടത്ര സൗകര്യങ്ങളും

ഇല്ലാത്തതിനാൽ ആ കോഴ്സിന്റെ നിലവാരത്തെ ദോഷകരമായി ബാധിച്ചിരിക്കുന്നു.

5. പഞ്ചായത്തിൽ ഒരിടത്തും ഒരു നല്ല വായനശാല പോലുമില്ല ഇത് വായനാശീലം വളർത്തിയെടുക്കുന്നതിനെ സാരമായി ബാധിച്ചിരിക്കുന്നു.

6. അത്യാവശ്യം വേണ്ടിടത്ത് എൽ.പി. സ്ക്കൂളുകളും, അംഗൻവാടികളും ഇല്ല.

7. കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്താൻ പ്രത്യേക പരിപാടികൾ ഒന്നും തന്നെ ആസൂത്രണം ചെയ്തിട്ടില്ല. ചെയ്യുന്നുമില്ല.

8. വിദ്യാഭ്യാസ കാലഘട്ടം പൂർത്തിയാക്കാതെ വിദ്യാലയം വിട്ടുപോകുന്ന (Drop Outs) ഒരു പ്രതിഭാസം പഞ്ചായത്തിൽ പൊതുവെ നിലനിൽക്കുന്നതിനാൽ നിക്ഷരരുടെ എണ്ണം കൂടിക്കൂടി വരുന്നു.

9. എസ്.എസ്.എൽ.സി. കഴിഞ്ഞാൽ പിന്നീട് തുടർന്ന് പഠിക്കാനുള്ള യാതൊരു സൗകര്യവും പഞ്ചായത്തിലില്ല.

10. അദ്ധ്യാപകർക്ക് നൽകുന്ന ഇൻസർവ്വീസ് കോഴ്സിന്റെ അഭാവം പഠന നിലവാരത്തെ ദോഷകരമായി ബാധിക്കുന്നു.

11. പഞ്ചായത്തിൽ ഒരു ഹരിജൻ വെൽഫെയർ ഹോസ്റ്റൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇതിന് സ്വന്ത മായി നല്ലൊരു കെട്ടിടമോ മററു സൗകര്യങ്ങളോ ഇല്ല. ഇവിടെ പഠന നിലവാരം പ്രതീക്ഷിച്ച തോതിൽ ഉയരുന്നില്ല.

12. അദ്ധ്യാപകരെ പാഠ്യേതര പരിപാടികളിൽ പങ്കാളികളാക്കുന്നതിനാൽ സ്ക്കൂളുകളിൽ പഠനം തടസ്സപ്പെടുന്നു.

13. അലനല്ലൂർ വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളിൽ വേണ്ടത്ര ക്ലാസ്സ്മുറികളോ വേണ്ടത്ര കെട്ടിടങ്ങളോ ഇല്ല. ഉള്ളതിൽത്തന്നെ ഒരു പ്രധാന കെട്ടിടം അപകട ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്.

14. കലാ-കായിക വിദ്യാഭ്യാസത്തിന് വേണ്ട യാതൊരു സൗകര്യവും പഞ്ചായത്തിലില്ല.

15. പഞ്ചായത്തിൽ അംഗൻവാടികൾ മിക്കതിനും സ്വന്തമായി കെട്ടിടമുണ്ടെങ്കിലും എവിടേയും വേണ്ടത്ര കളിപ്പാട്ടങ്ങൾ ഇല്ല.

16. പഞ്ചാത്തിലെ കർക്കിടാംകുന്ന്, കുളപ്പറമ്പ്, ഉണ്ണിയാൽ, കാര, പാലക്കാഴി ഭാഗങ്ങളിൽ എവിടെയും ഒരു യു.പി. സ്ക്കൂൾ ഇല്ലാത്തതിനാൽ പഞ്ചായത്തിൽനിന്നും മററു പഞ്ചായത്തുകളിലേക്ക് വിദ്യാർത്ഥികൾ പോയിക്കൊണ്ടിരിക്കുന്നു.

17. പഞ്ചായത്തിലെ എടത്തനാട്ടുകരയിൽ സ്ഥിതി ചെയ്യുന്ന ഗവ: ഓറിയന്റൽ ഹൈസ്ക്കൂളിൽ മലയാളം ഇല്ലാത്തതിനാൽ ഈ ഭാഗത്തെ കുട്ടികൾ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് വളരെ കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കേണ്ടി വരുന്നു മാത്രവുമല്ല ഈ ഹൈസ്ക്കൂളിൽ വേണ്ടത്ര അദ്ധ്യാപകരില്ല. ഭൗതിക സാഹചര്യങ്ങൾ വളരെ മോശവുമാണ്.

18. ചില സ്ക്കൂളുകളിൽ പി.ടി.എ. തൃപ്തികരമായ രീതിയിലുള്ള പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നില്ല. എന്നാൽ ചില സ്ക്കൂളിൽ വളരെ നന്നായി പ്രവർത്തിക്കുന്നവയും ഉണ്ട്. അലനല്ലൂർ ഗവ: ഹൈസ്ക്കൂളിലെ പി.ടി.എ. പാലക്കാട് ജില്ലയിലെത്തന്നെ ഏററവും നന്നായി പ്രവർത്തിക്കുന്ന പി.ടി.എ. ആണ്.

19. തുടർ സാക്ഷരതയുടെ അഭാവം നിരക്ഷരരുടെ എണ്ണം വർദ്ധിപ്പിക്കാൻ ഇടയാക്കുന്നു.

## പട്ടിക II. വിദ്യാലയ സൗകര്യങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | കളിസ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | കർക്കിടാംകുന്ന് G.L.P.S. | 0.52 A | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| 2 | മുണ്ടക്കുന്ന് A.L.P.S. | 50 | ഉണ്ട് | ഉണ്ട് | ഇല്ല | | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 3 | പാലക്കാഴി A.L.P.S. | 0.60 A | ഉണ്ട് | ഇല്ല | ഇല്ല | | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 4 | എടത്തനാട്ടുകര A.M.L.P.S. | 1.5 A | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| 5 | ചുണ്ടോട്ടുകുന്ന് G.L.P.S. | 1 A | ഉണ്ട് | ഇല്ല | ഇല്ല | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| 6 | എടത്തനാട്ടുകര G.L.P.S. | 0.95 A | ഉണ്ട് | ഇല്ല | ഇല്ല | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 7 | മുറിയക്കണ്ണി A.L.P.S. | 50 | ഉണ്ട് | ഉണ്ട് | ഇല്ല | | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 8 | കർക്കിടാംകുന്ന് A.M.L.P.S. | 1.5 A | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 9 | അലനല്ലൂർ K.A.L.P.S. | 1.15 A | ഉണ്ട് | ഉണ്ട് | ഇല്ല | | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 10 | അലനല്ലൂർ A.M.L.P.S. | 1 A | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 11 | അലനല്ലൂർ A.L.P.S. (കാട്ടുകുളം) | 2.14 A | ഉണ്ട് | ഉണ്ട് | ഇല്ല | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |
| 12 | എടത്തനാട്ടുകര A.M.U.P.S. | 4.5 A | ഉണ്ട് | ഉണ്ട് | ഉണ്ട് | | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 13 | ചളവ G.U.P.S. | 1.5 A | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 14 | എടത്തനാട്ടുകര G..O.H..S. | 3.29 A | ഉണ്ട് | ഉണ്ട് | ഉണ്ട് | | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 15 | അലനല്ലൂർ G.V.H.S.S. | 5 A | ഉണ്ട് | ഉണ്ട് | ഉണ്ട് | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 16 | A.U.P.S. എടത്തനാട്ടുകര | 2 A | ഉണ്ട് | ഉണ്ട് | ഇല്ല | | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 17 | സെന്റ് തോമസ് L.P.S. ഉപ്പുകുളം | 1 A | ഉണ്ട് | ഉണ്ട് | ഇല്ല | | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 18 | യൂണിവേഴ്സൽ L.P.S. കൊടിയംകുന്ന് | 1 A | ഉണ്ട് | ഉണ്ട് | ഇല്ല | | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 19 | കർക്കിടാംകുന്ന് U.P.S. | 2 A | ഉണ്ട് | ഉണ്ട് | ഇല്ല | | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 20 | MES, KTM ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ. | 3 A | ഉണ്ട് | ഉണ്ട് | ഇല്ല | | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

## പ്രശ്നങ്ങളെ അതിജീവിക്കാൻ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ

1. എടത്തനാട്ടുകരയിലെ ഉപ്പുകുളം, പടിക്കപ്പാടം, ചിരട്ടകുളത്തിനും നാലുകണ്ടത്തിനും ഇടയിൽ, തടിയൻപറമ്പ്-കർക്കിടാംകുന്നിലെ കാനംകോട്, കാളംമ്പാറ, അലനല്ലൂരിലെ പാക്കത്ത് കുളമ്പ്, വഴങ്ങല്ലി ഭാഗങ്ങളിൽ ഓരോ എൽ.പി. സ്ക്കൂളുകൾ ആരംഭിക്കണം.

2. എടത്തനാട്ടുകരയിൽ ഉപ്പുകുളം സെന്റ് തോമസ് എൽ.പി. സ്ക്കൂൾ യു.പി. സ്ക്കൂളായി ഉയർത്തണം. പഞ്ചായത്തിലെ കർക്കിടാംകുന്ന്-പാലക്കാഴി ഭാഗത്തിനിടയിൽ പുതിയ ഒരു യു.പി. സ്ക്കൂൾ ആരംഭിക്കണം.

3. എടത്തനാട്ടുകര യത്തീംഖാന യു.പി. സ്ക്കൂളും കോട്ടോപ്പാടം പഞ്ചായത്തിലെ സി.പി.എ.യു.പി.സ്ക്കൂളും എടത്തനാട്ടുകര ഗവ യു.പി. സ്ക്കൂളും ഹൈസ്ക്കൂളുകളാക്കി ഉയർത്തണം.

4. എടത്തനാട്ടുകര ഗവ: ഓറിയന്റൽ ഹൈസ്ക്കൂളിൽ മലയാള പഠനത്തിനുള്ള സൗകര്യം ഏർപ്പെടുത്തണം.

5. പഞ്ചായത്തിൽ എടത്തനാട്ടുകരയിലും, അലനല്ലൂരിലും ഗവ: ഐ.ടി.ഐ. കളും, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും, ടെക്നിക്കൽ ഹൈസ്ക്കൂളുകളും സ്ഥാപിക്കണം.

6. അലനല്ലൂരിൽ ഒരു റഗുലർ കോളേജ് അനുവദിക്കണം.

7. അംഗൻവാടികളിൽ വേണ്ടത്ര സൗകര്യങ്ങൾ ഏർപ്പെടുത്തണം. അംഗൻവാടികളെ കേന്ദ്രീകരിച്ചുകൊണ്ട് കൈതൊഴിൽ പരിശീലന കോഴ്സുകൾ ആരംഭിക്കണം.

8. പഞ്ചായത്തിലെ നിലവിലുള്ള വായന ശാലകൾക്ക് സർക്കാർ ഗ്രാന്റ് ലഭ്യമാകണം. പുതിയ വായന ശാലകൾ പഞ്ചായത്തിൽ ഉണ്ടാവണം. അലനല്ലൂരിലെ സാംസ്ക്കാരിക നിലയം വിദ്യാഭ്യാസ പുരോഗതിക്ക് സഹായമാകുന്ന രീതിയിലുള്ള ഒരു ലൈബ്രറി ആക്കി മാററണം.

9. എൽ.പി. സ്ക്കൂളുകളിൽ ശുചീകരണ പ്രവർത്തനങ്ങൾക്കായി Menials നെ നിയമിക്കണം. G.O.H.S. ൽ മലയാളം, അറബിക്, സംസ്കൃതം ഇവ തുല്യ പ്രാധാന്യത്തോടെ പഠിപ്പിക്കണം.

10. സ്ക്കൂളിലെ അധ്യാപക ഒഴിവുകൾ യഥാസമയം നികത്തുകയും, പാഠ പുസ്തകങ്ങൾ കൃത്യസമയത്തുതന്നെ ലഭിക്കാനുള്ള സൗകര്യം ഉണ്ടാവുകയും വേണം.

11. പഞ്ചായത്തിലെ മിക്ക സ്ക്കൂളുകളുടേയും ഭൗതിക സാഹചര്യം വളരെ മോശമാണ്. അത് മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണം.

12. വിദ്യാഭ്യാസ മേഖലയിലേക്ക് കൂടുതൽ ഗവ: ഇടപെടൽ ഉണ്ടാവണം.

13. ഓൾ പ്രമോഷൻ സമ്പ്രദായം പുന:പരിശോധിക്കണം.

14. അധ്യാപകർക്ക് 'ഇൻസർവ്വീസ് കോഴ്സ് നിർബ്ബന്ധമാക്കണം'.

15. അധ്യാപകരെ പാഠ്യേതര പ്രവർത്തനങ്ങളിൽ നിന്നും വിട്ടുനിർത്തണം.

16. പാഠ്യപദ്ധതി Child-Centered ആവണം.

17. സിലബസ് ഭാരം ലഘൂകരിക്കണം.

18. അധ്യാപകവൃത്തിയോട് താൽപര്യമില്ലാത്തവരെ ഈ തൊഴിലിൽ നിന്നും മാററിനിർത്താനുള്ള സൗകര്യം ഉണ്ടാക്കണം. അധ്യാപക നിയമനം നടത്തുമ്പോൾ Practical Teaching-ൽ ലഭിച്ച മാർക്കിനെയാണ് പരിഗണിക്കേണ്ടത്.

19. അലനല്ലൂർ - പാലക്കാഴി ഭാഗത്ത് കഴിവുള്ള ഒരുപാട് കായിക താരങ്ങൾ ഉണ്ട്. ഇവരുടെ കഴിവുകൾ ഉയർത്തിക്കൊണ്ടുവരുവാൻ പാലക്കാഴി ഭാഗത്ത് ഒരു നല്ല കളിസ്ഥലം നിർമ്മിക്കണം.

20. അലനല്ലൂർ ഗവ: ഹൈസ്ക്കൂളിന് കൂടുതൽ കെട്ടിടങ്ങൾ നിർമ്മിക്കണം. ഇപ്പോൾ അപകട സ്ഥിതിയിൽ നിൽക്കുന്ന കെട്ടിടം പൊളിച്ചുമാററി അതിന്റെ സ്ഥാനത്ത് കൂടുതൽ സൗകര്യങ്ങളോടു കൂടിയ ഒരു വലിയ കെട്ടിടം നിർമ്മിക്കണം.

21. നിരക്ഷരത പൂർണ്ണമായും നീക്കം ചെയ്യാൻ തുടർസാക്ഷരതാ പരിപാടി സജീവമാക്കണം. അതിന് സന്നദ്ധ സംഘടനകളെ മാത്രം പ്രയോജനപ്പെടുത്തണം.

22. അലനല്ലൂർ പ്രീമെട്രിക് ഹോസ്ററലിന് ഒരു സ്ഥിരം കെട്ടിടം നിർമ്മിക്കണം.

23. അലനല്ലൂരിൽ ഒരു വർക്കിംഗ് വിമൻസ് ഹോസ്ററൽ നിർമ്മിക്കണം.

24. പടിക്കപ്പാടം – മുണ്ടക്കുന്ന് പ്രദേശങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് സോഷ്യൽ വെൽഫെയർ ബോർഡിന്റെ ആഭിമുഖ്യത്തിലുള്ള 4 കണ്ടൻസഡ് കോഴ്സുകൾ ആരംഭിക്കണം.

□ □ □

# സംസ്ക്കാരം

ഉന്നതമായ സാംസ്ക്കാരിക പൈതൃകം അവകാശപ്പെടുന്ന ജനതയാണ് നമ്മുടെ പഞ്ചായത്തിലേത്. വിവിധ മതവിഭാഗങ്ങൾ തമ്മിൽ സൗഹൃദത്തോടെ ബന്ധം നിലനിന്നു വരുന്നു. ഇതിന്റെ ഏററവും വലിയ ഉദാഹരണമാണ് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നടന്നു വരുന്ന ഉത്സവങ്ങൾ. ഹിന്ദുമതാരാധനാലയങ്ങളുടെ നേതൃത്വത്തിലാണ് നടക്കുന്നതെങ്കിലും അതാത് പ്രദേശങ്ങളുടെ ദേശീയ ആഘോഷമായി ഇത്തരം ഉത്സവങ്ങൾ മാറിയിട്ടുണ്ട്. (ഉദാ:- അയ്യപ്പൻകാവ് താലപ്പൊലി.) ഈ കൂട്ടായ്മ നിലനിർത്തേണ്ടതാണ്.

രാഷ്ട്രീയ രംഗത്തും ഈ ഒരു കൂട്ടായ്മയുടെ സംസ്ക്കാരം ഉയർത്തിപ്പിടിക്കാൻ നമ്മുടെ പഞ്ചായത്ത് എന്നും ശ്രമിച്ചിട്ടുണ്ട്. സ്വന്തം പ്രസ്ഥാനങ്ങളുടെ പ്രവർത്തന പരിപാടികൾ ഊർജ്ജസ്വലമായി ഏറെറടുത്ത് നടത്തുമ്പോൾത്തന്നെ പൊതു പ്രശ്നങ്ങളിൽ സഹകരണ നിലപാട് ഉയർത്തിപ്പിടിച്ച് സംയുക്ത പ്രവർത്തനങ്ങൾ ഏറെറടുക്കാനും തയ്യാറാകുന്ന രാഷ്ട്രീയ നേതൃത്വങ്ങൾ അലനല്ലൂരിന്റെ പ്രത്യേകതയാണ്. സാക്ഷരതാ പ്രവർത്തനം, ജനകീയാസൂത്രണ പ്രസ്ഥാനം എന്നിവയിൽ മാതൃകാപരമായ പ്രവർത്തനം നടത്താൻ ഈ സാഹചര്യം നമ്മെ സഹായിച്ചിട്ടുണ്ട്.

കലാ-കായിക രംഗത്തും മഹത്തായ പാരമ്പര്യം നമുക്ക് അവകാശപ്പെടാനുണ്ട്. വിശേഷിച്ചും ഫുട്ട്ബോളിൽ. മികച്ച ഒട്ടേറെ കളിക്കാരെ കണ്ടെത്താനും , വളർത്തിയെടുക്കാനും വിവിധ ക്ലബ്ബുകൾക്ക് കഴിഞ്ഞിട്ടുണ്ട്. ആഴ്ചകളോളം നീണ്ടുനിൽക്കുന്ന ഫുട്ബോൾ ടൂർണമെന്റുകൾ സംഘടിപ്പിച്ച് ഇന്നും ഈ രംഗത്ത് സജീവമായി നാം നിലനിൽക്കുന്നു. ഇതിനു പുറമെ ക്രിക്കററ്, വോളീബാൾ ക്ലബ്ബുകളും, കാരംസ്, ചെസ്, ബാഡ്മിന്റൻ എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന സ്പോർട്സ് ക്ലബ്ബുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഇത്തരം ക്ലബ്ബുകളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് മത്സരങ്ങൾ സംഘടിപ്പിക്കാൻ പഞ്ചായത്ത് മുൻകൈയെടുക്കുകയും പരമ്പരാഗതമായി സംഘടിപ്പിക്കുന്ന കായികമേളകൾ കൂടുതൽ ജനങ്ങളുടെ സഹകരണത്തോടെ ആവേശകരമാക്കി മാററുകയും വേണം. വാർഡടിസ്ഥാനത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന്റെ സാധ്യതയും പരിശോധിക്കണം.

നമ്മുടെ പഞ്ചായത്തിൽ പ്രചാരത്തിലിരിക്കുന്ന കലാരൂപങ്ങൾ മിക്കതും അനുഷ്ടാനവുമായി ബന്ധപ്പെട്ടതാണ്. പൂതൻ,തിറ, കോൽക്കളി, ചെറുമക്കളി, പുള്ളുവൻപാട്ട്, തുയിലുണർത്തുപാട്ട്, കളംപാട്ട് തുടങ്ങിയവയാണീ കലാരൂപങ്ങൾ. ഇതിൽ പുള്ളുവൻപാട്ട് അവതരിപ്പിക്കുന്നത് മേലാററൂരിൽ നിന്നും വരുന്ന കലാകാരന്മാരാണ്. മററു കലാരൂപങ്ങളും നാമാവശേഷമായിക്കൊണ്ടിരിക്കുന്ന അവസ്ഥയുണ്ട്. ഇവയെ പുനരുദ്ധരിക്കാനും നില നിർത്താനുള്ള പരിപാടികൾ നടപ്പിലാക്കാനും ഇത്തരം കലാകാരന്മാർക്ക് അർഹമായ അംഗീകാരം നൽകാനും ശ്രദ്ധിക്കണം.

കലാ-സാഹിത്യ രംഗത്ത് നമ്മുടെ നേട്ടം പ്രധാനമായും നാടകരംഗവുമായി ബന്ധപ്പെട്ടതാണ്. "കലാസമിതിക്കാലവുമായി" ബന്ധപ്പെടുത്തി ഒട്ടേറെ നാടകപ്രവർത്തകരെ സംഭാവന ചെയ്യാൻ നമുക്കു കഴിഞ്ഞു. ഇക്കാര്യത്തിൽ മഹത്തായ പ്രവർത്തനമാണ് 1952ൽ രൂപംകൊണ്ട 'അലനല്ലൂർ കലാസമിതി' നടത്തിയത്. സ്ഥിരമായ വാർഷികങ്ങൾ സംഘടിപ്പിച്ച് ഈ പ്രവർത്തനം ഒരു കാലത്ത് സജീവമായിരുന്നു. സംസ്ഥാന നിലവാരത്തിലുള്ള ഒട്ടനവധി നടൻമാരേയും ഗായകരേയും, ചിത്രകാരന്മാരേയും നമ്മുടെ ഗ്രാമം സംഭാവന ചെയ്തിട്ടുണ്ട്. പുസ്തക രചനയുമായി ബന്ധപ്പെട്ട് ഭഗവത്ഗീത ആദ്യമായി മലയാളത്തിലേക്ക് വിവർത്തനം ചെയ്ത ആദ്യ മുസ്ളീം പണ്ഡിതൻ വിദ്വാൻ: ഇസ്ഹാക്ക് മാസ്റ്ററുടെ പ്രവർത്തനം എടുത്തു പറയേണ്ടതാണ്. അഖിലേന്ത്യാ പ്രശസ്തനായ സോപാന സംഗീത വിദ്വാൻ ഞരളത്ത് രാമപൊതുവാൾ, മുസ്ളീം മതപണ്ഡിതനായ സി.എൻ. മുഹമ്മദ് മൗലവി എന്നിവരുടെ ജന്മംകൊണ്ട്

അനുഗ്രഹീതമാണ് അലനല്ലൂർ പഞ്ചായത്ത്.

1952ൽ രൂപംകൊണ്ട അലനല്ലൂർ കലാസമിതി മികച്ച ഗ്രന്ഥാലയം മാത്രമായിരുന്നില്ല. സമൂഹ്യ പ്രവർത്തനങ്ങളുടെയും ചർച്ചകളുടെയും കേന്ദ്രം കൂടിയായിരുന്നുവെന്ന് നേരത്തെ സൂചിപ്പിച്ചല്ലോ. 6000 ത്തോളം പുസ്തകങ്ങളും, കുട്ടികൾക്കു വേണ്ടി പ്രത്യേക വിഭാഗവും, അതിന്റെ പ്രവർത്തനമെന്ന നിലക്ക് കയ്യെഴുത്ത് മാസികയും, സ്ഥിരമായി വാർഷികവും...... ഇങ്ങിനെ ഒട്ടേറെ പ്രവർത്തനങ്ങൾ നടന്നിരുന്നു. ഇന്ന് ഈ സ്ഥാപനത്തിൽ ഒററപ്പുസ്തകമില്ല. ജനകീയമായി കലാസമിതി പുനരുദ്ധരിക്കാനുള്ള പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് നേതൃത്വം കൊടുക്കണം.

കർക്കിടാംകുന്നിലെ ഗ്രന്ഥശാല, എടത്തനാട്ടുകര ഗ്രന്ഥശാല എന്നിവ സ്വന്തമായി കെട്ടിടങ്ങൾ ഉള്ളവയാണ്. ഇവയുടെ പ്രവർത്തനം അംഗങ്ങളിൽ നിന്നുള്ള സംഭാവന, ഗ്രാന്റ് എന്നിവ വഴിയാണ് നടക്കുന്നത്. ഇവക്കു പുറമെ ചളവ മൈത്രി വായനശാല, ചിരട്ടക്കുളം വായനശാല എന്നിവയുടെയും പ്രവർത്തനം വിപുലീകരിച്ച് വീടുകളിൽ നല്ല പുസ്തകങ്ങൾ സ്ഥിരമായി എത്തിക്കാനുള്ള പ്രവർത്തനം ആവിഷ്ക്കരിക്കേണ്ടതാണ്.

ദൃശ്യ മാദ്ധ്യമങ്ങൾ വളരെ വലിയ വ്യതിയാനമാണ് സാംസ്ക്കാരിക രംഗത്ത് വരുത്തിക്കൊണ്ടിരിക്കുന്നത്. ജനപ്രിയ സിനിമകൾ, ടി.വി. ചാനലുകൾ എന്നിവ വഴിയുള്ള കടന്നാക്രമണം ശക്തമാണ്. സാങ്കേതിക നേട്ടങ്ങൾ സ്വാംശീകരിക്കുന്നതോടൊപ്പം തന്നെ സാംസ്ക്കാരികത്തനിമ നിലനിർത്താനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. അശ്ളീല പോസ്റ്ററുകൾക്കെതിരെ ജനകീയ പ്രവർത്തനം, ജനങ്ങളുടെ മൊത്തത്തിലുള്ള കൂട്ടായ്മ വർദ്ധിപ്പിക്കാനുള്ള പ്രവർത്തനം എന്നിവ സാംസ്ക്കാരിക ക്ലബ്ബുകൾ വഴി നടത്താനും നമ്മുടെ മികച്ച പാരമ്പര്യം സംരക്ഷിക്കാനുമുള്ള ബഹുമുഖ പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്ത് ഏറെറടുക്കണം.

❒ ❒ ❒

# ആരോഗ്യം

ഒരു രാജ്യത്തിന്റെ സമ്പത്ത് എന്നത് ആരോഗ്യമുള്ള ജനതയാണ്. ആരോഗ്യമാണല്ലോ ധനം. ആരോഗ്യരംഗത്ത് അലനല്ലൂരിൽ മഹത്തായ കുതിച്ചുചാട്ടം, മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ ആരംഭിച്ച ആശുപത്രിയോടുകൂടിയും 1962 ൽ ആരംഭിച്ച അലനല്ലൂർ മാതൃ–പ്രൈമറി ഹെൽത്ത് സെന്റർ മുഖേനയും ഉണ്ടായിട്ടുണ്ട് എന്നുള്ളത് അഭിമാനിക്കത്തക്ക നേട്ടമാണ്.

**അലനല്ലൂർ PHC:** അഞ്ച് ഐ.പി.പി. സെന്ററും കോട്ടപ്പള്ളയിൽ ഒരു ആരോഗ്യക്ഷേമ കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. എങ്കിലും പഞ്ചായത്തിന്റെ വസ്തീർണ്ണവും ഭൂപ്രകൃതിയും വർദ്ധിച്ചുവരുന്ന ജനസംഖ്യയും ആരോഗ്യരംഗത്തെ ശോച്യാവസ്ഥയിലേക്ക് നയിക്കുകയാണ്. PHC സ്വന്തമായി കെട്ടിടവും 31 സ്റ്റാഫംഗങ്ങളും ഉണ്ടെങ്കിലും ഒരു PHC യുടെ പദവിയുമായി മുന്നോട്ടു പോകാൻ കഴിയുന്നില്ല. ആവശ്യത്തിന് ഡോക്ടർമാരുടെയും, പാരാമെഡിക്കൽ സ്റ്റാഫംഗങ്ങളുടെയും, ഉപകരണങ്ങളുടെയും കുറവ് ആശുപത്രിയുടെ എന്നുമുള്ള ശാപമായി മാറിയിരിക്കുകയാണ്. അലനല്ലൂർ പഞ്ചായത്തിന്റെ മൊത്തത്തിലുള്ള ആരോഗ്യ ആശ്വാസ കേന്ദ്രമായി PHC അടിയന്തിരമായി മാറേണ്ടതുണ്ട്.

സാദ്ധ്യതകൾ:

1. PHC യിൽ അത്യാവശ്യമായി ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും വേണ്ടത്ര മറ്റ് സാഹചര്യങ്ങളും ഒരുക്കാവുന്നതാണ്.

2. അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി എന്നിവയുടെ സബ്‌സെന്ററുകൾ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും ആരംഭിക്കാവുന്നതാണ്.

3. സഹകരണ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കാവുന്നതാണ്.

4. ചെലവു കുറഞ്ഞ കക്കൂസുകൾക്ക് പ്രചാരം കൊടുക്കുകയും അവ നിർമ്മിക്കാൻ പഞ്ചായത്ത് തലത്തിൽ പരിശീലനം നൽകാവുന്നതാണ്.

5. ശ്മശാനങ്ങൾ അനുവദിക്കുകയും ചുററുമതിലും ഗെയിററും ഉണ്ടാക്കാവുന്നതാണ്.

<u>പ്രശ്നങ്ങൾ</u>

1. ആരോഗ്യ കേന്ദ്രത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്.
2. വീടുതോറും കക്കൂസുകളുടെ അഭാവം.
3. ഡ്രെയിനേജ് സംവിധാനം തീരെയില്ല.
4. കുടുംബക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.
5. ആരോഗ്യകേന്ദ്രങ്ങളിൽ മരുന്നുകളുടെ അഭാവം.
6. പൊതുജനാരോഗ്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധമില്ലായ്മ.
7. ആരോഗ്യ കേന്ദ്രങ്ങളിൽ ജീവനക്കാരുടെ കുറവ്.
8. ആവശ്യത്തിനുള്ള ആരോഗ്യ കേന്ദ്രങ്ങളുടെ കുറവ്.
9. PHC യിൽ വെള്ളം, വെളിച്ചം, പുതിയ കട്ടിലുകൾ, അററകുററപണികൾ നടത്തുക എന്നതിന്റെ കുറവ്.
10. കുഷ്ഠം, മഞ്ഞപ്പിത്തം, കോളറ, ക്ഷയം, വയറിളക്കം എന്നിവയ്ക്കുള്ള ചികിത്സയുടെ കുറവ്.

<u>നിർദ്ദേശങ്ങൾ</u>

1. നിലവിലുള്ള മാതൃ PHC യുടെ അടിസ്ഥാന സൗകര്യങ്ങൾ അടിയന്തിരമായി വർദ്ധിപ്പിക്കുക.

കെട്ടിടത്തിന്റെ അററകുററ പണികൾ നടത്തുകയും ചെയ്യുക.

2. അലനല്ലൂർ PHC യിൽ അടിയന്തിരമായി കുടിവെള്ളം, ആവശ്യത്തിനുള്ള കിടക്കകൾ എന്നിവ സൗകര്യപ്പെടുത്തുക.

3. എല്ലാ വീടുകളിലും കക്കൂസുകൾ നിർമ്മിക്കുന്നതിനുള്ള പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുക.

4. നിലവിലുള്ള ഗവൺമെന്റ് ആയുർവേദ ആശുപത്രി വിപുലീകരിച്ച് രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കുക.

5. ആയുർവേദ ആശുപത്രിക്കാവശ്യമായ മരുന്ന് ലഭ്യമാക്കുക.

6. കാലാവസ്ഥാരോഗങ്ങൾ, പകർച്ചവ്യാധികൾ, സമ്പർക്ക രോഗങ്ങൾ എന്നിവയെപ്പററിയുള്ള അവബോധമുണ്ടാക്കുന്നതിന് ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.

7. ആരോഗ്യരംഗത്തെ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സജീവമാക്കുന്നതിന് നടപടി സ്വീകരിക്കുക.

8. പ്രതിരോധ കുത്തിവെയ്പുകളെപ്പററി ബോധവൽക്കരണം നടത്തുക.

# കുടിവെള്ളം

ജീവരാശിയുടെ ജീവൻ നിലനിർത്തുന്നതിന്നും ആരോഗ്യ സംരക്ഷണത്തിനും അത്യന്താപേക്ഷിതമാണ് ജീവജലം അഥവാ ശുദ്ധമായ കുടിവെള്ളം. ഒരു പ്രദേശത്തിന്റെ വികസനം എന്നത് ആ പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യത്തെ അടിസ്ഥാനമാക്കിയാണ്. എത്ര ആശുപത്രികൾ ഉണ്ടെന്നുള്ളതല്ല എത്ര ശുദ്ധജലം കിട്ടുന്ന ടാപ്പുകളുണ്ടെന്നുള്ളതാണ് അവിടുത്തെ ആരോഗ്യത്തിന്റെ ആണിക്കല്ല്. നമ്മുടെ പഞ്ചായത്തിന്റെ പ്രധാന പ്രശ്നം കുടിവെള്ളമാണ്. പാലക്കാഴി പുഴ പഞ്ചായത്തിലൂടെ ഏകദേശം ഇരുപത് കിലോമീററോളം ഒഴുകുന്നുണ്ടെങ്കിലും പുഴയുടെ പ്രയോജനം ശരിയ്ക്കും ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പാലക്കാഴി പുഴയിൽ കന്നറക്കാംകുണ്ടിൽ കിണറും പമ്പ്ഹൗസും സ്ഥാപിച്ചാൽ പഞ്ചായത്തിലെ വാർഡ് I, II, III, IV എന്നിവിടങ്ങളിലേക്ക് പൈപ്പ്ലൈൻ വഴി വെള്ളം എത്തിക്കാവുന്നതാണ്.

### ഗ്രാമസഭയിൽ വന്ന പ്രശ്നങ്ങൾ

1. ജലശുദ്ധീകരണത്തിന്റെ അഭാവം മൂലം കുടിവെള്ളക്ഷാമം ഉണ്ടാകുന്നു.
2. കുളങ്ങളിൽ നിന്ന് ശുദ്ധജലം എടുക്കാനുള്ള ആധുനിക സംവിധാനം ഇല്ല.
3. പൈപ്പ്ലൈൻ വേണ്ടത്ര ഇല്ല.
4. പൊതുകിണറുകളുടെ ശോച്യാവസ്ഥ.
5. കൂടുതൽ ജലസംഭരണികൾ ഇല്ല.
6. കുഴൽക്കിണർ വേണ്ടവിധത്തിൽ പരിരക്ഷിക്കുന്നില്ല.
7. കുഴൽ കിണർ കുറവാണ്.

### നിർദ്ദേശങ്ങൾ

1. ജലം ശുദ്ധീകരിച്ച് കൂടുതൽ ഭാഗത്തേയ്ക്ക് എത്തിക്കുക.
2. പൈപ്പുലൈനുകൾ നീട്ടി കൂടുതൽ ഭാഗങ്ങളിൽ വെള്ളം എത്തിക്കാൻ നടപടി സ്വീകരിക്കുക.
3. നിലവിലുള്ള പൊതുകിണറുകൾ വൃത്തിയാക്കുക.
4. കൂടുതൽ ജലസംഭരണികൾ നിർമ്മിക്കുക.
5. കൂടുതൽ കുഴൽകിണറുകൾ ശുദ്ധീകരിച്ച് നന്നാക്കി വിതരണത്തിനുള്ള സംവിധാനം ഉണ്ടാക്കുക.

### സാദ്ധ്യതകൾ

നിലവിലുള്ള ടാപ്പുകളുടെ ലൈൻ നീട്ടി അധിക സ്ഥലങ്ങളിൽ ശുദ്ധജലം എത്തിക്കാവുന്നതാണ്. കൂടുതൽ കിണറുകളും കുഴൽകിണറുകളും നിർമ്മിച്ച് കുടിവെള്ളത്തിന് ഒരു പരിധിവരെ പരിഹാരം കാണാവുന്നതാണ്. ചിരട്ടകുളം, ഭീമനാട്, കാര-കുഴൽകിണറുകളുടെ ശേഷി വർദ്ധിപ്പിച്ച് പഞ്ചായത്തിന്റെ മിക്ക വാർഡുകളിലേയ്ക്കും ശുദ്ധജലമെത്തിക്കാവുന്നതാണ്. പാലക്കാഴി പുഴയെ ഒരു നല്ല ജലസ്രോതസ്സായി മാററി പരിപാടികളുമായി മുന്നോട്ടു നീങ്ങിയാൽ അടുത്ത അഞ്ചുവർഷംകൊണ്ട് നമ്മുടെ പഞ്ചായത്തിന്റെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കാം.

★ ★ ★

കുടിവെള്ള പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

പട്ടിക. 1

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| 1. ചളവ | ചളവ അംഗൻവാടി, ഉപ്പുകുളം അംഗൻവാടി, പിലാച്ചോല അംഗൻവാടി, ചളവ GUPS പരിസരം, പൊൻപാറ, ചൂളിക്കുന്ന്, കിളയപ്പാടം, താന്നിക്കുന്ന്, പടിഞ്ഞാറേക്കര ഹരിജൻ കോളനി, മലയിടിഞ്ഞി, ഓടക്കുളം ST കോളനി. | ഉപ്പുകുളം വെള്ളച്ചാട്ടപ്പാറയിൽ തടയണ നിർമ്മിച്ച് പൈപ്പ്ലൈൻ ടാപ്പ് ഇടുക, പൊതുകിണർ, കുഴൽ കിണർ. |
| 2.പടിക്കപ്പാടം | (1) വട്ടമണ്ണപുറം, മുണ്ടക്കുന്ന്, അണ്ടിക്കുണ്ട്, മദ്രസപ്പടി, പാലക്കുന്ന്, കുഞ്ഞുകുളം, കോട്ടപ്പള്ള, ITC പടി, പടക്കപ്പാടം.<br>(2) പടിക്കപ്പാടം ഹരിജൻ കോളനി. | പാലക്കാഴി പുഴയിൽ കണ്ണറക്കാംകുണ്ടിൽ ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കുക. വെള്ളച്ചാട്ടപ്പാറയിൽ തടയണ നിർമ്മിച്ച് പൈപ്പ്ലൈൻ ടാപ്പ് ഇടുക, പൊതുകിണർ, കുഴൽ കിണർ.<br>ചിരട്ടക്കുളം കുഴൽ കിണർ വിപുലീകരിച്ച് പൈപ്പ്ലൈൻ നീട്ടി ടാപ്പിടുക. |
| 3. കൊടിയംകുന്ന് | മുണ്ടക്കുന്ന്, മുട്ടികാഞ്ഞിരക്കുന്ന്, മണ്ഡപംകുന്ന്, കോയക്കുന്ന്, ചുണ്ടോട്ടുകുന്ന്, മൂച്ചിക്കൽ, പൂഞ്ഞോട്ടുകുളം. | പാലക്കാഴി പുഴക്ക് സമീപം കിണർ കുഴിച്ച് ടാങ്ക് കെട്ടി 3.5 കി.മീ. ദൂരം പൈപ്പ്ലൈൻ ഇടുക/ചിരട്ടക്കുളം കുഴൽകിണർ വിപുലീകരിച്ച് പൈപ്പ്ലൈൻ ഇടുക/ ഓരോ പ്രദേശത്തും പൊതുകിണർ കുഴിക്കുക/കുഴൽ കിണറുകൾ. |
| 4. എടത്തനാട്ടുകര | (1)അണയംകോട് കോളനി<br>(2) പുളിക്കൽകുന്ന്, നായരുകാവിൽ, പഞ്ഞൻകുന്ന്, ചുടലകുന്ന്, പട്ടിശ്ശീരി, കോട്ടപ്പള്ള. | നിലവിലുള്ള കുഴൽ കിണർ വിപുലീകരിച്ച് പൈപ്പ്ലൈനും ടാപ്പും ഇടുക.<br>ചിരട്ടക്കുളം കുഴൽ കിണർ വിപുലീകരിച്ച് പൈപ്പ്ലൈൻ നീട്ടി ടാപ്പിടുക/പൊതുകിണറുകൾ/കുഴൽ കിണറുകൾ. |
| 5. നാലുകണ്ടം | യതീംഖാന, റേഷൻകട, പള്ളിപ്പറ, IHDP കോളനി, ചിരട്ടക്കുളം അംഗൻവാടി, നാലുകണ്ടം, ആലടിപ്പുറം ഹരിജൻ കോളനി, കുന്നപ്പള്ളി കോളനി, മുള്ളത്തുപടി, വായിൽകടവ്. | വാർഡിൽതന്നെയുള്ള ചിരട്ടക്കുളം കുഴൽകിണർ വിപുലീകരിച്ച് പൈപ്പ്ലൈൻ നീട്ടി ടാപ്പിടുക/പെതുകിണറുകൾ/കുഴൽ കിണറുകൾ. |
| 6. യതീംഖാന | (1) കൊമ്പക്കല്ല്, തടിയം പറമ്പ്, പാറ, അറബി കോളേജ്, യതീംഖാന.<br>(2) കൂററമ്പാറ കോളനി | ചിരട്ടക്കുളം കുഴൽകിണർ വിപുലീകരിക്കുക/പൂക്കാടഞ്ചേരി ശുദ്ധജലപദ്ധതി വിപുലീകരിക്കുക/പൊതുകിണറുകൾ/ കുഴൽകിണറുകൾ. നിലവിലുള്ള കിണറിന്റെ അററകുററ പണികൾ നടത്തുക |

| | | |
|---|---|---|
| 7. നല്ലൂർപള്ളി | (1) ചന്തക്കുന്ന്, നല്ലൂർ പള്ളി കോളനി<br>(2) മോഴിമുററം, കോട്ടക്കുന്ന്, ആലുങ്ങൽ, നല്ലൂർപള്ളി, നല്ലൂർപള്ളി അംഗൻവാടി. | നിലവിലുള്ള കിണർ വിപുലീകരിക്കുക പൊതുകിണർ/കുഴൽ കിണറുകൾ |
| 8. കുളപ്പറമ്പ് | (1) പുലയക്കുളം, ആര്യാടൻകുന്ന്, നാടിക്കുന്ന്, കൂററമ്പാറ ലക്ഷംവീട് കോളനി (പാറക്കുഴി), കാഞ്ഞിരംപാറ, കാഞ്ഞിരംപാറ അംഗൻവാടി, ആട്ട്കണ്ടം, മുട്ടിപ്പാലം, കായാവുകുന്ന്, നെയ്ക്കോട്, കൊളമ്പറമ്പ് ജംഗ്ഷൻ, കാളമ്പാറ, തിരുവാലപ്പററ, കോരനകത്ത്. | പൊതുകിണറുകൾ/കുഴൽ കിണറുകൾ/ വെള്ളിയാർ പുഴയുടെ കാനംകോട് ഭാഗത്ത് കിണറും പമ്പ്ഹൗസും നിർമ്മിച്ച് പൈപ്പ്ലൈൻ ഇട്ടു ടാപ്പിടുക. |
| 9. പാലക്കാഴി | കാര, പുളിക്കൽ ജവഹർ കോളനി, ഉണ്ണുംപടി, പാലക്കാഴി പൂച്ചപ്പാറ, മുള്ളത്ത് ഹരിജൻ കോളനി, ചുണ്ടാട്ടുകുന്ന്. | കാര കുഴൽ കിണർ വിപുലീകരിക്കുക/പാലക്കാഴി പുഴയോരത്ത് കിണർ നിർമ്മിച്ച് പമ്പ്ഹൗസും പൈപ്പ്ലൈനും ടാപ്പും ഇടുക/പൊതുകിണർ /കുഴൽകിണർ. |
| 10. കണ്ണംകുണ്ട് | കണ്ണംകുണ്ട്, ഉണ്ണുംപടി, റേഷൻകട, മദ്രസപടി, അലനല്ലൂർ ടൗൺ, ഹൈസ്ക്കൂൾ, ചെട്ടിത്തെരുവ്. | കണ്ണംകുണ്ട് ശുദ്ധജലവിതരണ പദ്ധതി വിപുലീകരിക്കുക/ഭീമനാട് ശുദ്ധജല പദ്ധതി അലനല്ലൂരിലേക്ക് നീട്ടുക/ പൊതുകിണറുകൾ/കുഴൽകിണറുകൾ. |
| 11. വഴങ്ങല്ലി | അത്താണിപ്പടി, വയങ്ങല്ലി, പാക്കത്ത് ഹരിജൻ കോളനി, എസ്റ്റേററ് അംഗൻവാടി, പാലക്കാഴി മില്ലുംപടി. | ഭീമനാട് ശുദ്ധജല പദ്ധതി നീട്ടുക/ പെതുകിണർ/കുഴൽകിണർ |
| 12. അലനല്ലൂർ | നെമ്മിനിശ്ശേരി കോളനി, പാക്കത്ത് കുളമ്പ്, പനക്കത്തോടൻ കോളനി, പള്ളിക്കുന്ന്. | ഭീമനാട് പൈപ്പ്ലൈൻ നീട്ടുക/ പൊതുകിണറുകൾ, കുഴൽകിണറുകൾ. |
| 13. കാട്ടുകുളം | പട്ടലൂർ കോളനി, കല്ലായി കുളമ്പ്, പുക്കോടൻ കുഴമ്പ, മുതുകുററി കുളമ്പ്, നന്നങ്ങാടിക്കുന്ന്, കൂമഞ്ചിറ, കാട്ടുകുളം, ചോലക്കുളം, പെട്ടമണ്ണ, കൂമഞ്ചിറ കോളനി, കൊണമല. | ഭീമനാട് ശുദ്ധജല വിതരണ പദ്ധതി വിപുലീകരിക്കുക/പെതുകിണറുകൾ/ കുഴൽ കിണറുകൾ. |
| 14. മാളിക്കുന്ന് | (1) പാറപ്പുറം, പെരിമ്പിടാരി, മാളിക്കുന്ന്, കൊന്നാരം, പാതിരമണ്ണ<br>(2) മുറിയങ്കണ്ണി IHDP കോളനി | ഭീമനാട് പദ്ധതി നീട്ടുക/ പൊതുകിണറുകൾ/കുഴൽ കിണർ നിർമ്മിച്ച് പമ്പ്ഹൗസ് പൈലനും ടാപ്പും ഇടുക.<br><br>നിലവിലുള്ള കുഴൽ കിണർ വിപുലീകരിച്ച് മോട്ടോർ സ്ഥാപിച്ച് പമ്പ് ഹൗസും പൈപ്പ്ലൈനും ടാപ്പുമിടുക. |

# വ്യവസായം

ഏതൊരു രാഷ്ട്രത്തിന്റെയും സാമ്പത്തിക വികസനം വ്യവസായ വികസനത്തിനോടൊപ്പം മാത്രമേ നടക്കൂ എന്നത് വളരെ പ്രധാനമായ ഒരു വസ്തുതയാണ്. 8 പഞ്ചവത്സരപദ്ധതികൾ പിന്നിട്ട് ഒമ്പതാം പദ്ധതിയിലേക്ക് കാൽ വെയ്ക്കാനൊരുങ്ങിയിരിക്കുന്ന ഈ അവസരത്തിൽ ധാരാളം വ്യവസായങ്ങൾ ഇന്ത്യയിൽ സ്ഥാപിതമായിട്ടുണ്ട്. വ്യാവസായികമായി മററുസംസ്ഥാനങ്ങളോടൊപ്പം കേരളത്തിന് പുരോഗതി നേടാൻ കഴിഞ്ഞിട്ടില്ല എന്നത് ഒരു വസ്തുതയാണ്. കേരള സംസ്ഥാനത്തെ പാലക്കാട് ജില്ലയിൽ, മണ്ണാർക്കാട് താലൂക്കിൽ മലയോര പ്രദേശങ്ങളാൽ ചുററപ്പെട്ടുകിടക്കുന്ന അലനല്ലൂർ പഞ്ചായത്ത് വ്യാവസായിക വികസനത്തിൽ ഒരുപക്ഷെ ജില്ലയിൽ ഏററവും പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്തായിരിക്കും. കാർഷിക പ്രസ്ഥാനങ്ങളും സമരങ്ങളും കൊണ്ട് വീരചരിത്രം സൃഷ്ടിച്ച അലനല്ലൂർ പഞ്ചായത്തിൽ പറയത്തക്ക വ്യവസായങ്ങൾ ഒന്നും തന്നെയില്ല എന്നത് വളരെ സങ്കടകരമായ ഒരു വസ്തുതയാണ്. പൊതുമേഖലയിലോ, സഹകരണമേഖലയിലോ പേരിനെങ്കിലും ഒരു വ്യവസായ സ്ഥാപനം ഇവിടെ ഇല്ല. ഉള്ളതുതന്നെ നാശോന്മുഖമായ മുതൽമുടക്കു കുറഞ്ഞ ചെറുകിട സ്വകാര്യമേഖലാ വ്യവസായങ്ങൾ. അലനല്ലൂർ പഞ്ചായത്തിനെ വികസനത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് വ്യവസായിക വികസനം വളരെ അത്യാവശ്യമായ ഒരു ഘടകമാണ്.

അലനല്ലൂർ പഞ്ചായത്തിലെ ഇന്ന് നടക്കുന്ന വ്യവസായങ്ങളുടെ ഒരു ഏകദേശ ചിത്രമാണ് താഴെ കാണുന്ന പട്ടികയിൽ വിവരിച്ചിരിക്കുന്നത്.

<u>വ്യവസായ മേഖലയിലെ സ്ത്രീ പങ്കാളിത്തം.</u>

മററുസ്ഥലങ്ങളിലെ പോലെ അലനല്ലൂർ പഞ്ചായത്തിലും കാണുന്ന ഒരു പ്രശ്നമാണ് വ്യാവസായിക വികസനത്തിൽ സ്ത്രീ പങ്കാളിത്തത്തിന്റെ അഭാവം.

<u>പ്രശ്നങ്ങൾ</u>

1. സ്ത്രീപുരുഷ വേതനത്തിലെ അന്തരം, സാമൂഹ്യമായ പിന്നോക്കാവസ്ഥ മുതലായവ സ്ത്രീകൾ മുഖ്യധാരയിലേക്ക് വരുന്നത് തടയുന്നു.

2. വിദ്യാഭ്യാസം (സാങ്കേതിക വിദ്യാഭ്യാസം) എന്നിവയുടെ അപര്യാപ്തത.

<u>ചെറുകിട വ്യവസായ യൂണിററുകൾ</u>

അലനല്ലൂർ പഞ്ചായത്ത് നാണ്യവിളകൾക്കും മററ് അസംസ്കൃത സാധനങ്ങൾ ഉൽപാദിപ്പിക്കുന്ന കൃഷിരീതിക്കുംപ്രാധാന്യം നൽകുന്ന പഞ്ചായത്തായതിനാൽ ചെറുകിട വ്യവസായങ്ങൾക്ക് അതിപ്രധാനമായ ഒരു പങ്ക് വഹിക്കാനുണ്ട്. നിർഭാഗ്യവശാൽ ഇവിടെയുള്ള വ്യവസായങ്ങൾ മുഴുവൻ ചെറുകിട മേഖലയിലാണുതാനും. അവ വളരെ തുച്ഛമായ മുതൽ മുടക്കോടുകൂടി ഉള്ളവയാണ്.

<u>പ്രശ്നങ്ങൾ</u>

1. മരത്തടിയുടെ ദൗർലഭ്യം മരവ്യവസായത്തേയും, നെൽകൃഷി നികത്തി പകരം നാണ്യവിളകളാക്കുന്നത് നെല്ല്കുത്ത് വ്യവസായത്തേയും, തേങ്ങ ഒഴിച്ചുള്ള എണ്ണക്കുരുക്കൾ പഞ്ചായത്തിൽ കൃഷി ചെയ്യാത്തത് എണ്ണയാട്ടൽ വ്യവസായത്തേയും സാരമായി ബാധിക്കുന്നു.

2. ഊർജ്ജം ലഭിക്കാനുള്ള പ്രയാസവും വോൾട്ടേജ് ക്ഷാമവും.

3. വിപണന ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത.

<u>വ്യവസായ സഹകരണ സംഘങ്ങൾ</u>

വ്യാവസായിക സഹകരണസംഘങ്ങൾ എന്ന പട്ടികയിൽ ചേർക്കാവുന്നതായി പഞ്ചായത്തിൽ ആകെയുള്ളത് ദൈനംദിനം നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ഒരു ക്ഷീരവ്യവസായ സഹകരണ സംഘം മാത്രമാണ്.വിപണന സൗകര്യങ്ങളുടെ കുറവു മൂലം നടത്തിയിരുന്ന പാലുൽപന്നങ്ങളുടെ നിർമ്മാണം നിലച്ച മട്ടാണ്.

**പരമ്പരാഗത കുടിൽ വ്യവസായങ്ങൾ**

പരമ്പരാഗത കുടിൽ വ്യവസായങ്ങളിൽ പണിയെടുക്കുന്ന ധാരാളം പേർ ഉള്ള ഒരു പഞ്ചായത്താണ് നമ്മുടേത്. കഴിഞ്ഞ 10 വർഷമായി ആ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർ മററ് മേഖലകൾ തേടിപോകുന്ന ദു:ഖകരമായ ഒരവസ്ഥയാണുള്ളത്. ഈ മേഖലയിലും സ്ത്രീ പങ്കാളിത്തം വളരെ ശുഷ്ക്കമാണ്.

**പ്രശ്നങ്ങൾ**

1. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം.

2. വിപണന സൗകര്യങ്ങളുടെ അഭാവവും മാർക്കററിൽ വൻകിട കമ്പനികളോട് കിടപിടിക്കാനിവാത്ത ഒരവസ്ഥയും.

3. പുത്തൻ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്താനുള്ള സാമ്പത്തിക ശേഷി ഇല്ലായ്മ.

**വിവിധ മേഖലകളിലെ കൂലിനിരക്ക്**

പഞ്ചായത്തിൽ താരതമ്യേന കൂലിയിൽ വലിയ അന്തരം ഇല്ലെങ്കിലും സ്ത്രീപുരുഷ വേതനത്തിൽ വലിയ അന്തരം ഉണ്ട്.കെട്ടിട നിർമ്മാണമേഖലയിൽ പണിയെടുക്കുന്നവർക്ക് മാത്രമാണ് ഉയർന്ന കൂലി ലഭിക്കുന്നത്.

മൊത്തം പഞ്ചായത്തിലെ സാധ്യതകൾ, അലനല്ലൂർ പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത വസ്തുക്കളെ ഉപയോഗിച്ച് നടപ്പാക്കാവുന്നതും ഗ്രാമസഭയിൽ നിർദ്ദേശിക്കപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയത് താഴെ കൊടുക്കുന്നു.

1. ഖാദിമേഖലയിൽ സഹകരണാടിസ്ഥാനത്തിൽ നൂൽനൂൽപ്പ് പ്ലാന്റിന് സാദ്ധ്യതയുണ്ട്.

**ഗ്രാമസഭകൾ നിർദ്ദേശിക്കപ്പെട്ടതും ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് നടത്താവുന്നതുമായ വ്യവസായങ്ങൾ**

1. ക്രമ്പ് റബർ സംസ്ക്കരണ ഫാക്ടറി.

2. ലാററക്സ് നിർമ്മാണം.

3. പരവതാനി, മാററുകൾ മററ് കയററുമതി ചെയ്യാവുന്ന കറയുൽപന്നങ്ങൾ നിർമ്മിക്കുന്ന കയർ വ്യവസായം.

4. ബാഗ് നിർമ്മാണം

5. സോപ്പ് നിർമ്മാണം.

6. ഭക്ഷ്യവസ്തുക്കൾ (അരി, ഗോതമ്പ്, മല്ലി, മുളക്, മഞ്ഞൾ തുടങ്ങിയവ) പൊടിച്ച് പാക്കററായി വിതരണം ചെയ്യുന്ന വ്യവസായം.

7. കുട്ട, വട്ടി, പരമ്പ് എന്നിവയുടെ നിർമ്മാണം സഹകരണസംഘങ്ങളിലൂടെ

8. തടി സംസ്ക്കരണ യൂണിററ്.

9. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം.

10. ഹോളോ ബ്രിക്സ് (കട്ടിൽ, ജന്നൽ) ഉൾപ്പെടെയുള്ളവയുടെ നിർമ്മാണം.

11. പാൽ ഉൽപന്നങ്ങൾ നിർമ്മിക്കുന്ന പാൽ സംസ്ക്കരണയൂണിററ്.

12. കൊപ്രസംസ്ക്കരണ ശാല

13. അപ്ഹോൾസ്റ്ററി വർക്ക്.

14. വ്യാവസായികാടിസ്ഥാനത്തിൽ എംബ്രോയിഡറി യൂണിററ്.

15. ചെറുകിട എല്ലുപൊടി ഫാക്ടറി.

16. ഇഷ്ടിക ഫാക്ടറി.

17. ഹവായ് ചെരിപ്പ് നിർമ്മാണ ഫാക്ടറി.

18. പട്ടുനൂൽപ്പുഴു വ്യവസായം

19. അച്ചാർ, ജാമുകൾ മുതലായവ നിർമ്മാണം (വനിതകൾക്ക്)

20. അഗർബത്തി നിർമ്മാണ യൂണിററ്.

21. നോട്ട്ബുക്ക് നിർമ്മാണയൂണിററ്.

22. കൈത്തറി വസ്ത്ര നിർമ്മാണ യൂണിററ്.

23. കളിമൺ വ്യസായ യൂണിററ്.

24. ഡ്രൈക്ലീനിംഗ് യൂണിററ്.

25. അച്ചടിശാലയുടെ സ്ഥാപനം.

**<u>ചുരുങ്ങിയ മുതൽ മുടക്കിൽ കമ്പോളം ലഭിക്കാൻ സാധ്യതയുള്ള വ്യവസായങ്ങൾ</u>**

1. ഇരുചക്ര വാഹന വർക്ക് ഷോപ്പ്.
2. ഓട്ടോ ഇലക്ട്രിക്ക് വർക്ക് ഷോപ്പ്.
3. സ്ക്കൂൾ ബാഗ് നിർമ്മാണം.
4. കുട്ടികളുടെ ഷൂ നിർമ്മാണം.
5. എമർജൻസി വിളക്ക് നിർമ്മാണം.
6. സോപ്പ് പൊടി നിർമ്മാണം.
7. പേപ്പർ കവർ നിർമ്മാണം.

ഇത്തരത്തിൽ പല വ്യവസായങ്ങളും ചുരുങ്ങിയ മുതൽമുടക്ക് കൊണ്ട് നിർമ്മിക്കാവുന്നവ പഞ്ചായത്തിൽ സ്ഥാപിക്കാൻ സാധ്യതയുള്ളതാണ്.

**<u>വൻകിട വ്യവസായങ്ങൾ</u>**

പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ സഹകരണമേഖലയിലോ വൻകിട വ്യവസായങ്ങൾ ഇല്ലാത്ത അലനല്ലൂർ പഞ്ചായത്തിൽ ഭൂരിഭാഗവും കൃഷി ചെയ്യുന്ന നാണ്യവിളകളെ കേന്ദ്രീകരിച്ച് വൻകിട വ്യവസായങ്ങൾക്ക് സാദ്ധ്യതയുണ്ട്. അതിലേക്ക് വേണ്ട നിർദ്ദേശങ്ങൾ.

1. ക്രമ്പ് റബർ സംസ്ക്കരണ ഫാക്ടറി വൻകിടാടിസ്ഥാനത്തിൽ.

2. റബർ പാൽ ഉപയോഗിച്ച് റബർ ഉൽപന്ന നിർമ്മാണം.

3. നാളികേര ശേഖരണവും സംസ്ക്കരണവും നടക്കുന്ന നാളികേര കോംപ്ലക്സ്.

**ടൂറിസം വികസനം**

സൈലന്റ് വാലിയുമായി ബന്ധിപ്പിക്കപ്പെട്ടിരിക്കുന്ന അലനല്ലൂർ പഞ്ചായത്തിന്റെ നിബിഡ വനങ്ങളും കുന്നുകളും നിറഞ്ഞ ഒരു പ്രദേശം ആധുനിക ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിൽ ഏററവും വളക്കൂറുള്ള പ്രദേശമാണ്. ആയതിനാൽ ടൂറിസ്റ്റ് വികസനത്തിനായുള്ള ചില നിർദ്ദേശങ്ങൾ:

1. എടത്തനാട്ടുകര ഉപ്പുകുളം മലയിലെ 'വെള്ളച്ചാട്ടപ്പാറ' ടൂറിസ്റ്റ് കേന്ദ്രമാക്കുക.

**വ്യവസായ രംഗത്തെ പ്രശ്നങ്ങൾ**

1. വ്യവസായം സ്ഥാപിക്കാനാവശ്യമായ സ്ഥലത്തിന്റെ അഭാവം.
2. വൈദ്യുത കണക്ഷൻ കിട്ടാനുള്ള താമസവും വോൾട്ടേജ് ക്ഷാമവും.
3. വ്യവസായ ലൈസൻസുകൾ ലഭിക്കാനുള്ള കാലതാമസം.
4. വ്യവസായ സബ്സിഡി ലഭിക്കാതിരിക്കൽ.
5. വിദഗ്ദ്ധരായ തൊഴിലാളികളുടെ അഭാവം.
6. പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികൾക്ക് അർഹമായ കൂലി ലഭ്യതയില്ലായ്മ.
7. അസംസ്കൃത പദാർത്ഥങ്ങളുടെ കാലികമായ അപര്യാപ്തത.
8. വ്യവസായ വായ്പാസൗകര്യങ്ങളുടെ അഭാവം.
9. വ്യവസായ സഹകരണസംഘങ്ങളുടെ അഭാവം.
10. വിപണന സൗകര്യങ്ങൾ വേണ്ടത്ര ഇല്ലായ്മ.
11. ആധുനിക സാങ്കേതികവിദ്യ പ്രയോഗിക്കാൻ വേണ്ട സാമ്പത്തികത്തിന്റെ അഭാവം.
12. വിദഗ്ദ്ധമായ വ്യാവസായിക നിർദ്ദേശങ്ങളുടെ അഭാവം.
13. വ്യവസായ വകുപ്പിന്റെ വിവിധ തട്ടുകൾ തമ്മിലുള്ള ഔദ്യോഗിക ബന്ധങ്ങളുടെ അഭാവം.

**നിർദ്ദേശങ്ങൾ**

1. ചെറുകിട വ്യവസായങ്ങളുടെ സമൂഹം അഥവാ ഇൻഡസ്ട്രിയൽ എസ്റ്റേററ്.

2. വ്യവസായ വികസന സമിതിയുടെ രൂപീകരണം (ജനപ്രതിനിധികൾ, വ്യവസായികൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന്).

3. പരമ്പരാഗത വ്യവസായങ്ങൾ നവീകരിക്കുക.

4. പഞ്ചായത്തിലെ 2 സ്ക്കൂളുകളിലും പാഠ്യപദ്ധതിയിൽ വ്യവസായിക പരിശീലനം ഏർപ്പെടുത്തുക.

5. സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ വഴി സംരംഭങ്ങൾ ആരംഭിക്കുക.

6. സഹകരണമേഖലയിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കുക.

7. പഞ്ചായത്തിലെ ലഭ്യമായ അസംസ്കൃത വസ്തുക്കളുടെ അടിസ്ഥാനത്തിൽ വിശദമായ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുക.

8. പഞ്ചായത്തിലെ ഗൾഫ് കുടിയേററക്കാരെ വ്യവസായത്തിൽ മുതൽമുടക്കാൻ പ്രേരിപ്പിക്കുക.

9. വ്യവസായ സംരംഭകരുടേയും തൊഴിലാളികളുടേയും ഒരു പട്ടിക തയ്യാറാക്കി സ്വയംതൊഴിൽ എക്സ്ചേഞ്ചുകൾ രൂപീകരിക്കുക.

10. പൊതുവിപണന സ്ഥാപനങ്ങൾ ആരംഭിക്കുക.

11. സാമൂഹികമായ പരിവർത്തന നടപടികൾ സംഘടിപ്പിക്കുക.

അലനല്ലൂർ പഞ്ചായത്തിലെ വ്യവസായങ്ങളുടെ ഇന്നത്തെ അവസ്ഥയും, പോരായ്മയും പരിഹാര നിർദ്ദേശങ്ങളും അടങ്ങിയ ഈ റിപ്പോർട്ടിൽ നിർദ്ദേശിക്കപ്പെട്ട കാര്യങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പാക്കിയാൽ ചെറുകിട വ്യവസായ രംഗത്ത് കാര്യമായ പുരോഗതി ഉണ്ടാക്കാവുന്നതും തദ്വാരാ നമ്മുടെ ആവശ്യങ്ങൾ നിവർത്തിക്കുന്നതിനുള്ള നിത്യോപയോഗ സാധനങ്ങൾ നാം നമ്മുടെ നാട്ടിൽ തന്നെ ഉൽപാദിപ്പിക്കുകയും ചെയ്താൽ നമുക്ക് സ്വയം പര്യാപ്തത നേടാനും തൊഴിൽരഹിതരായ അനേകം പേർക്ക് തൊഴിൽ ലഭ്യമാക്കി ജനജീവിതനിലവാരം ഉയർത്തിക്കൊണ്ടുവരുന്നതിനും സാധിക്കും.

❖ ❖ ❖

# ഗതാഗതം

<u>ആമുഖം:</u>

അലനല്ലൂർ പഞ്ചായത്തിൽ ജനങ്ങളുടെ ഏക ആശ്രയം റോഡുമാർഗ്ഗമുള്ള ഗതാഗതം മാത്രമാണ്. പാലക്കാട് ജില്ലയിലെ ഏററവും പടിഞ്ഞാറുഭാഗത്ത് മലപ്പുറം ജില്ലയുമായി തൊട്ടുകിടക്കുന്ന പഞ്ചായത്താണ് അലനല്ലൂർ. ആയതിനാൽ ഗതാഗത സൗകര്യം ഉൾപ്പെടുത്തുന്ന കാര്യത്തിൽ അലനല്ലൂർ പഞ്ചായത്ത് തീർത്തും അവഗണിക്കപ്പെട്ടിരിക്കുകയാണ്. എന്നിരുന്നാലും കേരള ശരാശരിയുമായി ബന്ധപ്പെടുത്തിനോക്കുമ്പോൾ സാമാന്യം ഭേദപ്പെട്ട ഒരു റോഡ് ശൃംഖലയുണ്ട്. ലഭ്യമായ പഞ്ചായത്ത് രേഖകൾ അനുസരിച്ച് ഉദ്ദേശം 60 കിലോമീററർ റോഡാണ് അലനല്ലൂർ ഗ്രാമപഞ്ചായത്തിലുള്ളത്. അതിൽ പത്തുകിലോമീററിൽ താഴെ മാത്രമേ ടാർ ചെയ്തിട്ടുള്ളൂ.

ഈ ഗ്രാമപഞ്ചായത്തിലെ പല വാർഡുകളിലും ഗതാഗത ശൃംഖലയുമായി ബന്ധിപ്പിക്കപ്പെടാതെ കഴിയുന്നവരായിട്ടുണ്ട്. ജീവകാരുണ്യപ്രശ്നമായികണ്ടു അത്തരം മേഖലകളെ എത്രയും വേഗം കൂട്ടിയിണക്കുന്ന ഒരു തീവ്രയജ്ഞ പരിപാടിക്ക് രൂപം നൽകേണ്ടതുണ്ട്.

വാർഷിക അററകുററ പണികൾ നടത്താത്തതിനാലും ആവശ്യമായ ഓടകൾ, ഓവുചാലുകൾ വേണ്ടത്ര ഇല്ലാത്തതിനാലും ഉള്ള റോഡുകൾ തന്നെ ഗതാഗത യോഗ്യമല്ലാത്തതായി തീർന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഈ കാര്യത്തിൽ സത്വര ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. അയതുകൊണ്ട് പൊതുജനപങ്കാളിത്തത്തോടെ, അവികസിത പ്രദേശങ്ങളിൽ നിന്ന് പൊതുഗതാഗത മാർഗ്ഗത്തിലേക്ക് നയിക്കുന്ന ചെറുറോഡുകൾ പഞ്ചായത്തിന്റെ സഹായത്തോടെ സന്നദ്ധ പ്രവർത്തനം നടത്തി പൂർത്തിയാക്കാവുന്നതാണ്.

പുറംലോകവുമായി ഈ പഞ്ചായത്തിനെ ബന്ധിപ്പിക്കുന്ന പ്രധാന റോഡ് കുമരംപുത്തൂർ - ഒലിപ്പുഴ റേഡാണ്.ഇതുമായി ബന്ധിപ്പിക്കുന്ന തരത്തിലുള്ള ഒരു സമഗ്ര റോഡുവികസനമാണ് അഭികാമ്യം.

മേൽപറഞ്ഞ എല്ലാ കാര്യങ്ങളേയും ആസ്പദമാക്കിയാണ് പ്രശ്നങ്ങളെ പരിഹരിക്കേണ്ടത്.

<u>പ്രശ്നങ്ങൾ</u>

<u>ടാറിംഗ് പൂർത്തിയാക്കേണ്ടതും നടത്തേണ്ടതുമായ റോഡുകൾ</u>

| | | | | |
|---|---|---|---|---|
| അലനല്ലൂർ | – | കൊടിയങ്കുന്ന് റോഡ് (എസ്.സി.പി) | | |
| കോട്ടപ്പള്ള | – | മുണ്ടക്കുന്ന് റോഡ് | | |
| അലനല്ലൂർ | – | കൂമഞ്ചിറ | – | പെരിമ്പിടാരി റോഡ് |
| കോട്ടപ്പള്ള | – | പൊൻപാറ റോഡ് | | |
| മുറിയങ്കണ്ണി | – | അലനല്ലൂർ റോഡ് (എസ്.സി.പി) | | |
| പടിക്കപ്പാടം | – | ചളവ (എസ്.സി.പി) | | |
| പാലക്കാഴി | – | വാക്കയിൽ കടവ് റോഡ് | | |
| ആലുങ്ങൽ | – | കൊമ്പങ്കല്ല് റോഡ് | | |
| കാഞ്ഞിരംപാറ | – | തിരുവാലപ്പററ ഹരിജൻ കോളനി (എസ്.സി.പി) | | |
| എസ്റ്റേററ് | – | പടുവിൽപാടം റോഡ് | | |
| പാലക്കുന്ന് | – | അമ്പലക്കുന്ന് റോഡ് | | |
| പാലക്കടവ് | – | തടിയമ്പറമ്പ് | – | കൊമ്പങ്കല്ല് |

| | | | | |
|---|---|---|---|---|
| പെരിമ്പിടാരി | – | ഭീമനാട് | | |
| ഹൈസ്ക്കൂൾ | – | അയ്യപ്പൻകാവ് | | |
| ആസ്പത്രിപ്പടി | – | നെമ്മിനിശ്ശീരി കോളനി (എസ്.സി.പി) | | |
| കൊളപ്പറമ്പ് | – | പാറക്കുഴി | | |
| പിലാച്ചോല | – | കരുവാരട്ട | | |
| യത്തീംഖാന | – | പൂക്കാടഞ്ചേരി | | |
| ചീരട്ടക്കുളം | – | വാക്കയിൽകടവ് | | |
| ആത്താണിപ്പടി | – | പൂക്കളപ്പടി | | |
| ചന്തപ്പടി | – | കൊടലൂർ റോഡ് | | |
| ശങ്കരൻപടി | – | മുണ്ടത്തോട് | | |
| കാട്ടുകുളം | – | മാടമ്പി റോഡ് | | |
| പുളിക്കൽ | – | വയങ്ങല്ലി റോഡ് | | |
| എടപ്പലം | – | കുമഞ്ചിറ റോഡ് | | |
| കാട്ടുകുളം | – | പുത്തൂർ റോഡ് | | |
| കാഞ്ഞിരംപാറ | – | കാനംകോട് റോഡ് | | |
| ഹൈസ്ക്കൂൾപടി | – | ചെട്ടിത്തെരുവ് | | |
| MES ആശുപത്രി | – | പാലക്കുന്ന് | – | മങ്കയം |
| തിരുവാഴാംകുന്ന് | – | പാതിരമണ്ണ റോഡ് | | |
| കാര | – | കടലടിപ്പറമ്പ് റോഡ് | | |
| നാലുകണ്ടം | – | മുണ്ടത്തോട് | – | വട്ടമണ്ണപുറം |
| യത്തീംഖാന | – | ആഞ്ഞിലങ്ങാടി | | |
| വയങ്ങല്ലി | – | പാക്കത്ത് കോളനി | | |

**അററകുററപ്പണികൾ ചെയ്യേണ്ട റോഡുകൾ**

| | | |
|---|---|---|
| പിലാച്ചോല | – | കരുവാട്ട |
| ചൂര്യോട് | – | മണ്ഡപംകുന്ന് |
| ചുണ്ടോട്ടുകുന്ന് | – | ചുണ്ടോട്ടുകുളം |
| ചിരട്ടക്കുളം | – | വട്ടമണ്ണപുറം |
| നാലുകണ്ടം | – | കടുകൂർപടി |
| കൂററമ്പാറ | – | 4 സെന്റ് കോളനി |
| കരുവാരക്കോട് | – | അയിനിത്തോട് |
| പാലക്കടവ് | – | നല്ലൂർപുള്ളി |
| പാലക്കാഴി | – | കുററിക്കാട് |
| കുമഞ്ചിറ | – | പൂക്കോടൻകുളമ്പ് |

ഹൈസ്ക്കൂൾപടി . - ചേലക്കുന്ന്

അത്താണിപ്പടി - പൂളപ്പടി

പാക്കത്ത്കുളമ്പ് - കുമ്മണക്കുന്ന്

പെരിമ്പടാരി - അമ്പലപ്പടി

മററു ഗ്രാമീണ റോഡുകൾക്ക് പ്രാധാന്യം നിശ്ചയിച്ച് ചെയ്യേണ്ടതുണ്ട്.

<u>പുനരുദ്ധാരണ പ്രവൃത്തി നടത്തി ഗതാഗതയോഗ്യമാക്കേണ്ട ഗ്രാമീണ റോഡുകൾ - വാർഡു തിരിച്ച്</u>

<u>ഒന്നാം വാർഡ്</u>

പൊൻപാറ - ഓലപ്പാറ

പിലാച്ചോല - കിളയിൽപ്പാടം

കരുവാരട്ട - പൊൻപാറ

പൊൻപാറ - ചെകിടിക്കുഴി

വട്ടമണ്ണപുറം - ചളവ - പൊൻപാറ

<u>രണ്ടാം വാർഡ്</u>

പടിക്കപ്പാടം - ആലപ്പാടം - പള്ളിപ്പടി

എം.ഇ.എസ്. - പാലക്കുന്ന്

വട്ടമണ്ണപുറം - മങ്കായം

ഐ.ടി.സി. - നീറങ്കുഴിപാടം

പടിക്കപ്പാടം - എൻ.എസ്.എസ് (പാണ്ടിക്കോട്)

മുണ്ടക്കുന്ന് അംഗൻവാടി - നറുക്കിൻപാടം

മുണ്ടക്കുന്ന് - കക്കോനിപ്പാടം

<u>മൂന്നാം വാർഡ്</u>

ചുണ്ടോട്ടുകുന്ന് - പാതിരമണ്ണപ്പടി

NSS എസ്റ്റേററ് - ആലുംകുന്ന്

മുറിയക്കണ്ണിക്കടവ് - വായനശാല

<u>നാലാം വാർഡ്</u>

വട്ടമണ്ണപുറം - അണയങ്കോട്

മുച്ചിക്കൽ - നാനാംപള്ളിയാൽ

വട്ടമണ്ണപുറം - പാറക്കുളം

വട്ടമണ്ണപുറം - നായരുകാവ്

കോട്ടപ്പള്ള - ഹൈസ്ക്കൂൾ റോഡ്

<u>വാർഡ് അഞ്ച്</u>

വില്ലേജ് ഓഫീസ് - എരങ്ങോട്ടുകുന്ന്

നാലുകണ്ടം - ചീർമല

| | | |
|---|---|---|
| നാലുകണ്ടം | - | ആലടിപ്പുറം |

പള്ളിപ്പറ I.H.D.P. കോളനി റോഡ്

**ആറാം വാർഡ്**

| | | |
|---|---|---|
| മാമ്പറ | - | എറളംക്കയം |
| തടിയമ്പറമ്പ് | - | ഈററപ്പുല്ല് |

**ഏഴാം വാർഡ്**

| | | |
|---|---|---|
| പാലക്കടവ് | - | നല്ലൂർപുള്ളി |
| കാനംകോട് | - | താഴത്തെപ്പാറ |
| ചന്തക്കുന്ന് | - | എരഞ്ഞിപ്പാടം |
| കാഞ്ഞിരംപാറ | - | മോഴിമുററം |
| കൊളപ്പറമ്പ് | - | നല്ലൂർപുള്ളി |

**എട്ടാം വാർഡ്**

| | | |
|---|---|---|
| തിരുവാലപററ | - | മൺചിറക്കുർശി |
| ആശ്രമം | - | കുററിപ്പാറ |
| കാളംതോട് | - | വെള്ളേങ്ങാട് |
| കാളംതോട് | - | കാളമ്പാറ |
| പുത്തൂർപടി | - | കായാംകുന്ന് |
| കുററിക്കാട് | - | തീണ്ടാംകുന്ന് |
| കൊളപ്പറമ്പ് | - | അയിനിത്തോട് |

**ഒമ്പതാം വാർഡ്**

| | | |
|---|---|---|
| പാലക്കാഴി | - | കുററിക്കാട് |
| അംഗൻവാടി | - | കുററിക്കാട് |
| മില്ല് | - | ചാവൽതോട് |
| കാര | - | കടലടിപ്പറമ്പ് |
| കാര | - | കുറുവപ്പാടം |
| പാലക്കടവ് | - | ചാവൽതോട് |
| പുളിക്കൽ | - | ചാവൽതോട് |

**പത്താം വാർഡ്**

| | | |
|---|---|---|
| ഹൈസ്ക്കൂൾപടി | - | ചേലക്കുന്ന് റോഡ് |
| കണ്ണങ്കുണ്ട് | - | വെള്ളത്തോണ്ടി |
| കുമഞ്ചിറ | - | ചേലക്കുന്ന് |
| കണ്ണങ്കുണ്ട് | - | വരവത്തുപടി |
| കലങ്ങോട്ടിരി | - | ഗോപാലൻ മാസ്റ്റർ പടി |
| മില്ലിൻ പടി | - | ഹൈസ്ക്കൂൾ |

| | | |
|---|---|---|
| വില്ലേജ് ഓഫീസ് | – | മല്ലശ്ശേരി പടി |

<u>പതിനൊന്നാം വാർഡ്</u>

| | | |
|---|---|---|
| N.S.S. | – | കോണിപ്പടി |
| പാലക്കാഴി | – | മഞ്ഞപ്പാറ |
| പാലക്കാഴി | – | മുച്ചുഴി – ഇളംകുളം റോഡ് |
| അമ്പലക്കുന്ന് | – | പറവഴിപ്പാടം |
| അമ്പലക്കുണ്ട് | – | കുന്നപ്പള്ളി |
| എസ്റ്റേറ്റ് | – | അംഗനവാടി |
| വയങ്ങല്ലി | – | അബ്ദുറഹിമാൻ പടി |
| പട്ടാണിപ്പടി | – | അമ്പലപ്പാടം |
| ചേരിയിൽ കോളനി റോഡ് | | |

<u>പന്ത്രണ്ടാം വാർഡ്</u>

| | | |
|---|---|---|
| പാക്കത്ത് കുളമ്പ് | – | കുമ്മണക്കുന്ന് |
| അയ്യപ്പൻകാവ് | – | പാക്കത്ത്കൊളമ്പ് |
| അത്താണിപ്പടി | – | കൊമ്പാക്കൽ |
| എസ്റ്റേറ്റ് | – | പടുവിൽ റോഡ് |
| പനക്കത്തോടൻ കോളനി റോഡ് | | |

<u>പതിമൂന്നാം വാർഡ്</u>

| | | |
|---|---|---|
| കുമഞ്ചിറ | – | പൂക്കോടൻകുളമ്പ് |
| ഭീമനാട് മില്ല് | – | അരിയക്കുണ്ട് |
| കുമഞ്ചിറ | – | പെട്ടമണ്ണ കോളനി |
| അയ്യപ്പൻ കാവ് | – | പന്തലക്കോടം |
| അയ്യപ്പൻ കാവ് | – | 4 സെന്റ് കോളനി |
| ഹൈസ്ക്കൂൾ പടി | – | കല്ലായികൊളമ്പ് – അയ്യപ്പൻകാവ് |
| കല്ലിക്കള | – | മാടമ്പിപ്പാടം |
| കുമഞ്ചിറ | – | ചേലക്കുർശിപ്പാടം |
| കുമഞ്ചിറ | – | ചേലക്കുന്ന് |

<u>പതിനാലാം വാർഡ്</u>

| | | |
|---|---|---|
| പെരിമ്പടാരി | – | അമ്പലപ്പടി |
| മാളിക്കുന്ന് | – | തോട്ടുവല്ലിപ്പാടം |
| മാളിക്കുന്ന് | – | മലേരിയം |
| ചെറിയ മാളിക്കുന്ന് | – | ഞറളത്ത് അമ്പലം |
| മുറിയക്കണ്ണി | – | നേർച്ചപ്പാടം |
| മുറിയക്കണ്ണി | – | ഞണ്ടുകാണി |

| | | |
|---|---|---|
| മുറിയക്കണ്ണി | – | യക്കംപൊതുവായിൽ |
| കൊന്നാരം | – | അംഗനവാടി |
| ഹെൽത്ത് സെന്റർ | – | കൊന്നാരംപള്ളി |
| മുറിയക്കണ്ണി | – | അംഗനവാടി |

<u>നിർമ്മാണം നടത്തേണ്ട റോഡുകൾ</u>

1. ഐ.ടി.സി. – കുഞ്ഞുകുളം
2. ചുണ്ടോട്ടുകുന്ന് – മുണ്ടക്കുന്ന് – കാമ്പടിയോട് I.H.D.P. കോളനി (2.5 കി.മീ)
3. പള്ളിപ്പുറം കോളനി – ആലടിപ്പുറം കോളനി
4. പൊൻപാറ – ഓലപ്പാറ
5. അത്താണിപ്പടി – കൊമ്പാക്കൽകുന്ന്
6. എസ്റ്റേറ്റ് കോളനിപടി – പടുവിൽ റോഡ്
7. പനക്കത്തോടൻ കോളനി – ലിങ്ക് റോഡ്
8. പെരിമ്പടാരി – ഇട്ടിലാക്കുളം

<u>പാലങ്ങൾ:</u>

1. കാരാപാലം – പടിക്കപ്പാടം – മണ്ണാറക്കുണ്ടിൽ പുളിയന്തോടിന് പാലം
2. കല്ലിപ്പാലം – വട്ടമണ്ണപ്പുറം ചളയത്തോടിന് എരഞ്ഞിക്കുണ്ടിൽ കാഞ്ഞിരംപാറ–കാളമ്പാറ തോട്ടിൽ അയിനിത്തോടിന് നടപ്പാലം
3. മുണ്ടക്കുന്ന് – ബഞ്ചമിൻ തോടിന് നടപ്പാലം
4. അയിനിക്കര തോടിന് (കാഞ്ഞിരംപാറ)
5. പാലക്കടവ് – നല്ലൂർ പള്ളി
6. കാനൻകോട്ടിൽ – കാരാത്തോടിന് തുക്കുപാലം
7. പാറക്കുഴി – കളത്തിൽപാടം തോടിന് നടപ്പാലം
8. ചങ്ങശ്ശേരിയിൽ നിന്ന് പാടത്തേക്കുള്ള തോടിന് നടപ്പാലം. കൊംമല തോടിന് നടപ്പാലം
9. ചാവാലി തോടിന് വളയംകുണ്ടിൽ നടപ്പാലം
10. എടത്തനാട്ടുകര – തിരുവിഴാംകുന്ന് യക്കംപൊതുവയിൽ കോസ്‌വേ വയങ്ങല്ലി പാറേങ്ങലിൽ ഓവുപാലം
11. മലേരിയം തോട്ടിൽ നാലിശ്ശേരിയിൽ നടപ്പാലം – പാങ്ങയിൽ റോഡിന് ഓവുപാലം
12. വാക്കയിൽ കടവിൽ നിലംപതി
13. പാക്കത്ത് പാടം – നെല്ലിക്കുന്ന് നടപ്പാലം
14. പാതിരമണ്ണ കടവിൽ നടപ്പാലം
15. കല്ലിക്കളത്തോട്ടിൽ പട്ടല്ലൂർ പടി നടപ്പാലം

<u>ഓവുപാലങ്ങൾ:</u>

1. മുണ്ടക്കുന്ന് – ചുണ്ടോട്ടുകുന്ന് റോഡിൽ കൈതത്തോടിന് ഓവുപാലങ്ങൾ

2. പാലക്കടവ് ഭാഗത്ത് ഓവുചാല്

3. അലനല്ലൂർ ഹൈസ്ക്കൂൾ കൂമഞ്ചിറ റോഡിൽ ഓവുചാല്

4. അലനല്ലൂർ പഞ്ചായത്ത് ഓഫീസ് ഭാഗത്ത് ഓവുപാലം

5. MES പാലക്കുന്ന് റോഡിൽ ഓവുപാലം

6. വട്ടമണ്ണപുറം – മങ്കയം റോഡിൽ ഓവുപാലം

7. അലനല്ലൂർ മദ്രസ്സക്കു സമീപം മെയിൻ റോഡിൽ ഓവുപാലം

8. കൊളപ്പറമ്പ് – പാറക്കുഴി റോഡിൽ ഓവുപാലം

9. കോട്ടപ്പള്ള – മുണ്ടക്കുന്ന് റോഡിൽ ഓവുപാലങ്ങൾ

10. അലനല്ലൂർ ചന്തപ്പടിക്കൽ ഓവുപാലം

11. അലനല്ലൂർ പുത്തൂർ റോഡിൽ നമസ്ക്കാര പള്ളിക്കു സമീപം ഓവുപാലം

12. മുറിയക്കണ്ണിയിൽ കൊടിയക്കുറുശ്ശിയിൽ ഓവുപാലം

13. നാലുകണ്ടം – മുണ്ടത്തോടിന് ഓവുപാലം

14. എരങ്ങോട്ടുകുന്ന് റോഡിൽ ഓവുപാലം

15. ആലുങ്ങൽ – കൊമ്പങ്കല്ല് റോഡിൽ ആശാരിപ്പടിക്കൽ ഓവുപാലം

മിക്കവാറും എല്ലാ റോഡുകൾക്കും ഡ്രൈനേജ് സൗകര്യം ഇല്ലാത്തതിനാൽ അവ പ്രത്യേകം പ്രത്യേകം പരിശോധിച്ച് ഡ്രൈനേജ് നടപ്പിലാക്കി റോഡ് സംരക്ഷിക്കേണ്ടതാണ്

ബസ് വെയിറ്റിംഗ് ഷെഡിന്റെ അഭാവം ഈ പഞ്ചായത്തിലെ മിക്കവാറും സ്ഥലങ്ങളിൽ അനുഭവപ്പെടുന്നു.

<u>പരിഹാര മാർഗങ്ങൾ:</u>

ഗതാഗത കാര്യത്തിലുള്ള സങ്കീർണ്ണതക്കനുസൃതമായി ശാശ്വത പരിഹാരത്തിന് പഞ്ചായത്ത് തലത്തിൽ ഒരു റോഡു വികസന സമിതി രൂപീകരിക്കേണ്ടിയിരിക്കുന്നു. പൊതുജന പങ്കാളിത്തം കുറ്റമറ്റ രീതിയിൽ ഉറപ്പു വരുത്താനായി അലനല്ലൂർ ഗ്രാമപഞ്ചായത്തിൽ നിലകൊള്ളുന്ന എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും മതസംഘടനകളുടേയും സാംസ്ക്കാരിക സംഘടനകളുടേയും സന്നദ്ധ സംഘടനകളുടേയും പ്രാതിനിധ്യം ഉറപ്പു വരുത്തിയിരിക്കണം. നിലവിലുള്ള റോഡുകൾ സംരക്ഷിക്കുന്നതോടൊപ്പം പുതിയവ ശ്രമദാനം വഴിയോ മറ്റോ നിർമ്മിക്കുന്നതിന് ഈ സമിതി നേതൃത്വം നൽകി പരിഹാരം കാണേണ്ടതാണ്. പഞ്ചായത്തിലെ നിലവിലുള്ള ഗതാഗത പ്രശ്നങ്ങളും പരിഹാരാർത്ഥം മോട്ടോർ തൊഴിലാളി യൂണിയനുകളും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് അധികൃതരുമായും ചർച്ച ചെയ്ത് ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൽ നിന്നും PWD ഏറ്റെടുത്തിട്ടുള്ള റോഡുകളുടെ സംരക്ഷണവും വികസനവും തുടർന്നുള്ള കൈമാറ്റം ചെയ്യപ്പെടേണ്ടതുള്ള റോഡുകളുടെ നിർമ്മാണവും മറ്റും ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റ് മുഖേന ആവശ്യമായ സമ്മർദ്ദം ചെലുത്തി പഞ്ചായത്ത് തലത്തിൽത്തന്നെ പരിഹാരം കാണേണ്ടതാണ്.

പഞ്ചായത്തിന്റെ തനതായ ജോലികൾ മുൻഗണനാ ക്രമത്തിൽ പഞ്ചായത്ത് നേരിട്ട് ടാർ ചെയ്തും അററകുററപ്പണികൾ പൂർത്തിയാക്കിയും ഗതാഗതയോഗ്യമാക്കേണ്ടതാണ്.

## ഗ്രാമീണ റോഡുകൾ സംബന്ധിച്ച വിവരങ്ങൾ (1995-96)

| വാർഡ് | റോഡ് | നീളം | PWD | ആകെ |
|---|---|---|---|---|
| I | പുളിയംതോട് - ചളവ | 1.50 KM | 3 കി.മീ. | 59.473 കി.മീ. |
| | പുളിയംതോട് - പൊൻപാറ | 1.200 KM | | |
| | പിലാച്ചോല - കിളയിൽപാടം | 1.00 KM | | |
| | പൊൻപാറ - കരുവരട്ട | 2.500 | | |
| | പൊമ്പാറ - ഓടക്കുളം | 1.500 | | 7.700 |
| | | 7.700 KM | | |
| II | കോട്ടപ്പള്ള - പുളിയംതോട് | 1.700 | | |
| | വട്ടമണ്ണപുറം - അണ്ടിക്കുണ്ട് | 1.400 | | |
| | അണ്ടിക്കുണ്ട് - കുഞ്ഞുകുളം | 1.000 | | |
| | എ.എം.ഇ.എസ്. - പാലക്കുന്ന് | 1.000 | | |
| | പടിക്കപ്പാടം - ആലപ്പാടം | 0.7000 | | |
| | പടിക്കപ്പാടം - മണ്ണാർകുണ്ട് | 1.000 | | |
| | പുളിയംതോട് - എൻ.എസ്.എസ്. | 1.000 | | 10.800 |
| | കോട്ടപ്പള്ള - കണ്ണറക്കുണ്ട് | 3.000 | | |
| III | കൊടിയംകുന്ന് - കണ്ണംകുണ്ട് | 1.500 | | |
| | വില്ലേജ് - കോയക്കുന്ന് | 2.200 | | |
| | ചുണ്ടോട്ടുകുന്ന് - പാതിരമണ്ണ. | | | |

ഗ്രാമീണ റോഡുകൾ സംബന്ധിച്ച വിവരങ്ങൾ (1985-86)

| വാർഡ് | റോഡ് | നീളം | PWD | ആകെ | Remarks |
|---|---|---|---|---|---|
| | അലനല്ലൂർ - വഴങ്ങല്ലി | | 3 കി.മീ. | 59.473 KM | |
| 1 | അലനല്ലൂർ - കണ്ണൻകുണ്ട് റോഡ് | 1.609 KM | | | 1.00 കി.മീ. ടാർ |
| 2 | ആലുങ്ങൽ - കൊമ്പൻകല്ല് | 1.875 " | | | 1.00 കി.മീ. ടാർ |
| 3 | അരീക്കക്കുന്ന് - കുളപ്പറമ്പ | 0.195 " | | | മൺ |
| 4 | കല്ലപുംപറമ്പ് - പാറക്കുഴി | 0.292 " | | | " |
| 5 | കുററമ്പാറ - കൊട്ടുവത്തുപടി | 0.346 " | | | " |
| 6 | പാറക്കുഴി - പാറോക്കോട്ടുപടി | 0.249 " | | | " |
| 7 | കാഞ്ഞിരംപാറ - കന്നറക്കുണ്ട് | 0.914 " | | | " |
| 8 | പാലക്കുന്ന് - അമ്പലപ്പറമ്പ് | 1.372 " | | | " |
| 9 | നല്ലൂർ പള്ളി - കക്കുണ്ട് | 0.750 " | | | " |
| 10 | പുളിക്കൽ പറമ്പ് - അമ്പലപ്പടി | 0.745 " | | | " |
| 11 | തെനതക്കോട് - കല്ലേപറമ്പ് | 1.000 " | | | " |
| 12 | കൊടുവള്ളിപ്പടി - അമ്പലക്കുന്ന് | 0.750 " | | | " |
| 13 | കുളപ്പറമ്പ് - പാടത്തെ പീടിക | 0.805 " | | | " |
| 14 | പാലക്കാഴി - വാക്കയിൽ കടവ് | 1.500 " | | | 1.000 മെററൽ |
| 15 | അലനല്ലൂർ കൊടിയകുന്ന് | 2.942 " | | | 1.000 ടാർ |
| 16 | കോട്ടപ്പള്ള - പുളിയംതോട് | 1.745 " | | | " |
| 17 | വട്ടമണ്ണപുറം - ചളവ റോഡ് | 1.449 " | | | 1.00 മെററൽ |
| 18 | എടത്തനാട്ടുകര - പോസ്റ്റോഫീസ് | 1.000 " | | | മൺ |
| 19 | നാലുകണ്ടം - മുണ്ടത്തോട് | 1.137 " | | | " |
| 20 | മുണ്ടത്തോട് - വട്ടമണ്ണപുറം | 0.687 " | | | " |
| 21 | എടത്തനാട്ടുകര ഓർഫനേജ് - കുററമ്പാറ | 0.598 " | | | " |
| 22 | ഓർഫനേജ് - പുക്കംചേരി | 1.587 " | | | |
| 23 | പാലക്കടവ് - കൊമ്പൻകല്ല് | 2.400 " | | | " |
| 24 | ചുണ്ടോട്ടുകുന്ന് - പാതിരമണ്ണ | 1.000 " | | | " |
| 25 | കോട്ടപ്പള്ള - ഹൈസ്ക്കൂൾ | 0.201 " | | | " |
| 26 | യക്കംപൊതുവായ് - തിരുവാഴാംകുന്ന് | 0.840 " | | | " |
| 27 | അലനല്ലൂർ - കുമഞ്ചിറ റോഡ് | 1.554 " | | | " |
| 28 | കുമഞ്ചിറ - വട്ടമണ്ണപാടം റോഡ് | 1.266 " | | | " |
| 29 | മാളിക്കുന്ന് - വട്ടമണ്ണപാടം | 2.500 " | | | " |
| 30 | GLPS കർക്കിടാംകുന്ന് - വെട്ടമണ്ണപാടം | 0.750 " | | | " |
| 31 | കൊന്നാരപറമ്പ് - പാതിരമണ്ണ | 1.000 | | | " |

| | | | | | |
|---|---|---|---|---|---|
| 32 | അലനല്ലൂർ - അരക്കുപറമ്പ് റോഡ് (പുത്തൂർ) | 2.500 | | | ടാർ |
| 33 | മാളിക്കുന്ന് - മലേറിയം തോട് | 0.300 | | | മൺ |
| 34 | അയ്യപ്പൻകാവ് - ഹൈസ്ക്കൂൾ | 0.402 | | | ” |
| 35 | ഹൈസ്ക്കൂൾ - ചെട്ടിത്തെരുവ് | 0.201 | | | ” |
| 36 | അലനല്ലൂർ - അരക്കുപറമ്പ് (ഹോസ്പിററൽ) | 1.000 | | | ” |
| 37 | കൂമഞ്ചിറ - ചേലക്കുന്ന് റോഡ് | 1.500 | | | ” |
| 38 | ഭീമനാട് - തിരുവിഴാംകുന്ന് റോഡ് | 0.885 | | | ” |
| 39 | പെരുമ്പിടാരി - കുമഞ്ചിറ റോഡ് | 1.000 | | | മെററൽ |
| 40 | കോട്ടപ്പള്ള - കണറക്കുണ്ട് റോഡ് | 3.000 | | | മൺ |
| 41 | കല്ലംപറമ്പ് - പാറോക്കോട്ടു പടി റോഡ് | 0.542 | | | ” |
| 42 | മുണ്ടക്കുന്ന് - കാപ്പുപറമ്പ് റോഡ് | 3.000 | | | ” |
| 43 | പുളിയംതോട് - പിലാച്ചോല | 1.200 | | | ” |
| 44 | നെമ്മിനിശ്ശേരി ഹരിജൻ കോളനി റോഡ് | 0.420 | | | ” |
| 45 | എടത്തനാട്ടുകര യതീംഖാന - ലക്ഷംവീട് കോളനി റോഡ് | 0.420 | | | ” |
| 46 | മുറിയങ്കണ്ണി ഹരിജൻ കോളനി റോഡ് | 0.480 | | | ” ” |
| 47 | നെതക്കോട് ഹരിജൻ കോളനി റോഡ് | 0.085 | | | ” |
| 48 | പെട്ടമണ്ണ ഹരിജൻ കോളനി റോഡ് | 1.050 | | | ” |
| 49 | മുണ്ടോട്ടുകുന്ന് - പാതിരമണ്ണ ഹരിജൻ കോളനി റോഡ് | 0.535 | | | ” |
| 50 | കൂമഞ്ചിറ-ചേലക്കുറിപ്പാടം റോഡ് | 0.305 | | | ” |
| 51 | കാഞ്ഞിരംപാറ - നെട്ടുകണ്ണിപാടം | 0.730 | | | ” |
| 52 | കല്ലാക്കളംമാടമ്പിപ്പാടം | 0.800 | | | ” |
| 53 | നാലുകണ്ടം - ഇടിഞ്ഞാർകുണ്ട് റോഡ് | 0.600 | | | ” |
| 54 | പാലക്കടവ് - ഇറളംകയം | 0.505 | | | ” |
| 55 | ചിരട്ടക്കുളം - വാക്കയിൽ കടവ് | 0.530 | | | ” |
| 56 | മാളിക്കുന്ന് - തൊട്ടേലിപ്പാടം റോഡ് | 0.405 | | | ” |
| | | 60.473 | | 60.473 | |

ഇക്കഴിഞ്ഞ കേരള സർക്കാർ അസംബ്ലിയിൽ അവതരിപ്പിച്ച ബജററ് പ്രസംഗത്തിൽ നിർദ്ദേശിച്ച കേരളത്തിലെ മൂന്നാമത്തെ നേഷണൽ ഹൈവേ പാറശ്ശാല - മൈസൂർ റോഡ് അലനല്ലൂർ വഴി എടത്തനാട്ടുകര - പൊൻപാറ വഴി കരുവാരകുണ്ട് - നിലമ്പൂർ - ഊട്ടി വഴി മൈസൂരിലേക്ക് അനുവദിച്ച് ദൂരം കുറച്ച് ഈ പഞ്ചായത്തിന്റെ സമഗ്രമായ വികസനം ഉറപ്പു വരുത്തുവാൻ സമീപ ഗ്രാമ പഞ്ചായത്തുകൾ ഉൾപ്പെടെ ഉന്നതങ്ങളിൽ സമ്മർദ്ദം ചെലുത്തി നേടി എടുക്കാൻ ആവശ്യമായ നടപടി എത്രയും വേഗത്തിൽ നാം തുടങ്ങേണ്ടതാണ്.

ചുരം ഇടിഞ്ഞ് നിത്യ അപകടകാരിയായ, നിലവിലുള്ള ആനക്കട്ടി - മണ്ണാർക്കാട് റോഡിനു പകരമായി മുക്കാലി - മെഴുകുംപാറ വഴി പുഞ്ചക്കോടു വഴി മണ്ണാർക്കാടുമായി ബന്ധിപ്പിച്ചാൽ റോഡിന്റെ ദൈർഘ്യവും അപകടവും കുറഞ്ഞ് ആനക്കട്ടി തടാകം വഴി ദക്ഷിണേന്ത്യയിലെ ഒരു സുപ്രധാന നഗരമായ കോയമ്പത്തൂരുമായി അലനല്ലൂർ നിവാസികൾക്ക് ബന്ധപ്പെടാവുന്നതാണ്. കൂടാതെ ഇന്ന് തമിഴ്നാട്ടിൽ നിന്നും കേരളത്തിലേക്ക് വരുന്ന മുഴുവൻ സെം ഉൽപ്പന്നങ്ങളും നമ്മുടെ ബ്ലോക്ക് മുഖേന അട്ടപ്പാടിയിൽ സുലഭമായ ചുണ്ണാമ്പു കല്ല് ഉപയോഗിച്ച് വ്യവസായ ശൃംഖല സ്ഥാപിച്ചാൽ ഇക്കാര്യത്തിലെങ്കിലും സംസ്ഥാനത്തിന് സ്വയം പര്യാപ്തത കൈവരിക്കാനാവും. മാത്രമല്ല ഈ പഞ്ചായത്തിലെ തൊഴിലില്ലായ്മ പ്രശ്നങ്ങൾ പോലുള്ള പല കാര്യങ്ങൾക്കും മേൽ നിർദ്ദിഷ്ട റോഡ് ഗുണകരമാവും.

മഹാഭാരതം പുരാണങ്ങളിലെ പരാമർശിക്കപ്പെട്ട പുണ്യസ്ഥലങ്ങളായ ധർമ്മർ കോവിൽ, പാത്രക്കടവ്, കുന്തിപ്പുഴ, ഭീമനാട്, പൊരുതുമല, അരക്കുപറമ്പ് തുടങ്ങിയ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന ഈ മേഖലയുമായി മുകളിൽ നിർദ്ദേശിക്കപ്പെട്ട രണ്ടു റോഡുകളും യാഥാർത്ഥ്യമായാൽ ദക്ഷിണേന്ത്യയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഉൾപ്പെടെ പുണ്യ സ്ഥലങ്ങളും ഉൾക്കൊള്ളുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങളായി നമ്മുടെ പ്രദേശം മാറുന്നതോടു കൂടി നമ്മുടെ പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസനം ഉറപ്പു വരുത്താവുന്നതാണ്.

<u>ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ആംബുലൻസ് പഞ്ചായത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.</u>

സാദ്ധ്യമായ സ്ഥലങ്ങളിൽ വിശ്രമിക്കനാവശ്യമായ ചെറിയ ചെറിയ പാർക്കുകൾ പുറമ്പോക്കുകളിൽ പൊതുജന ആവശ്യാർത്ഥം സജ്ജമാക്കേണ്ടതാണ്.

അലനല്ലൂർ പഞ്ചായത്തിൽ നിന്നും വിദഗ്ദ ചികിത്സക്കായി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. ആയതുകൊണ്ട് തിരുവിഴാംകുന്നി നിന്നും കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് രാവിലെ പുറപ്പെടുന്ന ഒരു ബസ്സ്, എടത്തനാട്ടുകര - ഉപ്പുകുളം വഴി ഒരു ബസ്സ് ഉച്ചയോടെ പുറപ്പെടുകയും, യഥാക്രമം ഉച്ചക്കും വൈകുന്നേരവും തിരിക്കുന്നതുമായ സൗകര്യത്തോടു കൂടിയുള്ള രണ്ട് KSRTC ബസ് റൂട്ടുകൾ എത്രയും വേഗം അനുവദിച്ച് നടപ്പിൽ വരുത്തേണ്ടതാണ്. കൂടാതെ വൈകുന്നേരത്തോടെ അലനല്ലൂരിൽ നിന്നും ഗുരുവായൂരിലേക്ക് യാത്ര തിരിച്ച് രാവിലെ തിരിച്ച് വരുന്ന രീതിയിൽ ഒരു KSRTC ബസ് കൂടി ഉണ്ടായിരിക്കേണ്ടതാണ്.

നിലവിലുള്ളള്ള പ്രൈവററ് ബസ്സുകളുടെ റൂട്ട് ഗ്രാമ പഞ്ചായത്തിന്റെ വാർഡുകളുടെ ഉള്ളിൽനിന്ന് പുറത്തേക്കും തിരിച്ചും വരുന്ന രീതിയിൽ പുനഃക്രമീകരിച്ച് സർവ്വീസ്സുകൾ റദ്ദ് ചെയ്യാത്ത രീതിയിൽ നിശ്ചയിച്ച റൂട്ടിലും സമയത്തും ഓടുന്നു എന്ന് ഉറപ്പു വരുത്തിയിരിക്കേണ്ടതാണ്.

❑ ❑ ❑

# കൃഷിയും, ജലസേചനവും

<u>ചരിത്രം</u>

കാർഷിക മേഖലയായിരുന്ന അലനല്ലൂരിൽ ഈ നൂറ്റാണ്ടിന്റെ ആരംഭത്തോടെത്തന്നെ ഒട്ടു മിക്ക പ്രദേശങ്ങളിലും കൃഷി വ്യാപിച്ചിരുന്നു. തരിശു ഭൂമി താരതമ്യേന കുറവായിരുന്നു. നെൽകൃഷി തന്നെയായിരുന്നു പ്രധാന കൃഷി. വിളക്രമങ്ങളിൽ വന്ന മാറ്റവും ഉത്പാദനക്ഷമതയിൽ വന്ന മാറ്റവും നെൽകൃഷിയുടെ വിസ്തീർണ്ണം അടുത്ത കാലത്തായി കുറക്കാൻ സഹായിച്ചിട്ടുണ്ട്. കൃഷിയുടെ വ്യാപനം പഞ്ചായത്തിൽ ശരിയായ ദിശയിലല്ലെന്ന് പറയേണ്ടിയിരിക്കുന്നു.

കൃഷിസ്ഥലത്തിന്റെ വിസ്തീർണ്ണം, നെല്ലിന്റേയും വൈക്കോലിന്റേയും അളവ് ഇവയെല്ലാം പഴയ കുടുംബങ്ങളുടെ അഭിമാനം ഉയർത്തിപ്പിടിച്ചിരുന്നു.

1940 കളിൽ എടത്തനാട്ടുകരയിൽ NSS എസ്റ്റേറ്റ് ആരംഭിക്കുന്നത് മുതലാണ് റബ്ബർ കൃഷിയുടെ വരവ്. അതുവരെ പഞ്ചായത്തിൽ റബർകൃഷി തീരെ ഇല്ലായിരുന്നുവെന്നു പറയാം. എന്നാൽ ഇന്ന് ഏററവും കൂടുതൽ ആളുകൾ കൃഷിചെയ്യുന്നത് റബർ തന്നെ. തെങ്ങുകൃഷി വ്യാപകമാകുന്നത് 1960 കളിൽ മാത്രമാണ്.

പട്ടലൂർ മന, മങ്കട കോവിലകം, കടുകൂർ പഴേടത്ത് മന, വരവത്ത് തുടങ്ങിയ ജന്മികുടുംബങ്ങളായിരുന്നു കാർഷിക ഭൂമി കൈവശം വെച്ചിരുന്നത്. ജന്മിമാർ നേരിട്ടല്ല കുടിയാൻമാരെ നിയന്ത്രിച്ചിരുന്നത്.ഓരോ ജന്മിമാരുടെ കീഴിലും പ്രവർത്തിക്കാൻ "കാര്യസ്ഥൻമാർ" ഉണ്ടായിരുന്നു. നെൽകൃഷി ലാഭകരമല്ലാതിരുന്നിട്ടുപോലും നെൽകൃഷി തന്നെ ചെയ്യാൻ ആളുകളെ പ്രോത്സാഹിപ്പിച്ചിരുന്നത് ജന്മിക്ക് പാട്ടം നൽകണമെന്ന വ്യവസ്ഥയായിരുന്നു. 1930 കളിൽ കാൽ അണ, അരയണ എന്നിങ്ങനെ പാട്ടം നിലവിലുണ്ടായിരുന്നു. പ്രധാനമായും നെല്ലുതന്നെയാണ് പാട്ടമായി നൽകി വന്നത്. തെങ്ങ്പോലുള്ള ദീർഘകാല വിളകളുടെ കൃഷി കുടിയാന്മാർക്ക് അനുവദിച്ചിരുന്നില്ല. തൊഴിലാളികളുടെ ജോലി സമയം രാവിലെ 6 മണി മുതൽ വൈകീട്ട് 6 മണി വരെ ആയിരുന്നു. ഒരു ദിവസത്തെ കൂലിയായി ആണിന് 3 നാരായം നെല്ലും, പെണ്ണിന് 2 നാരായം നെല്ലും ആണ് നൽകിയിരുന്നത്. പാട്ടം 60% കന്നിയിലും 40% തുലാമാസത്തിലും അളന്നിരുന്നു. കൊടുക്കുന്നത് ചെലവുപറക്കും വാങ്ങുന്നത് പാട്ടപ്പറക്കും ആയിരുന്നു. പാട്ടപ്പറക്ക് മുദ്രപ്പറ എന്നും പേരുണ്ടായിരുന്നു. മങ്കട കോവിലകമായിരുന്നു ഏററവും കൂടുതൽ പാട്ടം പിരിച്ചിരുന്നത്. 22000 പറ നെല്ല് പാട്ട വസ്തുവായി അവർക്ക് ലഭിച്ചിരുന്നു. 6000 പറ നെല്ല് ഉൾക്കൊള്ളുന്ന "പത്തായം" അവർക്കുണ്ടായിരുന്നു. കൃഷിസ്ഥലങ്ങളിൽ നിന്ന് നെല്ല് തലച്ചുമടായാണ് കൃഷിക്കാർ 'കള'ങ്ങളിലേക്ക് കൊണ്ടുവന്നിരുന്നത്.

1971 ലെ ഭൂപരിഷ്ക്കരണ നിയമം വന്നതോടെയാണ് കൃഷിഭൂമികളിൽ നെല്ലിനു പകരമായി തെങ്ങും മററും വിളവിറക്കാൻ തുടങ്ങിയത്. തേങ്ങക്ക് താരതമ്യേന മെച്ചപ്പെട്ട വില ലഭിച്ചിരുന്നു. വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിച്ചതോടെ കൃഷിക്കാരുടെ പിൻമുറക്കാർ കാർഷികവൃത്തി വിട്ട് മററു തൊഴിൽ മേഖലകളിലേക്ക് മാറാൻ കാണിച്ച വെമ്പലാണ് നെൽകൃഷി കുറഞ്ഞതിന് പ്രധാന കാരണം. പാടം നിരത്തുന്നത് പ്രധാന പ്രശ്നമായിട്ടുള്ളത് താഴ്വാരങ്ങളിലും സമതലപ്രദേശങ്ങളിലുമാണ്.പൊൻപാറ, മുച്ചിക്കൽ, കണ്ണംപാടം തുടങ്ങിയ ഭാഗങ്ങളിലെല്ലാം ഇതിന്റെ പ്രത്യക്ഷമായ ഉദാഹരണങ്ങളുണ്ട്. ഇതിനെതിരെ സാമൂഹ്യ നിയന്ത്രണമേർപ്പെടുത്തിയില്ലെങ്കിൽ പഴയ മഹിമ നമുക്കുതന്നെ വിനയായി മാറുമെന്നതിന് സംശയമില്ല.

നെല്ല്, പയർ, പച്ചക്കറി, ഇഞ്ചി എന്നതായിരുന്നു പഴയ വിളക്രമം. പാടങ്ങൾ കുറഞ്ഞതോടെ ഈ വിളക്രമത്തിന് മാററം വന്നു. പച്ചക്കറിക്കും ഇഞ്ചിക്കും പകരം വാഴയാണ് ഇപ്പോൾ പ്രധാനകൃഷി. പലഭാഗങ്ങളിലും വാഴയ്ക്ക് ഇടവിളകളായി ചേമ്പ്, ചേന എന്നിവയും ഉണ്ട്.കൃഷിഭൂമിയുടെ കാര്യത്തിലും വിളക്രമത്തിലും വന്ന ഈ മാററം പട്ടിക 1 ൽ ദൃശ്യമാണ്. കൃഷിഭൂമിയുടെ കുറവ് മാത്രമല്ല, പഞ്ചായത്തിലെ

ജനസംഖ്യയുടെ വളരെ ചെറിയ ശതമാനം മാത്രമേ കാർഷികവൃത്തിയിൽ ഏർപ്പെടുന്നുള്ളൂ. വൻകിട കൃഷിക്കാരുടെ എണ്ണം വളരെ കുറവാണ്. (പട്ടിക 2). ജനസംഖ്യാ വർദ്ധനവ് ഭൂമിയിൽ ചെലുത്തിയ സ്വാധീനം വിളക്രമത്തേയും കൃഷിഭൂമിയുടെ വിസ്തീർണ്ണത്തേയും ബാധിച്ചിട്ടുണ്ട്. പാടങ്ങൾ നികത്തി എടുക്കുന്ന സമ്പ്രദായം വ്യാപകമായിട്ടില്ലെങ്കിലും അത് ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.

പുതിയ വിത്തിനങ്ങൾ പരിശോധിച്ചു നോക്കുന്നതിൽ കർഷകർക്ക് വൈമുഖ്യമില്ല. വിദഗ്ദ്ധ ഉപദേശം ഇല്ലാത്തതാണ് പ്രശ്നം. പഞ്ചായത്തിൽ നെല്ല് ഇനത്തിൽപൊൻമണി, തെങ്ങ് ഇനത്തിൽ W.C.T. റബർ ഇനത്തിൽ RRI I-105 എന്നിവയാണ് കുടുതലായി ഉപയോഗിച്ചുവരുന്നത്. (പട്ടിക III).

നെല്ലിന്റെയും തെങ്ങിന്റെയും ഉൽപാദന ക്ഷമത താരതമ്യേന കുറവാണ്. ഭൂരിഭാഗം കർഷകരുടേയും കാർഷിക വരുമാനം വളരെ തുച്ഛമാണ്.ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി കൃഷിഭവന്റെ നേതൃത്വത്തിൽ 18 പാടശേഖരസമിതികളുണ്ട്. കേരവികസന സമിതി, കുരുമുളകു വികസന സമിതി എന്നിവയും രൂപീകരിച്ചിട്ടുണ്ട്.

കർഷകർക്ക് രാസവളം വിതരണം ചെയ്യുന്ന 15 കേന്ദ്രങ്ങൾ അലനല്ലൂർ പഞ്ചായത്തിലുണ്ട്.കീടനാശിനി ലഭിക്കുന്ന 5 കേന്ദ്രങ്ങളും.

നെൽകൃഷി പഞ്ചായത്തിൽ മുഴുവനും ഒരേ തോതിലും തെങ്ങ്കൃഷി താഴ്വാരങ്ങളിൽ കൂടുതലും റബർ ഉയർന്ന പ്രദേശങ്ങളിൽ കുടുതലുമാണ്.കമുക്, വാഴ തുടങ്ങിയവ സമതലപ്രദേശത്തും താഴ്വാരത്തിലുമാണ് ഏറെ കാണുന്നത്.

ഉയർന്നതും, ചരിവുള്ളതുമായ പ്രദേശങ്ങളിൽ കുരുമുളക് കൃഷിക്ക് സാദ്ധ്യതയുള്ളതായി കർഷകർ അഭിപ്രായപ്പെടുന്നു. നെൽകൃഷിയുടെ വ്യാപനത്തെപ്പറ്റി കർഷകർ ആശങ്കാകുലരാണ്. റബർ കൃഷി പുതിയതായി തുടങ്ങുന്നത് സാവധാനമായിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഉൽപാദനക്ഷമതയിലുള്ള കുറവ്, കർഷക തൊഴിലാളികളുടെ ദൗർലഭ്യം, വിദഗ്ദ്ധ തൊഴിലാളികളുടെയും സാങ്കേതിക രീതികളുടെയും അപര്യാപ്തത എന്നിങ്ങനെയുള്ള കാരണങ്ങളാണ് പഞ്ചായത്തിൽ കാർഷികരംഗത്തെ മുരടിപ്പിന് ചൂണ്ടികാണിക്കാൻ കഴിയുക. ഇപ്പോൾ കർഷകതൊഴിലാളികൾക്ക് 50 രൂപ (സ്ത്രീകൾ), 70-80 രൂപ (പുരുഷൻ) എന്നിങ്ങനെയാണ് കൂലി നിരക്ക്.

വിള, വിസ്തീർണ്ണം പട്ടിക I
അവലംബം: കൃഷിഭവൻ

| വിള | വിസ്തീർണ്ണം |
|---|---|
| നെല്ല് (ഒന്നാംവിള) | 500 ഹെക്ടർ |
| നെല്ല് (രണ്ടാംവിള) | 600 " |
| പയർ | 10 " |
| എള്ള് | 5 " |
| പച്ചക്കറി | 34 " |
| തെങ്ങ് | 748 " |
| വാഴ | 490 " |
| മരച്ചീനി | 50 " |
| കുരുമുളക് | 80 " |
| കശുമാവ് | 750 " |
| റബ്ബർ | 800 " |
| കമുക് | 116 " |
| ആകെ | 4183 ഹെക്ടർ |

പഞ്ചായത്തില കർഷകർ പട്ടിക I

| കർഷകർ | എണ്ണം |
|---|---|
| നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ) | 2778 |
| ചെറുകിട കർഷകർ (1-2 ഹെക്ടർ) | 932 |
| വൻകിട കർഷകർ (2 ഹെക്ടറിന് മുകളിൽ) | 366 |
| ആകെ | 4076 |

## ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ

| വാർഡ് | കോഡ് | കുളങ്ങൾ OX1A | OX2A ചിറകൾ/ബണ്ട്, ചെക്ക്ഡാം | OX3A ലിഫ്റ്റ് ഇറിഗേഷൻ/ വൈദ്യുതി | OX4A ട്രില്ലർ റോഡുകൾ |
|---|---|---|---|---|---|
| 1 | $011A_1$<br>$011A_2$ | ഇടമലക്കുളം - പുതുക്കിപ്പണിയൽ<br>ആനക്കുളം - " | $012A_1$ വെള്ളച്ചാട്ട പ്പാറക്ക് താഴെ ഒരു ചെക്ക് ഡാം<br>പടിക്കപ്പാടം ചെക്ക്ഡാം | | |
| 2 | $021A_1$<br>$021A_2$<br>$021A_3$<br>$021A_4$<br>$021A_5$ | വട്ടമണ്ണം പാടശേഖരത്തിന്റ പുളിയംതോട് ചേരുന്ന സ്ഥലം (പുതിയത്)<br>കാക്കേനിപ്പാടം കുളം - മുണ്ടക്കുന്ന് (പുതുക്കിപ്പണി)<br>പാണ്ടിക്കോട് - പെരുംകുണ്ട്പാടം കുളം (പുതുക്കിപ്പണി)<br>അമ്പലപ്പാടം മേലെത്തലക്കൽ ഉള്ളകുളം (പുതുക്കിപ്പണി)<br>കല്ലമ്പല്യാൽകുളം | | | |
| 3 | $031A_9$<br>$031A_2$<br>$031A_3$<br>$031A_4$<br>$031A_5$<br>$031A_6$<br>$031A_7$<br>$031A_8$ | മിച്ചഭൂമിക്കുളം - പുതുക്കിപ്പണി<br>മഞ്ഞുകുളം - മുണ്ടക്കുന്ന് (പുതിയത്)<br>പാതിരമണ്ണ - ചുണ്ടോട്ടുകുന്ന് ( " )<br>കരുവാർക്കോട് - മുച്ചിക്കൽ ( " )<br>വയങ്കര - കൊടിയം കുന്ന് ( " )<br>പൊട്ടിപ്പാടം - കൊടിയംകുന്ന് ( " )<br>തട്ടാർപ്പാടം - കൊടിയംകുന്ന്<br>പാലപ്പുറം - മുണ്ടക്കുളം ( " )<br>കുളക്കണ്ടം - ( " ) | (പുതുക്കിപ്പണി)<br>$032A_1$<br>കന്നിറക്കംകുണ്ട് ചിറ (പാലക്കാഴി പുഴ)<br>പാതിരമണ്ണ ശിവക്ഷേത്രത്തിനു സമീപം | | $034A_1$ - വാളക്കട - മൂച്ചിക്കൽ<br>$034A_2$ - കരണാകുറുശ്ശി - മൂച്ചിക്കൽ<br>$034A_3$ - വയങ്കര-കാടിയംകുന്ന്<br>$034A_4$ - കുണ്ടുപാടം - കൊടിയംകുന്ന്<br>$034A_5$ - ചുട്ടേുപാടം<br>$034A_6$ - കരുവാർക്കോട്. |
| 4 | $041A_1$<br>$041A_2$<br>$041A_3$<br>$041A_4$ | ചിരട്ടക്കുളം - അയ്യംപാടം (പുതിയത്)<br>പാറക്കുളം (പുതുക്കിപ്പണി)<br>മുണ്ടയിൽ കുളം ( " )<br>പട്ടിശ്ശേരി കുളം ( " ) | | $043A_1$ - തുറക്കുളം - മോട്ടോർ | |
| 5 | $051A_1$<br>$051A_2$<br>$051A_3$ | ചിരട്ട കുളം ( " )<br>വീട്ടിക്കാട് കുളം ( " )<br>കക്കോട്ടിൽ പാടം ( " ) | $052A_1$<br>ഇടിഞ്ഞാൽകുണ്ട് പ്രദേശണ്ട്. ബണ്ട് | | |

| | | | | | |
|---|---|---|---|---|---|
| | $051A_4$<br>$051A_5$ | ഞാറക്കുളം (പുതുക്കിപ്പണി)<br>പുത്തൻകുളം ( " ) | | | |
| 6 | $061A_1$<br>$061A_2$<br>$061A_3$ | വെള്ളാരം കുളം ( " )<br>നെല്ലിമണ്ണ കുളം ( " )<br>കുമ്പളപ്പാടം ( " ) | $062A_1$<br>മണ്ണാത്തിക്കുണ്ട് -<br>പാലക്കടവ്<br>പാലസമീപം - ബണ്ട | $063A_1$ - കുമ്പളപ്പാടം<br>- അമ്പലപ്പാടം -<br>വൈദ്യുതി<br>കണക്ഷൻ | |
| 7 | $071A_1$<br>$071A_2$<br>$071A_3$<br>$071A_4$<br>$071A_5$<br>$071A_6$<br>$071A_7$ | കാരൂത്ത്കുളം ( " )<br>മാനേമംഗലത്ത് കുളം ( " )<br>ഏർക്കാട്ടിരി കുളം ( " )<br>കോട്ടയിൽ കുളം ( " )<br>പുളിങ്കൻ കുളം ( " )<br>മരയുണ്ട് പാടം ( " )<br>കാവിൽകുത്ത് സെയ്തലവി (Pvt) പൊതുകുളം | | | ട്രില്ലർ റോഡുകൾ.<br>(റോഡ്) |
| 8 | 081A | പുതുക്കുളം (പ്രൈവററ്) ( " ) | | | |
| 9 | $091A_1$<br>$091A_2$<br>$091A_3$ | നാഴികപ്പാടം കുളം<br>കുററിക്കാട് കുളം<br>ആമ്പിളിക്കുളം ( " ) | $092A_1$ - കടുക്കൂർ<br>പടി (ബണ്ട്)<br>$092A_2$ - കക്കുണ്ട്<br>( " )<br>$092A_3$ - എറളംകടവ്<br>( " )<br>$092A_4$ - പുടവനപ്പാറ<br>$092A_5$ - പൂച്ചപ്പാറ<br>കോറി (മണ്ണുമാററി<br>ബണ്ട് കെട്ടുക) | | |
| 10 | $101A_1$<br>$101A_2$<br>$101A_3$<br>$101A_4$ | കണ്ണാടിക്കുഴി കുളം (പ്രൈവററ്)<br>രാമവാരിയർ കുളം ( " )<br>ഗോപിനായർ കുളം ( " )<br>ശിവശങ്കരൻനായർ കുളം ( " ) | | | |
| 11 | $111A_1$<br>$111A_2$<br>$111A_3$<br>$111A_4$<br>$111A_5$ | ഇളംകുളം ( " )<br>പാക്കത്ത്കുളമ്പ് കുളം ( " )<br>പാങ്ങയിൽ കുളം ( " )<br>കീഴ്മക്കാവിൽ കുളം ( " )<br>ചുവന്ന മണ്ണുകുളം | ചാവാലിത്തോട്<br>ബണ്ട് (ചിറ)<br>പുതുക്കിപ്പണി | | |

| | | | | | |
|---|---|---|---|---|---|
| 12 | 121A$_1$<br>121A$_2$<br>121A$_3$<br>121A$_4$<br>131A$_1$ | പഞ്ചായത്ത് കുളം ( " )<br>തച്ചമ്പാറ കുളം ( " )<br>അയ്യപ്പൻ കാവ് കുളം ( " )<br>ചുണ്ടയിൽ കുളം ( " ) | | പുത്തൂർ തോട് പദ്ധതി | |
| 13 | 131A$_2$<br>131A$_3$<br>131A$_4$<br>131A$_5$<br>131A$_6$ | കോത്തോലക്കുളം ( " )<br>ചോലക്കുളം - കൂമൻചിറ ( " )<br>കല്ലിക്കള കുളം ( " )<br>ചെമ്മംക്കോട് കുളം ( " )<br>കാട്ടുകുളം ( " )<br>കാരക്കുളവൻ കുളം ( " ) | 132A$_1$ - കൊന്നാരം പള്ളിക്ക് സമീപമുള്ള ചിറ (പുതുക്കിപ്പണി)<br>132A$_2$ - പെട്ടമണ്ണ പാടം (ബണ്ട്)<br>132A$_1$ - കൂമഞ്ചിറ തോടിന് ബണ്ട് | | |
| 14 | 141A$_1$<br>141A$_2$<br>141A$_3$<br>141A$_4$ | മുറിയങ്കണ്ണി പാടശേഖരം - മുകൾഭാഗം<br>ഞറളത്ത് തെക്കേപ്പാടം<br>പെരിമ്പടാരി പുത്തൻകുളം ( " )<br>ഇട്ടിലാക്കുളം (പ്രൈവററ്) | 142A$_1$ - കൊടുവം മൂച്ചിതോടിന് ബണ്ട്<br>152A$_1$ - കൊന്നാരം ചിറയുടെ വശങ്ങളിൽ ബണ്ട്. | | 144A$_1$ - പുളിങ്കുന്ന് - ധന്യാ പാടശേഖരം<br>144A$_2$ - തേക്കിൻപാട് പാടം<br>144A$_3$ - ചെറിയ മാളിക്കുന്ന് - തോട്ടുവല്ലിപ്പാടം (ട്രില്ലർ)<br>144A$_4$ - ഞറളത്ത് പൂവ്വത്താറ് പാടശേഖരം. |

**പഞ്ചായത്തിൽ പ്രധാനമായി കൃഷി ചെയ്യുന്ന വിത്തിനങ്ങളും അവയെ ബാധിച്ചു വരുന്ന രോഗങ്ങളും.**

**അവലംബം: (കൃഷിഭവൻ, കർഷകരുമായുള്ള ചർച്ച, റബർ ബോർഡ്)**

| വിള | വിത്തിനം | കീടം | രോഗം |
|---|---|---|---|
| നെല്ല് | പൊൻമണി<br>ഐശ്വര്യ<br>ജ്യോതി | കുഴൽപ്പുഴു<br>ഓലചുരുട്ടിപ്പുഴു<br>തണ്ടുതുരപ്പൻ<br>ചാഴി | ബ്ലാസ്റ്റ്<br>ഇലപ്പുള്ളി രോഗം<br>ബ്ലൈറ്റ്<br>പോളരോഗം |
| തെങ്ങ് | TxD<br>നാടൻ<br>WCT (വെസ്റ്റ് കോസ്റ്റ് ടാൾഡ്) | കൊമ്പചെല്ലി<br>ചെമ്പൻചെല്ലി | ചെന്നീരൊലിപ്പ്<br>കൂമ്പുചീയൽ |
| റബർ | RRII - 105<br>GTI<br>RRII - 600<br>PB - 235 | | ചീക്ക് (പിങ്ക് ഡിസീസ്)<br>പട്ടമരപ്പ് |
| വാഴ | ആററുനേന്ത്ര<br>പാളയംതോടൻ<br>പൂവൻ | പുഴുക്കേട്<br>പാണപ്പുഴു | ഇലപ്പുള്ളി (സിഗാട്ടോക്ക)<br>തൂമ്പടപ്പ്<br>കൊക്കാൻ |
| കമുക് | മംഗള<br>ശ്രീമംഗള<br>കാഞ്ഞങ്ങാടൻ<br>നാടൻ | സ്പിംഗിൾബഗ്<br>മണ്ടെരി<br>ബഡ്റോട്ട് | മഹാളി |
| കുരുമുളക് | പന്നിയൂർ I<br>കരിമുണ്ട<br>നാരായക്കൊടി<br>നാടൻ | പൊള്ളുവണ്ട് | ദ്രുതവാട്ടം |
| കശുമാവ് | നാടൻ<br>ആഫ്രിക്കൻ | തേയിലക്കൊതു<br>തണ്ടുതുരപ്പൻ | മൃദുലവാട്ടം |
| ഇഞ്ചി | തെക്കൻ<br>റിയാഡിജെനീറോ<br>മാനന്തവാടി | | കുമിൾരോഗം |

## ജലസേചനം

മഴയെ ആശ്രയിച്ചുള്ള കാർഷികവൃത്തിയാണ് ജനങ്ങൾ സ്വീകരിച്ചിട്ടുള്ളത്. പഞ്ചായത്തിലെ കർഷകർ ജലസേചനത്തിനുവേണ്ടി തോടുകൾ, കുളങ്ങൾ, കിണറുകൾ എന്നിവയെയാണ് ആശ്രയിക്കുന്നത്. പുളിയംതോട് (വാർഡ് 1), പാലക്കാഴി പുഴ (വാർഡ് 3,10,7,9,14), ചാവാലി തോട് (വാർഡ് 9) എന്നിവയാണ് പ്രധാന ജലസ്രോതസ്സുകൾ. വേനൽക്കാലത്ത് ഇവയിലെല്ലാം നീരൊഴുക്ക് ഉണ്ടായിരിക്കുകയില്ല. അതിനാൽ വർഷം മുഴുവൻ ഉപയോഗിക്കാൻ കഴിയുന്ന ജലസ്രോതസ്സുകൾ പ്രധാനമായും കുളങ്ങളാണ്. വാർഡുകളിൽ നിന്ന് കൂടുതൽ കുളങ്ങളുടെ ആവശ്യം ഉയർന്നുവന്നത് ഈ സന്ദർഭത്തിലാണ്. നിലവിലുള്ള വറ്റാത്ത കുളങ്ങളുടെ പുനർനിർമ്മാണം, പുഴയിലൂടെയും, തോടുകളിലൂടെയും മഴക്കാലത്ത് കുത്തിയൊലിച്ചുപോകുന്ന വെള്ളത്തെ കുറച്ചുകാലമെങ്കിലും തടഞ്ഞുനിർത്തുക, ആവശ്യമുള്ള ഭാഗങ്ങളിൽമാത്രം കിണറുകൾ നിർമ്മിക്കുക, ചിറകൾകെട്ടി ജലസേചനം കാര്യക്ഷമമാക്കുന്നതിന് സഹായിക്കുക, മലമ്പ്രദേശത്തുനിന്ന് ഒഴുകി വരുന്ന നീരുറവകളെ സംരക്ഷിക്കുക തുടങ്ങിയ നിർദ്ദേശങ്ങളാണ് ജലസേചനം സംബന്ധിച്ച് ഉയർന്നിട്ടുള്ളത്.

ഒന്നാം വാർഡിലെ വെള്ളച്ചാട്ടപ്പാറയിലെ നീരുറവ സംരക്ഷിക്കുന്നതിലൂടെ ജലസേചന പ്രശ്നത്തിന്റെ കാര്യത്തിൽ ചെറിയ പുരോഗതി കൈവരുത്താൻ കഴിയും. അതിന് വെള്ളച്ചാട്ടപ്പാറക്ക് ചുററുമുള്ള വനപ്രദേശത്തെ സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

### <u>ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന പൊതുപ്രശ്നങ്ങൾ</u>

1. കാർഷികതൊഴിൽ രംഗത്ത് പുതിയ തലമുറയുടെ താൽപര്യക്കുറവ്.
2. കാർഷിക രംഗത്തെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നാമമാത്രം.
3. കർഷകതൊഴിലാളികൾക്ക് ഏകീകരിച്ച കൂലിയുടെ അഭാവം.
4. മണ്ണ് പരിശോധന നടത്തി വളപ്രയോഗം നടത്തുന്നില്ല.
5. രാസവളം, കീടനാശിനി എന്നിവയുടെ വിലവർദ്ധനവ്.
6. അത്യുൽപാദന ശേഷിയുള്ള വിത്തുകളുടെ കുറവ്.
7. കർഷകതൊഴിലാളികളുടെ കുറവ്.
8. നെൽകൃഷി ഭൂമിയുടെ വിസ്തീർണ്ണത്തിൽ വന്ന കുറവ് – നികത്തപ്പെടുന്ന പാടങ്ങൾ.
9. തക്കസമയത്ത് രോഗങ്ങളെ എങ്ങനെ തടയണം എന്നറിയായ്ക. (ഒന്നാം വാർഡിൽ കുരുമുളകിന്റെ ദ്രുതവാട്ടം).
10. ആവശ്യമായ യന്ത്രസാമഗ്രികളുടെ കുറവ്.

### <u>നിർദ്ദേശങ്ങൾ</u>

1. വിദ്യാഭ്യാസത്തിൽ കൃഷിക്ക് ഏററവും പ്രധാനപ്പെട്ട സ്ഥാനം നൽകുക.
2. ജൈവവളത്തിന്റെ പ്രധാന്യം തുടങ്ങിയ വിഷയങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള കാർഷിക ബോധവൽക്കരണം.
3. കർഷകതൊഴിലാളികൾക്ക് ഏകീകരിച്ച കൂലി.
4. മണ്ണ് പരിശോധന, വളപ്രയോഗം എന്നിവയിൽ പഞ്ചായത്തിലെ സയൻസ് ബിരുദ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാനുള്ള സൗകര്യമുണ്ടാക്കുക.

5. രാസവളം, കീടനാശിനി എന്നിവകളുടെ സബ്സിഡി വർദ്ധിപ്പിക്കുക.

6. പാടശേഖരത്തിന് ഒന്ന് എന്ന തോതിൽ ട്രില്ലറും ട്രില്ലർ റോഡുകളും ഉണ്ടാക്കുക.

7. പ്രാദേശികമായി നിരത്തുകളും നഴ്സറികളും ഉൽപാദിപ്പിക്കുന്നതിന് സഹായം വർദ്ധിപ്പിക്കുക.

8. വിള ഇൻഷൂറൻസ് ഏർപ്പെടുത്താത്ത ഭാഗങ്ങളിൽ ഏർപ്പെടുത്തുക.

9. കാർഷിക ഉൽപന്നങ്ങളുടെ വിപണനകേന്ദ്രങ്ങൾ ജനകീയ സഹകരണത്തോടെ ആരംഭിക്കുക.

10. കാർഷിക വായ്പകൾക്കുള്ള കാലതാമസം ഒഴിവാക്കുകയും നടപടികൾ ലഘൂകരിക്കുകയും ചെയ്യുക.

11. നെൽകൃഷി വിപുലീകരിക്കുന്നതിന് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായത്തിന്റെ പോരായ്മകൾ നികത്തി നടപ്പാക്കുക.

12. നെൽകൃഷിക്കാരേയും നെൽകൃഷിത്തൊഴിലാളികളേയും സബ്സിഡിയും ബോണസും നൽകി സർക്കാർ സംരക്ഷിക്കുക.

13. പുഷ്പ, ഫല, മത്സ്യകൃഷിക്ക് പ്രോത്സാഹനം നൽകി നടപ്പിലാക്കുക.

14. കുൺകൃഷി പ്രചരിപ്പിക്കുക.

15. കാർഷിക സർവ്വകലാശാലയുടെ എക്സ്റ്റൻഷൻ വിങ്ങിലെ വിദഗ്ദ്ധരെക്കൊണ്ട് പഞ്ചായത്തുതല ക്ലാസ്സുകളും സെമിനാറുകളും നടത്തി ബോധവൽക്കരണം നടത്തുക.

## മൃഗസംരക്ഷണവും മത്സ്യബന്ധനവും

**മൃഗസംരക്ഷണം:**

1962ൽ അലനല്ലൂരിൽ മൃഗാശുപത്രി ആരംഭിച്ചു. കോട്ടപ്പള്ളയിൽ ഒരു സബ് സെന്ററും ഉണ്ട്. പശു, ആട്, എരുമ, പോത്ത് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തമൃഗങ്ങൾ. വളർത്തു പക്ഷികളിൽ പ്രധാനം കോഴിയാണ്. അപൂർവ്വമായി താറാവിനേയും വളർത്തുന്നുണ്ട്.

ഇപ്പോൾ പഞ്ചായത്തിൽ 1437 പശുക്കളും 29 എരുമകളും 266 പോത്തുകളും 601 ആടും 76 പട്ടിയുമുണ്ട്. ചെറിയ തോതിൽ മുയലിനെ വളർത്തുന്ന രണ്ടു കേന്ദ്രം പഞ്ചായത്തി [illegible]ട്. പല വാർഡിലേയും 75% വീടുകളിലും കോഴി വളർത്തുന്നുണ്ട്. ഒന്നാം വാർഡിൽ 75% വീടുക[illegible] പശു, ആട് എന്നിവ വളർത്തുന്നു.

വളർത്തുമൃ[illegible]ടെ എ[illegible] ക്രമേണ കുറഞ്ഞുവരികയാണ്. നെൽകൃഷി കുറ[illegible]തും യന്ത്രവൽക്കരണവുമാണ് ഇതിന് കാരണം. വളർത്തുമൃഗങ്ങളെ സംരക്ഷിക്കുന്നതിനുള്ള ബുദ്ധിമുട്ടും തീററ പ്രശ്നവും കാരണങ്ങളാണ്. കൂടെക്കൂടെ ഉണ്ടാവുന്ന കോഴിവസന്ത കോഴികളുടെ എണ്ണത്തിലും കുറവു വരുത്തി. റോഡുകളും വാഹനങ്ങളും വർദ്ധിച്ചതോടെ വണ്ടിക്കാളകളുടെ എണ്ണവും കുറഞ്ഞു വരികയാണ്.

ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത, ഉത്പ്പന്നങ്ങളുടെ വിപണിയില്ലായ്മ, കാലിത്തീററയുടെ വില വർദ്ധന, വൈക്കോലിന്റേയും പുല്ലിന്റേയും ലഭ്യതക്കുറവ് എന്നിവ കാലി വളർത്തലിനെ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങളാണ്. രണ്ടു പാൽ സൊസൈററികൾ ഉണ്ടെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. കോട്ടപ്പള്ളയിലുള്ള സൊസൈററിയാണ് ഭൂരിഭാഗം സ്ഥലത്തുനിന്നും പാൽ ശേഖരിക്കുന്നത്.

പഞ്ചായത്തിലെ മൃഗാശുപത്രിയിൽ നിന്നും സബ് സെന്ററിൽ നിന്നും എല്ലാ ഭാഗത്തേക്കും ചികിത്സ ലഭിക്കുന്നില്ല. മിക്ക വാർഡുകളിൽ നിന്നും നാലും അഞ്ചും കിലോമീററർ പോയാലാണ്

കാലികൾക്ക് ചികിത്സ ലഭിക്കുന്നത്. സ്ഥിരമായി ഡോക്ടറില്ലാത്തതും ഫീൽഡ് സ്റ്റാഫില്ലാത്തതും മരുന്നില്ലാത്തതും കെട്ടിടമില്ലാത്തതും കാര്യമായ പ്രശ്നങ്ങളാണ്.

കാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ അകിടു വീക്കം, കുളമ്പു രോഗം, ഉദര രോഗം, പനി, മുടന്തൻ പനി എന്നിവയാണ്. രോഗപ്രതിരോധത്തെപ്പററിയും ശുചിത്വത്തെപ്പററിയുമുള്ള അറിവില്ലായ്മ ഒരു പ്രശ്നമാണ്.

പഞ്ചായത്തിൽ 3 ഗോബർ ഗ്യാസ് പ്ലാന്റും 2 ബയോ ഗ്യാസ് പ്ലാന്റും ഉണ്ട്. ഇതുതന്നെ പ്രവർത്തന രഹിതമാണ്. പുതിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സാധ്യതയുണ്ടെങ്കിലുംഇതു സംബന്ധിച്ച ബാധ്യതയാണ് പ്രശ്നം. നെൽകൃഷി ലാഭകരമല്ലാത്തത് കാലി വളർത്തലിനെ നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നു

എല്ലാ വീടുകളിലും കോഴി വളർത്തലിന് താൽപ്പര്യമുണ്ടെങ്കിലും കോഴികൾക്കുണ്ടാകുന്ന രോഗം കാരണത്താൽ നിരാശരാവുകയാണ്. ഒന്നാം വാർഡിൽ വൈദ്യുതി ഇല്ലാത്തത് വ്യാപകമായി കോഴി വളർ.ത്തുന്നതിനുള്ള താൽപ്പര്യം ഇല്ലാതാക്കുന്നു. അതിനാൽ ഇറച്ചിക്കു വേണ്ടി കോഴികളെ വൻതോതിൽ ഇറക്കുമതി ചെയ്യുകയാണ്. പുഴയോരങ്ങളും കുളങ്ങളും ഉള്ളതുകൊണ്ട് താറാവു വളർത്തലിനും സാധ്യതയുണ്ട്.

അപുർവ്വമായി അഥവാ കാഴ്ചക്കു വേണ്ടി മുയലിനെ വളർത്തുന്നുണ്ട്. വളരെ ലാഭകരമാണെങ്കിലും തീററപ്രശ്നവും ആരംഭിക്കുന്നതിനുള്ള മുതൽ മുടക്കും പ്രശ്നങ്ങളാണ്.

<u>പ്രധാന പ്രശ്നങ്ങൾ</u>

1. കാലിത്തീററയുടെ വിലക്കൂടുതൽ
2. പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്, ജലസേചനക്കുറവ്, കാലാവസ്ഥാ മാററം
3. മൃഗചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത
4. കോഴിവസന്ത തടയുന്നതിനുള്ള വ്യക്തവും പ്രയോജനകരവുമായ മാർഗമില്ലായ്മ
5. ക്ഷീര വിപണനത്തിനുള്ള സൗകര്യക്കുറവ്
6. പേപ്പട്ടി ശല്ല്യം ഉണ്ടാവുന്നു.
7. കാലികളെ വളർത്തുന്നതിന് സാമ്പത്തിക സഹായം ലഭിക്കാൻ പ്രയാസം
8. കാലികൾക്ക് ഇൻഷുറൻസ് സൗകര്യക്കുറവ്
9. രോഗപ്രതിരോധത്തെപ്പററിയുള്ള അറിവില്ലായ്മ
10. വൈദ്യുതി ഇല്ലായ്മ
11. സഹകരണ സംഘങ്ങളുടെ കുറവ്
12. കൃത്രിമ ബീജ സങ്കലന കേന്ദ്രത്തിന്റെ കുറവ്

സാധ്യതകൾ

1. അലനല്ലൂർ, കോട്ടപ്പള്ള, മാളിക്കുന്ന് എന്നിവിടങ്ങളിൽ ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുക. ഉത്പ്പാദിപ്പിക്കപ്പെടുന്ന മുഴുവൻ പാലും സംസ്ക്കരിക്കുന്നതിനുള്ള കേന്ദ്രങ്ങൾ ഉണ്ടാക്കുക.
2. സഹകരണ സംഘം മുഖേന കുറഞ്ഞ വിലക്ക് കാലിത്തീററ, കോഴിത്തീററ, തീററപ്പുൽ കൃഷിക്കുള്ള വിത്ത്, വളം എന്നിവ സൗജന്യ നിരക്കിൽ നൽകുക.
3. മൃഗ ചികിത്സാ സൗകര്യങ്ങൾ ഫലപ്രദമാക്കുക. ആശുപത്രിയിലും സബ്സെന്ററിലും സ്ഥിരമായി ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിക്കുക. സ്ഥിരമായി കെട്ടിടം നിർമ്മിക്കാൻ സ്ഥലം നൽകാൻ

ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ

| കുളങ്ങൾ OX1A | OX2A ചിറകൾ/ബണ്ട്, ചെക്ക്ഡാം | OX3A ലിഫ്റ്റ് ഇറിഗേഷൻ/ വൈദ്യുതി | OX4A ട്രില്ലർ റോഡുകൾ |
|---|---|---|---|
| ...ുളം - പുതുക്കിപ്പണിയൽ<br>...ളം - "<br>...പാടശേഖരത്തിന്റ പുളിയംതോട് ചേരുന്ന സ്ഥലം<br>...)<br>...പ്പാടം കുളം - മുണ്ടക്കുന്ന് (പുതുക്കിപ്പണി)<br>...ോട് - പെരുംകുണ്ട്പാടം കുളം<br>...പ്പണി)<br>...ടം മേലെത്തലക്കൽ ഉള്ളകുളം (പുതുക്കിപ്പണി)<br>...ൽകുളം | $012A_1$ വെള്ളച്ചാട്ട പ്പാറക്ക് താഴെ ഒരു ചെക്ക് ഡാം<br>പടിക്കപ്പാടം ചെക്ക്ഡാം | | |
| ...ുളം - പുതുക്കിപ്പണി<br>...ളം - മുണ്ടക്കുന്ന് (പുതിയത്)<br>...ന്ന - ചുണ്ടോട്ടുകുന്ന് ( " )<br>...ക്കോട് - മൂച്ചിക്കൽ ( " )<br>... - കൊടിയം കുന്ന് ( " )<br>...ടം - കൊടിയംകുന്ന് ( " )<br>...ടം - കൊടിയംകുന്ന്<br>... - മുണ്ടക്കുളം ( " )<br>...ളം - ( " ) | (പുതുക്കിപ്പണി)<br>$032A_1$ കന്നിറക്കംകുണ്ട് ചിറ (പാലക്കാഴി പുഴ)<br>പാതിരമണ്ണ ശിവക്ഷേത്രത്തിനു സമീപം | | $034A_1$ - വാളക്കട - മൂച്ചിക്കൽ<br>$034A_2$ - കരണാകുറുശ്ശി - മൂച്ചിക്കൽ<br>$034A_3$ - വയങ്കര- കാടിയംകുന്ന്<br>$034A_4$ - കുണ്ടുപാടം - കൊടിയംകുന്ന്<br>$034A_5$ - ചുട്ടേുപാടം<br>$034A_6$ - കരുവാർക്കോട്. |
| ...ളം - അയ്യംപാടം (പുതിയത്)<br>...ം (പുതുക്കിപ്പണി)<br>...ൽ കുളം ( " )<br>...കുളം ( " ) | | $043A_1$ - തുറക്കുളം - മോട്ടോർ | |
| ...ളം ( " )<br>...് കുളം ( " )<br>...ൽ പാടം ( " ) | $052A_1$ ഇടിഞ്ഞാൽകുണ്ട് പ്രദേശണ്ട് ബണ്ട് | | |

മൂന്നാം വാർഡിലുള്ളവർ തയ്യാറാണ്. അത് പ്രയോജനപ്പെടുത്തുക.

4. തിരുവാഴാംകുന്ന് ലൈവ് സ്റ്റോക്ക് ഫാമിന്റെ പ്രവർത്തനം പഞ്ചായത്തിന്റെ സാധ്യമായ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാവുന്നതാണ്.

5. മാളിക്കുന്നിൽ കൃത്രിമ ബീജ സങ്കലന കേന്ദ്രം സ്ഥാപിച്ച് പാലുൽപ്പാദനം വർദ്ധിപ്പിക്കാവുന്നതാണ്.

6. പഞ്ചായത്തിലെ വാർഡുകളിലെ മിക്ക സെന്ററുകളിലും കോഴി വളർത്തൽ കേന്ദ്രം ആരംഭിക്കാൻ താൽപ്പര്യമുള്ളവരുണ്ട്. ഇതിനായി പഞ്ചായത്തിലെ അലനല്ലൂരിലും കോട്ടപ്പള്ളയിലും സഹകരണാടിസ്ഥാനത്തിൽ കോഴിക്കുഞ്ഞു വളർത്തുകേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്. കോഴിവസന്ത രോഗത്തനെതിരെ പ്രതിരോധ കുത്തിവെയ്പ്പ് സംഘടിപ്പിക്കുക, കുറഞ്ഞ വിലക്ക് കോഴിത്തീറ്റ ലഭ്യമാക്കുക, കോഴികളെ വിൽക്കുന്നതതിന് സഹകരണ സംഘം പൊതു സംവിധാനം ഉണ്ടാക്കുക എന്നിവ ചെയ്യാവുന്നതാണ്.

7. ആടു വളർത്തൽ, കോഴി വളർത്തൽ എന്നിവയിൽ ബോധവൽക്കരണം നടത്തുകയും സാമ്പത്തിക സഹായം ലഭിക്കുന്നതിന് സംബന്ധിച്ച അറിവ് നൽകുകയും ചെയ്യണം.

8. പഞ്ചായത്ത് പ്രദേശത്ത് പുഴയോരങ്ങളും ജലാശയങ്ങളും ധാരാളമുള്ളതിനാൽ താറാവു വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്.
9. മുയൽ വളർത്തുന്നതിന് പ്രോത്സാഹനം നൽകുന്നത് നന്നായിരിക്കും
10. അത്യുൽപ്പാദന ശേഷിയുള്ള പശുക്കളെ വളർത്തുന്നവർക്ക് സാമ്പത്തിക സഹായവും ബോധവൽക്കരണവും നൽകുകയും ചെയ്യണം.
11. പേപ്പട്ടി ശല്ല്യം തടയുകയും ലൈസൻസ് ഇല്ലാത്തതും അലഞ്ഞു തിരിഞ്ഞു നടക്കുന്നതുമായ എല്ലാ നിയ്ക്കളെയും പിടിച്ച് കൊല്ലുകയും വേണം.
12. ഇറച്ചിക്കോഴി വാപണനവും വളർത്തലും പ്രോത്സാഹിപ്പിക്കുകയും ഇറക്കുമതി ചെയ്യുന്ന മൃഗങ്ങളെ (ഇറച്ചിക്കു വേണ്ടി) നിയന്ത്രിക്കുകയും ചെയ്യണം.
13. ലൈസൻസ് ഇല്ലാത്ത അറവുശാലകളെ നിരോധിക്കുകയും നിയന്ത്രിക്കുകയും വേണ്ടതാണ്.

<u>ഗ്രാമസഭാ റിപ്പോർട്ടുകൾ (മൃഗ സംരക്ഷണം)</u>

വാർഡ് 1.: എഴുപത്തഞ്ച് ശതമാനം കുടുംബങ്ങളും പശു, ആട് എന്നിവ വളർത്തുന്നു. ഗതാഗത സൗകര്യക്കുറവ്. പാൽസൊസൈററി (കലക്ഷൻ വേണം). പാൽ സൊസൈററിയിൽ എത്തിക്കാൻ പ്രയാസം. മിൽമയുടെ സഹായം വേണം.

ഇൻഷുറൻസ് സൗകര്യം സൗജന്യവും സാർവ്വത്രികവുമാക്കണം

രോഗപ്രതിരോധ ചികിത്സക്ക് അലനല്ലൂരിൽ പോകണം. കോട്ടപ്പള്ളയിൽ അതിന് സൗകര്യമുണ്ടാവണം. കോഴി വളർത്തലിന് താൽപ്പര്യമുണ്ട്. പക്ഷെ വൈദ്യുതി ഇല്ല.

വാർഡ്. 2. മുഴുവൻ സമയ ഡോക്ടറെയും സ്റ്റാഫിനെയും നിയമിക്കുകയും മരുന്നും സ്ഥിരം കെട്ടിടവും ഉണ്ടാക്കുകയും ചെയ്യുക. ആശുപത്രി വൈദ്യുതീകരിക്കുകയും ഫീൽഡ് വർക്കേഴ്സിനെ നിയമിക്കുകയും ചെയ്യുക.

ചെറുകിട കർഷകർക്ക് കോഴി, ആട്, പശു എന്നിവ സൗജന്യ നിരക്കിൽ വിതരണം ചെയ്യുക. തീററപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുകയും ഉത്പ്പന്നങ്ങൾക്ക് വിപണി ലഭ്യമാക്കുകയും ചെയ്യുക. കന്നുകാലി ഇൻഷുറൻസ് ഏർപ്പെടുത്തുകയും മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

വാർഡ്. 3. ജഴ്സി, സിന്ധി പശുക്കളെ വ്യാപകമായി വളർത്തുന്നു. ഗോബർ ഗ്യാസ്-2, ബയോഗ്യാസ്-2. മൃഗാശുപത്രി ഉണ്ടെങ്കിലും സ്വന്തമായി കെട്ടിടമില്ല. സ്ഥിരമായി ഡോക്ടറെ ആവശ്യമുണ്ട്. കെട്ടിടം നിർമ്മിക്കാൻ സ്ഥലം സൗജന്യമായി നൽകാൻ സന്നദ്ധതയുള്ളവരുണ്ട്. ഒരു മുയൽ വളർത്തു കേന്ദ്രം ഉണ്ട്. കോഴി വളർത്തലിന് താൽപ്പര്യമുണ്ട്. സഹകരണാടിസ്ഥാനത്തിൽ പാൽ സൊസൈററിയുണ്ട്. പുൽകൃഷി ബോധവൽക്കരണം ആവശ്യമുണ്ട്.

രണ്ട് സ്വകാര്യ കുളങ്ങളിൽ മത്സ്യം വളർത്തുന്നതിന് താൽപ്പര്യം. പുതുതായി ഒരു ക്ഷീരോൽപ്പാദന യൂണിററ് ആരംഭിക്കണം.

വാർഡ് 4. തീററപ്പുല്ല് ലഭ്യമാക്കണം. നിലവിലുള്ള ആശുപത്രി വിപുലീകരിക്കണം. ലൈവ് സ്റ്റോക്ക് അസിസ്റ്റന്റിനെ നിയമിക്കണം. ആട്, കോഴി വളർത്തൽ കേന്ദ്രങ്ങൾ സ്ഥാപിക്കണം. സബ്സിഡി നിരക്കിൽ ആട്ടിൻ കുഞ്ഞുങ്ങളെയും കോഴിക്കുഞ്ഞുങ്ങളെയും പശുക്കളെയും നൽകണം. ക്ഷീര സഹകരണ സംഘം സ്ഥാപിക്കുക.സാങ്കേതിക വിജ്ഞാന സൗകര്യം ഉണ്ടാവണം.

വാർഡ്. 6. യത്തീംഘാന ഭാഗത്ത് മൃഗാശുപത്രി സ്ഥാപിക്കുക. കോഴി വളർത്തലിന് ധനസഹായം നൽകുക.

വാർഡ്. 7. സഹകരണാടിസ്ഥാനത്തിൽ കോഴി വളർത്തലിന് സാദ്ധ്യതയുണ്ട്. പാൽ സൊസൈററി സ്ഥാപിക്കണം. സഹകരണ ബാങ്കിൽ നിന്നും മററും കുറഞ്ഞ പലിശ നിരക്കിൽ സാമ്പത്തിക സഹായം നൽകി തൊഴിൽ അവസരം സൃഷ്ടിക്കണം.

മൃഗാശുപത്രിയുടെ ഉപകേന്ദ്രം വാർഡിൽ ആരംഭിക്കണം. കാലി-കോഴിത്തീററ ഉൽപ്പാദിപ്പിക്കുന്ന യൂണിററ് ആരംഭിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കണം.

വാർഡ്. 10. പശു വളർത്തലിന് സാദ്ധ്യത കൂടുതലുണ്ട്. വിപണന കേന്ദ്രം വേണം. ചികിത്സയും തീററയും നൽകണം. കോഴി, താറാവ് എന്നിവ ലഭ്യമാക്കണം.

തിരുവാഴാംകുന്ന് ഫാമിന്റെ പ്രവർത്തനം ഈ മേഖയിലേക്ക വ്യാപിപ്പിക്കണം. ഇൻകുബേറ്റർ നൽകണം.

വാർഡ്. 11. സബ്സിഡി നിരക്കിൽ കാലിത്തീററ നൽകണം. പഞ്ചായത്തിൽ ഡയറി ഫാം വേണം. കാലി വളർത്തലിന് പ്രോത്സഹനം നൽകണം.

വാർഡ്. 12. കോഴികളുടെ രോഗത്തിന് പ്രതിവിധി കാണണം. മിൽക്ക് സൊസൈററി സ്ഥാപിക്കണം. അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളെ ഇല്ലാതാക്കണം. മൃഗങ്ങളെ സംരക്ഷിക്കുന്നതിന് സൗകര്യം വേണം.

വാർഡ്. 13. ജഴ്സി, സ്വിസ്സ് ബ്രൗൺ, സിന്ധി തുടങ്ങിയ പശുക്കളുണ്ട്.

പാൽ വിൽപ്പനക്ക് സൗകര്യം വേണം. കാലിത്തീററയുടെ വില കുറക്കണം. പുല്ല് കൃഷി പ്രോത്സാഹിപ്പി● ണം.

അസുഖങ്ങൾ: അകിടു വീക്കം, മുടന്തൻ പനി തുടങ്ങിയവക്ക് പ്രതിരോധ നടപടികൾ വേണം.

കോഴി, ആട് എന്നിവ നൽകണം.

വാർഡ്. 14. മാളിക്കുന്നിൽ കൃത്രിമ ബീജ സങ്കലന കേന്ദ്രത്തോട് കൂടിയ ഒരു വെററിനറി സബ്സെന്റർ അനുവദിക്കുക. ക്ഷീരോൽപ്പാദന സഹകരണ സംഘം ഉണ്ടാക്കുക. കൃഷിക്കാർക്ക് നല്ലയിനം ആടുകളെയും പശുക്കളെയും സബ്സിഡി വ്യവസ്ഥയിൽ നൽകണം.

# ഊർജ്ജം

**ആമുഖം:**

അലനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ ഊർജ്ജസ്രോതസ്സുകളിൽ പ്രധാന ഘടകം ജൈവോർജമാണ്. രണ്ടാമതായി വൈദ്യുതിയും, മൂന്നാമതായി വാണിജ്യ ഊർജ്ജവുമാണുള്ളത്. ഉപഭോഗകാര്യത്തിൽ ജൈവോർജ്ജം 94% ജനങ്ങൾ ആശ്രയിക്കുന്നുണ്ട്. മണ്ണെണ്ണ, ഗ്യാസ് തുടങ്ങിയ വാണിജ്യോർജ്ജത്തെ 5% ഊർജ്ജമെന്ന പേരിൽ ആശ്രയിക്കുന്നു. 1% വൈദ്യതോർജ്ജത്തേയും ആശ്രയിക്കുന്നു.

വൈദ്യുതി ഊർജ്ജത്തെ സംബന്ധിച്ചിടത്തോളം അലനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ മിക്കവാറും എല്ലാപ്രദേശങ്ങളിലും വൈദ്യുത ശൃഖല എത്തിയിട്ടുണ്ട്. ഈ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം 300 ഓളം അപേക്ഷകർക്ക് മാത്രമേ വൈദ്യുതി ലഭിക്കാനുള്ളു. ഈ പഞ്ചായത്തിലെ വൈദ്യുത മേഖലയിലെ പ്രധാന പ്രശ്നം വ്യാപകാമയ വോൾട്ടേജ് ക്ഷാമം തന്നെയാണ്. പുതിയ വൈദ്യുതി കണക്ഷൻ നൽകുന്നതിനും ഉള്ളത് മെച്ചമാക്കി തീർക്കുന്നതിനും തടസ്സമായി വരുന്നത് സാധനസാമഗ്രികൾ ലഭിക്കാത്തതുമുലമാണ്.

അലനല്ലൂർ ഗ്രാമപഞ്ചായത്ത് പൊതുവെ തൊഴിൽപരമായും മററും പിന്നോക്കാവസ്ഥയിലായതിനാൽ ഉപജീവനമാർഗ്ഗം തേടി പുറംനാടുകളെ ആശ്രയിച്ചു ജീവിച്ചതുകൊണ്ടും അവിടങ്ങളിലെ വാണണിജ്യോർജ്ജപരമായ സൗകര്യങ്ങളുമായി പരിചയപ്പെട്ടതുകൊണ്ടും തിരികെ നാട്ടിലെത്തി ആയത് നിലനിർത്താനുള്ള ഒരു വലിയ ബുദ്ധിമുട്ട് നേരിട്ടുകൊണ്ടിരിക്കുന്ന സ്ഥിതി വിശേഷമാണ് ഇന്നുള്ളത് ആയതിന് ഒരു പരിഹാരം കാണേണ്ടിയിരിക്കുന്നു.

**പ്രശ്നങ്ങൾ**

ഗ്രാമസഭകളിൽ നിന്നും ലഭിച്ചിട്ടുള്ള വ്യാപകമായ പ്രശ്നം വോൾട്ടേജിന്റെ കുറവാണ്. ആയതിനാൽ ഐ.ടി.സി. ക്ക് സമീപം, പി.എച്ച്.സി. ക്കുമുൻവശം, പെരിമ്പിടാരി, മാളിക്കുന്ന്, അണ്ടിക്കുന്ന്, പടിക്കപ്പാടം, മുച്ചിക്കൽ, ആലുംകുന്ന്, അണയംകോട്, പട്ടിശ്ശേരി, ആലടികോളനി, പള്ളിപ്പററ കോളനി, കാളമ്പാറ, കണ്ണംകുണ്ട് വെള്ളത്തോണ്ടി, കുമഞ്ചിറ ലക്ഷംവീടുകോളനി, പള്ളിക്കുന്ന് സബ്സെന്റർ, പാക്കത്ത് കൊളമ്പ് തുടങ്ങിയ സ്ഥലങ്ങളിലും മററുഅത്യാവശ്യ സ്ഥലങ്ങളിലും പുതിയ ട്രാൻസ്ഫോമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ മിക്ക പദേശങ്ങളിലും വഴിവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും മുണ്ടക്കുന്ന്, അണ്ടിക്കുന്ന്, വട്ടമണ്ണപുറം, ആഞ്ഞിലങ്ങാടി, കൊടിയൻകുന്നുമുതൽ കണ്ണംകുണ്ടുവരെ, കോട്ടപ്പള്ള മുതൽ മുണ്ടക്കുന്നുവരെ, വനിതാ അറബിക് കോളേജ് ഭാഗം, കുളപ്പറമ്പ്, പാറക്കുഴി റോഡ്, കുളപ്പറമ്പ് എ.എം.എൽ.പി. സ്ക്കുൾ പടി, ഉണ്ണിയാൽ മുതൽ പാലക്കടവ് പാലം വരെ, ഗവ: ആശുപത്രി മുതൽ എസ്റ്റേററു വരെ, ഗവ; ഹൈസ്ക്കൂൾ കല്ലായി കൊളമ്പ് അയ്യപ്പൻകാവ് റോഡ്, ഭീമനാട് മില്ലുംപടി, ഭീമനാട് നന്നങ്ങാടിക്കുന്ന്, ലക്ഷംവീടുകോളനി എന്നീ സ്ഥലങ്ങളിൽ വഴിവിളക്കുകൾ ഇപ്പോഴും ഇല്ല.

പുതിയ ലൈൻ വലിച്ച് വൈദ്യുതി ലഭ്യമാക്കാൻ കുഞ്ഞുകുളം – മങ്കയം, വില്ലേജ് ഓഫീസ് – കോയകുന്ന്, പതിരമണ്ണകുണ്ട്, ചുണ്ടോട്ടുകുളം, ചുണ്ടോട്ടുകുന്ന് – കണ്ണംകുണ്ട്, കുളക്കണ്ടഭാഗം, കരിമ്പനക്കുന്ന് ഭാഗം (കോട്ടക്കുന്ന്), ചക്കംതൊടി കൊളമ്പ്, പുവ്വശ്ശേരി ഭാഗം, പട്ടിശ്ശേരി കോളനി, നായരുകടവ്, ആയംകുന്ന് കോളനി, അണയം കോട് കോളനി, പുളിക്കലകുന്ന് – ചാത്തൻകുർശ്ശി അമ്പലപ്പടി, അയ്യംപാടംകുന്ന്, കുന്നപ്പള്ളി കോളനി, തടിയൻ പറമ്പ് – കൊമ്പൻകല്ല്, കല്ലംകോട്, അമ്പലപ്പാടം, കുമ്പളപ്പാടം, വനിതാ അറബിക് കോളേജ് – ഇല്ലിക്കുണ്ട്, യതീംഖാനക്കു സമീപമുള്ളഅംഗൻവാടി – കരിങ്കൽകോറി, വെങ്ങൂർകുളം കോളനി, പുളിക്കൽ കോളനി, തിരുവാലപ്പററ

കോളനി, ചെങ്ങശ്ശേരി കോളനി, കാഞ്ഞിരംപാറ കോളനി, പാലക്കാഴി – വാക്കോൽക്കടവ്, പള്ളിയും പരിസരവും, പൂച്ചപ്പാറ, ആശാരി കോളനി, രാജീവ് ദശലക്ഷം കോളനി, പാങ്ങയിൽ എസ്റ്റേറ്റ് പാക്കത്ത്കൊളമ്പ്, വഴങ്ങല്ലിനീരിടീൽ – ചാവാലിത്തോട്, കുമ്മണക്കുന്ന്, കാരക്കുളവൻകുളമ്പ്, കാവടിയോട് IHDP കോളനി, മോഴിമുറ്റം കോളനി, നെയ്തക്കോട് കോളനി, പുളിക്കൽ, ഉണ്ണ്യാൽ, ചൂരക്കാട്ടിൽ മിൽ, വെള്ളാരത്തിൽ 4 സെന്റ് കോളനി, പള്ളിക്കുന്ന് – കൊന്നാരം, പട്ടലൂർ കോളനി, പെട്ടമണ്ണപാടം കോളനി, ഞരളത്ത് കോളനി, പട്ടശ്ശീരി കോളനി, അണയംകോട്, പാണ്ടിക്കോട് NSS എസ്റ്റേറ്റ്, വട്ടമണ്ണപുറം ജില്ലാ അതിർത്തി, ആലടിപ്പുറം കോളനി, തടിയംപറമ്പ് താഴത്തേപ്പീടിക എന്നീ പ്രദേശങ്ങൾ ഇപ്പോഴും അവശേഷിച്ചിരിക്കുന്നു.

ഈ ഗ്രാമപഞ്ചായത്തിൽ ചളവ കോളനി, ചൂരിയോട്, വെള്ളാരത്തിൽ കോളനി, കലങ്ങോട്ടിരി കോളനി, തിരുവിഴാംകുന്ന് IHDP കോളനി, ഇട്ടിലാക്കുളം കോളനി, കാവടിയോട് IHDP, മൂച്ചിക്കൽ കോളനി, കുറ്റുപാറ ലക്ഷംവീട് കോളനി, കാര കടലടി പറമ്പ് കോളനി, ജവഹർ കോളനി, കാരകോളനി, ഗോതമ്പുകോളനി, മാളിക്കുന്നുകോളനി തുടങ്ങിയ കോളനികൾ നാളിതുവരെ വൈദ്യുതീകരിച്ചിട്ടില്ല.

## പരിഹാരങ്ങൾ

വോൾട്ടേജ് ക്ഷാമത്തിന്റെ ഭീകരത ലഘൂകരിക്കാൻ ആലപ്പുഴ ജില്ലയോളം വിസ്തൃതിയുള്ള അട്ടപ്പാടി മേഖല ഉൾക്കൊള്ളുന്ന മണ്ണാർക്കാണ് താലൂക്ക് മുഴുവനും, കൂടാതെ ഒറ്റപ്പാലം താലൂക്കിലെ വിവിധ പ്രദേശങ്ങളും ഉൾക്കൊള്ളുന്ന ഒരു വിപുലാമയ മേഖലക്ക് വൈദ്യുതി ആശ്രയിക്കുന്നത് പരിമിതമായ മണ്ണാർക്കാട് സബ്സ്റ്റേഷനെ മാത്രമാണ്. കൂടാതെ ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ അട്ടപ്പാടി മേഖലയിൽ നിന്നും ലഭിക്കാവുന്ന അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ച് ഉയർന്ന് വരേണ്ടുന്ന പല വ്യവസായ സ്ഥാപനങ്ങളും ഉണ്ടാകുന്നതുകൊണ്ട് ഈ സ്റ്റേഷനിൽനിന്നുതന്നെ വൈദ്യുതി എത്തിക്കേണ്ടിയിരിക്കുന്നു. ഇതെല്ലാംകണ്ടുകൊണ്ട് ഈ ഗ്രാമപഞ്ചായത്ത് കേന്ദ്രീകരിച്ച് എത്രയും വേഗം ഒരു സബ്സ്റ്റേഷൻ നിർമ്മിച്ച് വൈദ്യുതി വിതരണ ശൃഖല തുടങ്ങേണ്ടതാണ്. നിർദ്ദിഷ്ട തൃശൂർ – അരീക്കോട് Kv ലൈൻ പഞ്ചായത്ത് അതിർത്തിയിലൂടെ കടന്നുപോകുന്നത് സബ്സ്റ്റേഷൻ നിർമ്മാണത്തിന് ഏററവും സൗകര്യവുമാണ്. ഭാവിയിൽ കക്കയം വൈദ്യുതി നിലയം ഒരു യാഥാർത്ഥ്യമാകുമ്പോഴും മലപ്പുറം ജില്ലയിൽ നിന്നും വൈദ്യുതി എടുക്കാനും സൗകര്യപ്രദമായ ഏററവും ചിലവുകുറഞ്ഞ ഒരു പദ്ധതിയാണിത് കൂടാതെ ഇലക്ട്രിസിററി ബോർഡ് മുഖേന പുതിയ ട്രാൻസ്ഫോമറുകൾ ഈ ഗ്രാമപഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലേക്ക് എല്ലാ തടസ്സങ്ങളും നീക്കി ഉടനടി സ്ഥാപിക്കണം.

അത്യാവശ്യമായ വൈദ്യുതീകരണത്തിനാവശ്യമായ എല്ലാവിധസാധന സാമഗ്രികളും അലനല്ലൂർ ഇലക്ട്രിക്കൽ സെക്ഷനിലേക്ക് എത്തിച്ചുകൊണ്ട് വഴിവിളക്കുകൾ, പുതിയ ലൈൻ സ്ഥാപിക്കൽ, അവശേഷിക്കുന്ന വൈദ്യുത കണക്ഷനുകൾ, കോളനി വൈദ്യുതീകരണം എന്നിവ പൂർത്തിയാക്കേണ്ടതാണ്.

ഈ ഗ്രാമപഞ്ചായത്തിലെ സാധ്യമായ പ്രദേശങ്ങളിൽ നിന്ന് സൗരോർജ്ജം, കാററ്, വെള്ളച്ചാട്ടം തുടങ്ങിയ മാർഗ്ഗേണ വൈദ്യുതി ഉൽപാദിപ്പിച്ച് പ്രവർത്തിപ്പിക്കുന്ന യന്ത്രങ്ങൾ മുഖേനയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം.

ജനപങ്കാളിത്തത്തോടെ ഊർജ്ജ സംരക്ഷണത്തിന്നായി ഗ്രാമപഞ്ചായത്ത് തലത്തിൽ ഒരു ഊർജ്ജ സംരക്ഷണ സമിതി രൂപീകരിക്കുകയും അതുമുഖേന ജൈവോർജ്ജ ഉറവിടമായ വനവൽക്കരണം നടത്തിയും നിലവിലുള്ള പ്രസരണശേഷിയെ ബാധിക്കുന്ന തരത്തിൽ മുട്ടിക്കിടക്കുന്ന വൃക്ഷശിഖരങ്ങളും മററും ഡിപ്പാർട്ടുമെന്റ് മുഖേന ബന്ധപ്പെട്ട് നീക്കംചെയ്തും പൊതുജനങ്ങളുടെ അറിവിലേക്കായി

## വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

1. നിലവിലുള്ള ഉപഭോക്താക്കൾ:

| | |
|---|---|
| 1) ഗാർഹികം | 2683 |
| 2) വ്യാപാരം | 460 |
| 3) വ്യവാവസയികം | 36 |
| 4) കാർഷികം | 98 |

2) കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ളവരുടെ അപേക്ഷകരുടെ എണ്ണം:

| | |
|---|---|
| 1) Ordinary | 249 |
| 2) OTP | 25 |
| 3) OYEC | 13 |

അവസാനം നൽകിയ കണക്ഷന്റെ അപേക്ഷാ തീയതി : 14.10.91

3) സ്ട്രീററ് ലൈററുകളുടെ എണ്ണം :

1) ബൾബ് 40 W – 164, 40 W – 95
2) ട്യൂബ് 5
3) മെർക്കുറി വേപ്പർ ഇല്ല
4) സോഡിയം വേപ്പർ 54

4) ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ: 7

5) പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോർമറുകളുടെ പേരുകൾ:

| | | |
|---|---|---|
| 1. കാട്ടുകുളം | 2. മാളിക്കുന്ന് | 4. പാറപ്പുറം |
| 4. ഹൈസ്ക്കൂൾ | 5. കണ്ണംകുണ്ട് | 6. അലനല്ലൂർ I |
| 7. അലനല്ലൂർ ടൗൺ | 8. മാർക്കററ് | 9. ഹോസ്പിററൽ |
| 10. മണ്ണാൻകുന്ന് | 11. പാലക്കാഴി | 12. മുള്ളത്ത് |
| 13. കുററിക്കാട്ടുപുറം | 14. കാര | 15. വെട്ടത്തൂർ |
| 16. കാരപാലം | 17. കർക്കിടാംകുന്ന് | 18. ആലുങ്ങൽ |
| 19. പൂക്കാടഞ്ചേരി | 20. ചിരട്ടക്കുളം | 21. ഓയിൽ ഫൈബർ |
| 22. വട്ടമണ്ണപുറം | 23. കോട്ടപ്പള്ള | 24. കൊടിയംകുന്ന് |
| 25. മുറിയങ്കണ്ണി | 26. മുണ്ടക്കുന്ന്. | |

ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | ' ഹരിജൻ കോളനിയുടെ പേര് | വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | സൗജന്യ സ്ലാബിൽ വൈദ്യു. ഉപ: എണ്ണം | പണം നൽകി വൈദ്യുതി കണ. ലഭിക്കുന്ന കുടുംബ. എണ്ണം |
|---|---|---|---|---|
| 1 | ചളവ (പടിക്കപ്പാടം) | 4 | – | 4 |
| 12 | നെന്മിനിശ്ശേരി | – | – | – |
| 11 | പാക്കത്ത് | 6 | – | 6 |
| 5 | പള്ളിപ്പറ | 3 | – | 3 |
| 9 | കുററിക്കാട്ടുപുറം | 7 | – | 7 |
| 14 | മുറിയങ്കണ്ണി | – | – | – |
| 12 | പനക്കത്തോടൻ | – | – | – |
| 8 | മുട്ടിപ്പാലം | ചാർജ്ജ് ചെയ്തിട്ടില്ല | – | – |
| 8 | തിരുവാലപ്പറ | ചാർജ്ജ് ചെയ്തിട്ടില്ല | – | – |

ഇന്ധനക്ഷമതയുള്ളതും വൈദ്യുതി ലാഭിക്കാവുന്നതുമായ ഉപകരണങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തിയും മററും പ്രവർത്തിക്കേണ്ടതാണ്. പൊതുമേഖലയിൽ നിന്നും ചുരുങ്ങിയത് ഒരു ഗ്യാസ് ഏജൻസി എങ്കിലും ഈ ഗ്രാമത്തിൽ അനുവദിച്ച് ഉത്തരവുണ്ടാക്കി തുടർപ്രവർത്തനവും നടത്തേണ്ടതാണ്.

O O O

# ഭവന നിർമ്മാണം

ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെ പട്ടികയിൽ വളരെയധികം പ്രാധാന്യം അർഹിക്കുന്ന ഒരു ഘടകമാണ് പാർപ്പിടം. അലനല്ലൂർ പഞ്ചായത്തിൽ 30% ഓലമേഞ്ഞ വീടുകളാണ്. 15% പേർക്ക് സ്വന്തമായി കെട്ടിടമില്ല. 55% ജനങ്ങൾക്കും വീടുകൾ ഉണ്ട്. അധികവും ഓടിട്ട വീടുകൾ ആണ്. 5% കോൺക്രീറ്റ് കെട്ടിടങ്ങളാണ്.

ആകെ വീടുകളിൽ അടിസ്ഥാന സൗകര്യങ്ങൾ 40% വീടുകളിൽ മാത്രമേയുള്ളു. ബാക്കി 60% വീടുകളിലും കക്കൂസ്, ഇലക്ട്രിസിററി സൗകര്യങ്ങൾ ഇല്ല. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിൽ മുഴുവൻ വീട്ടുകാർക്കും അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനു വേണ്ട തീവ്രശ്രമം നടത്തുന്നതിന് പദ്ധതികൾ ആലോചിക്കേണ്ടിയിരിക്കുന്നു. I.A.Y., M.W.S., JRY എന്നീ പദ്ധതികളനുസരിച്ചും ഹൗസിംഗ് സഹകരണ സംഘം, ഭവന നിർമ്മാണ ബോഡ്, കാർഷിക വികസന ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് എന്നിവയുടെ വായ്പകൾ ഉപയോഗിച്ചും നിർമ്മിച്ച വീടുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

ഇങ്ങനെ വിവിധ സ്കീമുകളുണ്ടെങ്കിലും ആനുകൂല്യങ്ങൾ ലഭിക്കാൻ വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു. കക്കൂസ് സൗകര്യം ഇല്ലാത്തതിനാൽ പൊതുസ്ഥലത്ത് വിസർജനം നടത്തുന്ന സ്ഥിതിയുണ്ട്. ഇതുകാരണം പരിസര മലിനീകരണവും, രോഗ വ്യാപനവും പ്രധാന പ്രശ്നമായി വരുന്നു.

കൃഷിഭൂമി നികത്തി വീടുകൾ നിർമ്മിക്കുന്നതും ഇവിടെ കാണുന്ന കാഴ്ചയാണ്.ഇതുകാരണം കാർഷികമേഖലയിൽ തൊഴിലില്ലായ്മ വർദ്ധിക്കുകയും കാർഷികോൽപാദനം കുറയുകയും ചെയ്യുന്നു.

30% ഓലമേഞ്ഞ വീടുകൾ മഴക്കാലത്ത് ചോർന്നൊലിക്കുന്നവയാണ്. ഇതിൽ 20% പട്ടികജാതി – പട്ടിക വർഗ്ഗക്കാരുടേതാണ്. വീടുവെയ്ക്കാൻ സ്ഥലമില്ലാത്ത ധാരാളം പേർ നമ്മുടെ പഞ്ചായത്തിലുണ്ട്. അവർക്ക് 4 സെന്റ് സ്ഥലം വീതം കൊടുക്കാനുള്ള പദ്ധതി ആരംഭിക്കണം. മിച്ചഭൂമിയായി പ്രഖ്യാപിച്ച സ്ഥലങ്ങളും, പുറമ്പോക്കുസ്ഥലങ്ങളും അളന്നുകൊടുത്തുകൊണ്ട് ഭൂരഹിതർക്ക് ഭൂമി പതിച്ചുകൊടുക്കുവാൻ കഴിയണം. സ്വന്തമായി കെട്ടിടമില്ലാത്ത പഞ്ചായത്തിലെ സർക്കാർ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാനും, പഞ്ചായത്താപ്പീസ് കെട്ടിടം പുതുക്കിപ്പണിയാനും, ഒരു കമ്മ്യൂണിററിഹാൾ പണിയാനും ആവശ്യമായ പരിപാടികൾ ആവിഷ്ക്കരിക്കണം.

പട്ടികജാതി – പട്ടികവർഗ്ഗക്കാർക്കും, സാമ്പത്തികാമയി പിന്നോക്കം നിൽക്കുന്നവർക്കും ഓലമാററി ഓടിടാനും, പൊളിഞ്ഞു വീഴാറായ ഓടിട്ട വീടുകൾ പുതുക്കിപ്പണിയാനും സാമ്പത്തിക സഹായം നൽകാനുള്ള സംവിധാനം ഉണ്ടാക്കണം. പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം നൽകാനുള്ള നടപടികൾ പൂർത്തിയാക്കേതുണ്ട്.

ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കാനുള്ള പദ്ധതികൾക്ക് 9ാം പദ്ധതിയിൽ മുൻഗണനാടിസ്ഥാനത്തിൽ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

<u>പ്രശ്നങ്ങൾ</u>

1. ഈ പഞ്ചായത്തിൽ 30% ഓലമേഞ്ഞ വീടുകളാണ്.
2. പട്ടികജാതി – വർഗ്ഗ കോളനികളിൽ ധാരാളം ഓലമേഞ്ഞ വീടുകളും, പട്ടികജാതി കോളനികളായി അംഗീകാരമില്ലായ്മ.
3. ഭവന നിർമ്മാണത്തിന് വായ്പ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.

4. ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയററം.

5. നിർമ്മാണ തൊഴിലാളികളുടെ കൂലി വർദ്ധനവ്.

6. സ്വന്തമായ സ്ഥലത്തിന് പട്ടയം ലഭിക്കായ്മ.

7. ഓടുമേഞ്ഞ വീടുകൾ വീഴാറായത് നന്നാക്കൽ.

8. എല്ലാ വീടുകളിലും പ്രധാനമായി കക്കൂസുകൾ നിർമ്മിക്കുക.

9. എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക.

10. എല്ലാ ഓഫീസുകൾക്കും സ്വന്തമായി കെട്ടിടം, പഞ്ചായത്തിന് പുതുതായി ഓഫീസും, ഒരു കമ്മ്യൂണിററി ഹാളും.

## നിർദ്ദേശങ്ങൾ

1. വീടുകൾ ഓടിടുന്നതിന് ധനസഹായം നൽകുക. അത് ലഭിക്കുന്നതിന് ബുദ്ധിമുട്ടുകൾ ലഘൂകരിക്കുക.

2. പട്ടിക ജാതി – വർഗ്ഗക്കാർക്ക് പഞ്ചായത്ത് സ്കീം ഉപയോഗിച്ച് വീടുകൾ ഓടിടുന്നതിനുള്ള സൗകര്യം ചെയ്യുകയും പട്ടിക ജാതി – വർഗ്ഗക്കാർ ഒന്നിച്ചു താമസിക്കുന്ന സ്ഥലങ്ങൾ കണ്ടുപിടിച്ച് കോളനികളായി പ്രഖ്യാപിക്കുക.

3. ഭവന നിർമ്മാണത്തിന് വായ്പ ലഭിക്കുന്നതിന് തടസ്സങ്ങൾ ഒഴിവാക്കുക.

4. ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയററം ഗവ: ഭാഗത്തുനിന്നും തടയുക.

5. കൂലി–വേതന നിരക്ക് ഏകീകരിക്കുക.

6. പട്ടിക ജാതി – വർഗ്ഗക്കാർക്കും, താഴ്ന്ന വരുമാനമുള്ളവർക്കും ഓടിട്ട വീട് വീഴാറായവർക്ക് നന്നാക്കുന്നതിനും ധനസഹായം ചെയ്തുകൊടുക്കുക.

7. കക്കൂസുകൾ ഇല്ലാത്ത എല്ലാ വീട്ടുകാർക്കും CAPPART പോലുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കക്കൂസ് നിർമ്മിച്ചുകൊടുക്കാൻ വേണ്ട പദ്ധതി നടപ്പിലാക്കുക.

8. എല്ലാ ഓഫീസുകൾക്കും കെട്ടിടവും, ഒരു പഞ്ചായത്ത് കമ്മ്യൂണിററിഹാളും നിർമ്മിക്കുക.

9. കെട്ടിട നിർമ്മാണ തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് തൊഴിലാളികളുടെ ലഭ്യത ഉറപ്പുവരുത്തുക.

## സാദ്ധ്യതകൾ

ഭവന നിർമ്മാണത്തിനു വായ്പ ലഭിക്കുന്നതിനുവേണ്ടി ഹൗസിംഗ് സൊസൈററി, ഹൗസിംഗ് ബോർഡ്, കാർഷിക വികസന ബാങ്ക്, ജില്ലാ സഹകരണബാങ്ക് എന്നിവിടങ്ങളിൽ നിന്നും, കൂടാതെ പഞ്ചായത്ത്–ബ്ലോക്ക് പഞ്ചായത്ത് മുഖേന വരുന്ന സ്കീം പ്രകാരം പട്ടിക ജാതി – വർഗ്ഗ ഓഫീസ് മുഖാന്തിരവും ലഭിക്കുന്നതാണ്. നിർമ്മിതി കേന്ദ്രത്തിന്റെ സഹായത്തോടു കൂടി ചിലവുകുറഞ്ഞ വീടുകൾ നിർമ്മിക്കാൻ ജനങ്ങളിൽ ബോധവൽക്കരിക്കണം നടത്തുക. ഭൂമി ഇല്ലാത്തവർക്ക് 4 സെന്റ് സ്ഥലം നൽകി ഭവന നിർമ്മാണത്തിന് ധന സഹായം നൽകുക. കുറഞ്ഞ ചിലവിൽ കക്കൂസുകൾ നിർമ്മിച്ച് സൗജന്യമായി നൽകുക. തൊഴിലാളികളുടെ വൈദഗ്ധ്യം വളർത്തുവാൻ പരിശീലനു നൽകുക. പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതിക്ക് ഇപ്പോൾ നൽകുന്ന ധനസഹായത്തുക വർദ്ധിപ്പിക്കുക. സർക്കാർ നൽകുന്ന വായ്പകൾക്ക് സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കുക. റജിസ്ട്രാഫീസിലെ അമിത ഫീസ് ഇല്ലാതാക്കുക. ദേശീ ശുചീകരണ പദ്ധതിയുടെ കീഴിൽ 5000 കുടുംബങ്ങൾക്ക് സൗജന്യമായി കക്കൂസുകൾഅനുവദിക്കണം. കൊട്ടാര ഭവനങ്ങളുടെ നിർമ്മാണം നിരുൽസാഹപ്പെടുത്തുക. എല്ലാ ഭൂവുടമകൾക്കം പട്ടയം ലഭ്യമാക്കുക.

ഈ വിധത്തിലുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻകഴിഞ്ഞാൽ ഒമ്പതാം പദ്ധതിയുടെ അവസാനത്തോടുകൂടി ഭവന രഹിതരെ ഇല്ലാതാക്കാനും, പഞ്ചായത്തിന് എന്നുമെന്നും അഭിമാനിക്കാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കെട്ടിട നികുതി സംബന്ധിച്ച വിവരങ്ങൾ**

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ബഹുനിലകെട്ടിടങ്ങളുടെ എണ്ണം | കോൺക്രീററ് | ഓട് | ഓല | മററുള്ളവ |
|---|---|---|---|---|---|---|
| 1 | 851 | 2 | 28 | 517 | 299 | 7 |
| 2 | 668 | 8 | 68 | 417 | 104 | 19 |
| 3 | 777 | 6 | 69 | 518 | 170 | 20 |
| 4 | 537 | 3 | 24 | 391 | 94 | 28 |
| 5 | 500 | 4 | 18 | 378 | 88 | 16 |
| 6 | 298 | 5 | 10 | 240 | 40 | 8 |
| 7 | 690 | 5 | 30 | 567 | 66 | 27 |
| 8 | 449 | 6 | 11 | 357 | 75 | 6 |
| 9 | 810 | 4 | 49 | 664 | 86 | 11 |
| 10 | 778 | 20 | 142 | 559 | 65 | 12 |
| 11 | 460 | 1 | 41 | 366 | 19 | 33 |
| 12 | 756 | 2 | 106 | 572 | 64 | 12 |
| 13 | 693 | 18 | 29 | 520 | 123 | 3 |
| 14 | 750 | 7 | 16 | 576 | 133 | 18 |
| ആകെ | 9017 | 91 | 641 | 6642 | 1466 | 220 |

♦ ♦ ♦

# സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് പല പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഈ രംഗം ഇപ്പോഴും പിന്നോക്കാവസ്ഥയിലാണ്. വികസന പ്രക്രിയയിൽ സാമൂഹ്യക്ഷേമരംഗത്ത് ഈ പഞ്ചായത്ത് ഏറെ ഊന്നൽ നൽകേണ്ടതാണ്.

അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ വികസനം വേണ്ടത്ര വേഗതയിലല്ല. വിവിധയിനം പെൻഷൻ പദ്ധതികൾ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഗുണഭോക്താക്കളുണ്ടെങ്കിലും അർഹരായവർക്ക് മുഴുവൻ സഹായമെത്തിക്കാൻ കഴിഞ്ഞിട്ടില്ല. പെൻഷൻ വിതരണത്തിലുള്ള കാലതാമസവും അർഹരെ തിരഞ്ഞെടുക്കുന്ന നടപടികളിലെ നൂലാമാലകളും കാരണം ഇത്തരം പദ്ധതികൾകൊണ്ട് ഉദ്ദേശിച്ച ഫലം കിട്ടുന്നില്ല.

അംഗനവാടികളുടെ പ്രവർത്തനം എല്ലാ വാർഡുകളിലുമുണ്ടെങ്കിലും പരിമിതികളും പരാധീനതകളും ഏറെയാണ്. പല അംഗൻവാടികൾക്കും കെട്ടിടങ്ങൾ ഇല്ല. ഉള്ളവയിൽത്തന്നെ അടിസ്ഥാന സൗകര്യങ്ങളും ഇല്ല. അംഗൻവാടി ജീവനക്കാരുടെ കാര്യമാണെങ്കിൽ ഏറെ കഷ്ടമാണ്. തുച്ഛമായ വേതനവും അമിതമായ ഉത്തരവാദിത്തവുമാണ് ഇക്കൂട്ടർക്ക്. സമാനമായ ജോലി ചെയ്യുന്നവരുമായി സേവന-വേതന കാര്യങ്ങളിൽ ഇവർക്ക് തുല്യത ലഭിക്കേണ്ടതും സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാൻ അനുപേക്ഷണീയമാണ്.

വികലാംഗർക്കുള്ള ആനുകൂല്യങ്ങൾ ഒന്നുംതന്നെ ഈ പഞ്ചായത്തിൽ പറയത്തക്ക രീതിയിൽ ലഭ്യമായിട്ടില്ല. പല കാര്യങ്ങളിലുമുള്ള മുൻഗണന ഇവരുടെ കാര്യത്തിൽ കടലാസുകളിൽ മാത്രം കാണുന്നവയാണ്.

മഹിളാ സമാജങ്ങൾ ഒന്നുരണ്ടു മേഖലകളിൽ സജീവമാണ്. പൊതുവെ പഞ്ചായത്തിൽ മഹിളാ സമാജങ്ങളുടെ പ്രവർത്തനം ദുർബ്ബലമാണ്. ഇത് വളരെ സജീവവും കാര്യക്ഷമവും ആക്കേണ്ടിയിരിക്കുന്നു.

മദ്യം, മയക്കുമരുന്ന് എന്നീ സാമൂഹ്യ വിപത്തുകൾക്കെതിരെ ശക്തമായ പ്രചരണവും ബോധവൽക്കരണവും ആവശ്യമാണ്. ക്രഷുകൾ, വൃദ്ധമന്ദിരങ്ങളുടെ അഭാവം എന്നിവ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. പൊതു കളിസ്ഥലങ്ങൾ, പാർക്കുകൾ, സാംസ്ക്കാരിക കേന്ദ്രങ്ങൾ, ഗ്രന്ഥശാലകൾ എന്നിവയുടെ പോരായ്മയും പ്രശ്നങ്ങളാണ്. താലൂക്കിലെ രണ്ടാം നഗരമായ അലനല്ലൂരിൽ ഒരു കമ്മ്യൂണിററി ഹാളോ കല്ല്യാണ മണ്ഡപമോ ഇല്ലാത്തതിന്റെ കുറവും പരിഹരിക്കേണ്ടതുണ്ട്.

പ്രാദേശിക ഭൗതിക സാഹചര്യങ്ങൾ കണക്കിലെടുത്ത് സാമൂഹ്യ ക്ഷേമ പദ്ധതികൾ ആവിഷ്ക്കരിക്കാൻ പഞ്ചായത്തുതലത്തിൽ മുൻകൈ എടുക്കേണ്ടതാണ്.

<u>പ്രശ്നങ്ങൾ</u>

1. പെൻഷൻ പദ്ധതികളിലെ അപാകതകൾ
2. പൊതു ശ്മശാനം ഇല്ല
3. അംഗൻവാടികൾ അരിഷ്ടത അനുഭവിക്കുന്നു.
4. മദ്യപരുടെ ആധിക്യം
5. സാമൂഹ്യ ക്ഷേമത്തെക്കുറിച്ചുള്ള അവബോധം ഇല്ല
6. കമ്മ്യൂണിററി ഹാളോ കല്ല്യാണമണ്ഡപമോ ഇല്ല.

**<u>നിർദ്ദേശങ്ങൾ</u>**

1. അർഹരായവർക്കെല്ലാം പെൻഷൻ ലഭിക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കണം
2. ഓരോ വില്ലേജിലും ഓരാ പൊതുശ്മാശാനം നിർമ്മിക്കണം

3. അംഗൻവാടികൾ സ്വയം സമ്പൂർണ്ണമാക്കുകയും അവയുടെ പ്രവർത്തനവും സേവനവും പഞ്ചായത്തുതലത്തിൽ ഏകോപിപ്പിക്കുകയും വേണം.

4. സമ്പൂർണ്ണ മദ്യ നിരോധനം നടപ്പിലാക്കണം. അതിനുവേണ്ട ബോധവൽക്കരണം വാർഡുകൾ തോറും നടത്തണം.

5. സാമൂഹ്യക്ഷേ പദ്ധതികളെക്കുറിച്ച് പ്രചരണവും ബോധവൽക്കരണവും നടത്തണം.

6. പഞ്ചായത്ത് ആസ്ഥാനത്ത് ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കണം

<u>സാധ്യതകൾ</u>

1. അംഗൻവാടികൾ കേന്ദ്രമാക്കി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ പഞ്ചായത്ത് മേൽനോട്ടത്തിൽ ഏകോപിപ്പിക്കണം

2. തൊഴിലധിഷ്ടിത യൂണിറ്റുകൾ പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കാം

3. പിന്നോക്ക വിഭാഗത്തിന് ഭവന നിർമ്മാണത്തിനും അടിസ്ഥാന സൗകര്യങ്ങൾ എർപ്പെടുത്തുന്നതിനും സഹായം നൽകാം

4. ഒരു കമ്മ്യൂണിറ്റി ഹാളും അനുബന്ധ സൗകര്യങ്ങളും പഞ്ചായത്തിൽ ഏർപ്പെടുത്തണം.

* * *

# <u>വനിതാ ക്ഷേമം</u>

അലനല്ലൂർ പഞ്ചായത്തിലെ ജനസംഖ്യയിൽ 51.31% സ്ത്രീകളാണ്. 1024 പേർ. പട്ടിക – പട്ടിക വർഗ വിഭാഗത്തിൽ 50 ശതമാനത്തോളം സ്ത്രീകളാണ്. മൊത്തം കുടുംബങ്ങളിൽ ചെറിയൊരു ശതമാനം സ്ത്രീകളുടെ നിയന്ത്രണത്തിൽ പെടുന്നുണ്ട്.

വിദ്യഭ്യാസ യോഗ്യതയുള്ള സ്ത്രീകൾ പുരുഷന്മാരെക്കാൾകുറവാണ്. തൊഴിൽ മേഖലകളിൽ ഏതാണ്ട് 40 ശതമാനത്തോളം സ്ത്രീകളാണുള്ളത്. എങ്കിലും ഭാഗികമായി മാത്രമെ അവർക്ക് തൊഴിലവസരങ്ങളുള്ളു. കൃഷിപ്പണി, കെട്ടിട നിർമ്മാണം തുടങ്ങിയ മേഖലകളിൽ ഉള്ളവർക്ക് സ്ഥിരമായോ വർഷത്തിൽ അമ്പതു ദിവസത്തിലധികമോ ജോലി ലഭിക്കാറില്ല. ഈററ വെട്ടി തൊഴിൽ ചെയ്യുന്ന സ്ത്രീകളുമുണ്ട്. അവർക്ക് ആവശ്യത്തിന് ഈററ കിട്ടാൻ ബുദ്ധിമുട്ടുന്നു.

അലനല്ലൂർ പഞ്ചായത്തിൽ ഏതാനും മഹിളാ സമാജങ്ങളുണ്ട്. എന്നിരുന്നാലും സ്ത്രീകളിൽ പൊതുവെ സംഘടനാപരമായ നേതൃത്വം ഇല്ലെന്നു മാത്രമല്ല, പൊതുകാര്യങ്ങളിൽ പ്രവർനത്തിലും അവർ പിന്നോക്കം നിൽക്കുന്നു. അതിന്റെ പ്രധാന കാരണം സാമൂഹ്യ വ്യവസ്ഥിതി തന്നെ. വനിതാ തൊഴിൽ സംരംഭങ്ങളോ വനിതകൾ നേതൃത്വം കൊടുക്കുന്ന ബഹുജന സംഘടനകളോ ഇല്ലെന്നു തന്നെ പറയാം. വനിതകൾക്കു മാത്രമായി ഒരു അറബിക് കോളേജുണ്ട്. എല്ലാ വാർഡുകളിലും അംഗൻവാടികളുണ്ട്. ചില സ്ഥലങ്ങളിൽ അംഗൻവാടിക്ക് സ്വന്തമായി കെട്ടിടങ്ങളില്ല. കോളേജു വിദ്യാർത്ഥികളിൽ ഏറിയ പങ്കും ആൺകുട്ടികളാണ്.

ഈ പഞ്ചായത്തിലെ 14 വാർഡുകളിലെ സ്ത്രീകളിൽനിന്നും ഒരേപോലെ ഉയർന്നു വന്നിട്ടുള്ള ആവശ്യങ്ങളാണ് സമ്പൂർണ്ണ മദ്യനിരോധനം., സ്ത്രീധന നിരോധനം, അശ്ളീല പോസ്റ്ററുകളുടെ നിരോധനം എന്നിവ. ഇതിനെതിരെ നിരന്തരവും കർശനവുമായ പോരാട്ടം നടത്തേണ്ടിയിരിക്കുന്നു. തൊഴിൽ പ്രശ്നങ്ങൾ, ദാരിദ്ര്യം, കടം, സ്ത്രീധന-ലൈംഗിക മർദ്ദനങ്ങൾ ഇവയൊക്കെ കൂടുതലും അനുഭവപ്പെടുന്നത് സ്ത്രീകൾക്കാണ്. ഇത്തരം നീക്കങ്ങളുടെ ലക്ഷ്യം തന്നെ സ്ത്രീകളുടെ സാമൂഹ്യ പദവി തകർക്കുക എന്നതാണ്. ഇവയെ എതിർക്കുവാൻ സ്ത്രീകളുടെ സാമൂഹ്യ രാഷ്ട്രീയാടിസ്ഥാനത്തിലുള്ള സംഘടിത പ്രവർത്തനങ്ങളിൽ കൂടിയും ആസൂത്രിത പ്രവർത്തനങ്ങളിൽക്കൂടിയും മാത്രമെ സാധിക്കുകയുള്ളു. സ്ത്രീപുരുഷ സമത്വത്തിനെതിരെയുള്ള പ്രവണതകൾക്കെതിരെ ആശയപരവും പ്രായോഗികവുമായ പ്രചരണം ബോധപൂർവ്വവും തുടർച്ചയായും നടത്തേണ്ടുന്ന ഒന്നാണ്.

<u>പ്രശ്നങ്ങൾ</u>

1. തുല്ല്യ ജോലിക്ക് തുല്യ വേതനം ഉറപ്പാക്കുക

2. സിനിമയുൾപ്പെടെ എല്ലാ രംഗങ്ങളിലും സ്ത്രീകളുടെ അശ്ളീല പോസ്റ്ററുകൾ നിർമ്മിക്കുന്നതും പരസ്യപ്പെടുത്തുന്നതും കർശനമായി നിരോധിക്കുക. ഇത് ലംഘിക്കുന്നവർക്കെതിരെ കർശന നടപടി കൈക്കൊള്ളണം.

3. സ്ത്രീധന നിരോധന നിയമം കർശനമായി നടപ്പിൽ വരുത്തുക. സ്ത്രീധനം വാങ്ങുന്നവരെയും കൊടുക്കുന്നവരെയും മാതൃകാപരമയി ശിക്ഷിക്കുകയും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും ചെയ്യുക. സമൂഹ വിവാഹം പ്രോത്സാഹിപ്പിക്കുക.

4. സ്ത്രീപീഢനത്തിനെതിരെ പഞ്ചായത്തുതലത്തിൽ വനിതാ സംരക്ഷണ സെല്ലുകൾ രൂപീകരിക്കുകയും അക്രമം നടത്തുന്നവർക്കെതിരെ കർശന ശിക്ഷാനടപടി കൈക്കൊള്ളുകയും ചെയ്യുക. ഇക്കാര്യത്തിൽ സ്ത്രീകളേയും പുരുഷന്മാരേയും ബോധവാന്മാരാക്കുക.

5. സമ്പൂർണ്ണ മദ്യ നിരോധനം നടപ്പിൽ വരുത്തുകയും അതിനായി വാർഡുതലത്തിൽ ബോധവൽക്കരണ

ക്ലാസ്സുകൾ നടത്തുകയും വേണം. നിലവിലുള്ള നിയമങ്ങൾ കൂടുതൽ ശക്തമാക്കുകയും വ്യാജവാററ് നടക്കുന്നില്ല എന്ന് ഉറപ്പു വരുത്തുകയും വേണം. മദ്യ ഉണ്ടാക്കുകയും വിൽക്കുകയും കൈവശം വെക്കുകയും ചെയ്യുന്നവർക്കെതിരെ വ്യക്തി-രാഷ്ട്രീയ പരിഗണന കൂടാതെ കനത്ത ശിക്ഷാനടപടികൾ സ്വീകരിക്കണം.

6. സ്ത്രീ വിദ്യാഭ്യാസത്തിന് ഊന്നൽ കൊടുത്തുകൊണ്ട് അവർക്കാവശ്യമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുക. തൊഴിലധിഷ്ടിത വിദ്യാഭ്യാസത്തിനുള്ള വനിതാ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക. സ്ത്രീ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുകയും പഠനം പൂർത്തിയാക്കാൻ കഴിയാത്ത പെൺകുട്ടികളെ തുടർന്ന് പഠിപ്പിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

7. സഹകരണാടിസ്ഥാനത്തിൽ വനിതാ വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുക. സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിന് അനുയോജ്യമായ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക.

8. സാമ്പത്തികശേഷി കുറവുള്ള കുടുംബങ്ങൾ കണ്ടെത്തി പെൺകുട്ടികളുടെ വിവാഹാവശ്യത്തിന് ധനസഹായം നൽകുന്നതിനുള്ള ഒരു പദ്ധതിക്ക് രൂപം കൊടുക്കുക.

9. വിധവാ പെൻഷൻ, വാർദ്ധക്യ കാല പെൻഷൻ, വികലാംഗ പെൻഷൻ മുതലായവ അർഹരായവർക്ക് യഥാസമയം ലഭ്യമാക്കുക.

10. അർഹതയുള്ള വനിതാ സംഘടനകൾക്ക് സ്ഥലവും കെട്ടിടവും സൗജന്യമായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുക. മഹിളാ സമാജങ്ങളിൽ വായനശാല ഉണ്ടാക്കുകയും പത്രമാസികകൾ സൗജന്യമായി നൽകുകയും ചെയ്യുക.

11. ബസ്സുകളിൽ സ്ത്രീകൾക്ക് 50% സീററ് സംവരണം ഏർപ്പെടുത്തുക. മുൻവാതിലിലെ 'കിളികളെ' ഒഴിവാക്കുക. സ്ത്രീകളുടെ സീററ് നിർബന്ധമായും സ്ത്രീകൾക്കുതന്നെയെന്ന് ഉറപ്പു വരുത്തണം. ബസ്സുകളിലും മററു വാഹനങ്ങളിലും ആളുകൾ കൂട്ടംകൂടി നിൽക്കുന്നിടത്തുമുള്ള പുകവലി കർശനമായും നിരോധിക്കണം. നിയമം ലംഘിക്കുന്നവരെ മാതൃകാപരമായി ശിക്ഷിക്കണം.

12. അലനല്ലൂർ പഞ്ചായത്തിൽ എടത്തനാട്ടുകര കേന്ദ്രമാക്കി ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കുക.

13. പൊതുരംഗങ്ങളിൽ സ്ത്രീകൾക്കുള്ള അവഗണന ഒഴിവാക്കാൻ നടപടികൾ കൈക്കൊള്ളണം. പൊതുരംഗത്തേക്ക് കൂടുതൽ സ്ത്രീകളെ ആകർഷിക്കത്തക്ക രീതിയിൽ പ്രോത്സാഹജനകമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുകയും ആവശ്യമായ ബോധവൽക്കരണം നടത്തുകയും വേണം. സ്ത്രീകളെ അവഹേളിക്കുന്നവർക്കെതിരെ സത്വരവും കർശനവുമായ ശിക്ഷണ നടപടികൾ കൈക്കൊണ്ട് സ്ത്രീകൾക്ക് നിർഭയം പുറത്തിറങ്ങി നടക്കാവുന്ന അവസ്ഥ സംജാതമാക്കണം.

14. പണം വെച്ചുള്ള ശീട്ടുകളി നിർത്തലാക്കുന്നതിന് അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. കടത്തിണ്ണകളിലും പൊതുവഴികളിലും വെച്ചുള്ള ശീട്ടുകളി സ്ത്രീകൾക്ക് ബുദ്ധിമുട്ടുളവാക്കുന്നവയാകയാൽ അതും നിരോധിക്കേണ്ടതാണ്.

16. സ്ത്രീകളുടെ വിവാഹ മോചനക്കേസുകളിൽ ചെലവിനു കിട്ടുന്ന തുക വിവാഹമോചനം നേടുന്ന പുരുഷന്റെ വരുമാനത്തിന്റെ പകുതിയാക്കി ഉയർത്തുക.

17. എല്ലാ മേഖലകളിലും സ്ത്രീകൾക്ക് 50% സംവരണം അനുവദിക്കു.

18. മഹിളാ സമാജങ്ങൾ വഴി സ്വയം തൊഴിൽ പരിശീലനം സൗജന്യമായി നടപ്പിൽ വരുത്തുക.

19. നിലവിലുള്ള മഹിളാ സംഘടനകളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് ആവശ്യമായ ധനസഹായവും മാർഗ്ഗ നിർദ്ദേശവും നൽകുക.

20. 18 വയസ്സിൽ താഴെ നടത്തുന്ന വിവാഹങ്ങളെ നിശ്ചയമായും നിരോധിക്കണം. നിലവിൽ നിയമമുണ്ടെങ്കിലും അത്രതന്നെ പ്രായോഗികമാവുന്നില്ല. പെൺകുട്ടികളുടെ വിദ്യഭ്യാസ നിലവാരം കുറയുന്നുണ്ടെങ്കിൽ അതിന്റെ കാരണം കണ്ടുപിടിച്ച് പരിഹരിക്കണം.

21. ക്രഷുകൾ സ്ഥാപിക്കുക. എല്ലാ വാർഡുകളിലും മലയാളം മീഡിയം നഴ്സറി സ്ക്കൂൾ ആരംഭിക്കുക.

22. ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം കുടുതൽ മെച്ചപ്പെടുത്തുകയും ആഴ്ചയിൽ നാല് ദിവസം ഗവൺമെന്റ് ഡോക്ടർമാരുടെ സേവനം ഉറപ്പു വരുത്തുകയും വേണം.

23. സ്വയം തൊഴിൽ മേഖലകളിൽ അസംസ്കൃത സാധനങ്ങൾക്കു വേണ്ട ലഭ്യത ഉറപ്പു വരുത്തുകയും വിപണന സാദ്ധ്യത വർദ്ധിപ്പിക്കുകയും വേണം.

24. കുററിമുല്ല കൃഷി കൂൺ കൃഷി, ഓർക്കിഡ് കൃഷി മുതലായവ ആരംഭിക്കാനുള്ള സംവിധാനമുണ്ടാക്കണം. പച്ചക്കറി കൃഷി, പൂന്തോട്ടം മുതലായവ നിർമ്മിക്കുന്നതിന് ആവശ്യമായ വിത്ത്, വളം, ധനസഹായം മുതലായവ ലഭ്യമാക്കുക.

25. സ്ക്കൂൾ കുട്ടികളുടെ യാത്രാ ക്ലേശം പരിഹരിക്കുന്നതിന് പി.ടി.എ. കളുമായി സഹകരിച്ച് അനുയോജ്യമായ സംവിധാനമുണ്ടാക്കുക. സ്ക്കുൾ കുട്ടികളോട് ബസ്സുകാർ കാണിക്കുന്ന അവജ്ഞയും അവഗണനയും മാററിയെടുക്കുന്നതിന് ഇതാവശ്യമാണ്. (സ്ക്കുൾ ബസ്സ് പോലെയുള്ള സംവിധാനങ്ങൾ ഉണ്ടാക്കാവുന്നതാണ്.)

26. എടത്തനാട്ടുകര കേന്ദ്രമാക്കി മാവേലി സ്റ്റോർ ആരംഭിക്കുക

27. പഞ്ചായത്തിലെ അർഹതയുള്ള വീടുകൾക്ക് സൗജന്യമായി കക്കുസ് നിർമ്മിച്ചുകൊടുക്കുകയും അല്ലാത്തവർക്ക് വായ്പ നൽകുകയും ചെയ്യുക.

28. അംഗൻവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുകയും വേണം.

29. അസന്മാർഗ്ഗികതയിലേക്ക് നയിക്കുന്ന ടി.വി. പരിപാടികൾ നിർത്തലാക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. പൈങ്കിളി മാസികകളും നിരോധിക്കണം.

30. ക്ഷീര കർഷകർക്കുവേണ്ടി എല്ലാ വാർഡിലും പാൽസൊസൈററികൾ സ്ഥാപിക്കുകയും പാലിന് മാർക്കററ് കണ്ടെത്താൻ സഹായിക്കുകയും വേണം. ഒരു വനിതാ ക്ഷീരവ്യവസായ സംഘം രൂപീകരിക്കണം.

31. ജനപ്പെരുപ്പം നിയന്ത്രിക്കുന്നതിനായി കുടുംബാസൂത്രണ മാർഗ്ഗങ്ങൾ കൂടുതൽ പ്രചരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ആകർഷകമായ പദ്ധതികൾ നടപ്പിൽ വരുത്തുകയും വേണം.

32. ജനകീയാസൂത്രണ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് എടത്തനാട്ടുകര പഞ്ചായത്ത് രൂപീകരിക്കുക.

33. സ്ത്രീകൾക്ക് റബ്ബർ ടാപ്പിംഗ് പഠിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കുക.

34. എല്ലാ വീടുകളിലും പരിഷത്ത് അടുപ്പുകൾ നിർമ്മിക്കുക.

35 സബ്സിഡിയുള്ള വായ്പകൾ അർഹതയുള്ളവർക്ക് ട്രഷറി മുഖേന ലഭിക്കത്തക്ക വിധം ഐ.ആർ.ഡി.പി. വായ്പാ നടപടിക്രമങ്ങൾ ലഘുകരിക്കുക.

<u>നിർദ്ദേശങ്ങൾ</u>

1. ഒന്നാം വർഡിൽ ഹൈസ്ക്കുൾ വിദ്യഭ്യാസ സൗകര്യം ഏർപ്പെടുത്തുക

2. ഹരാജൻ/ഗിരിജൻ കോളനികൾ കണക്കിലെടുത്ത് ഹെൽത്ത് സെന്ററിൽ ഒരു ഫുൾടൈം ഡോക്ടറെ നിയമിക്കുക.

3. ഒന്നാം വാർഡിലെ മഹിളാ സമാജങ്ങൾക്ക് സ്ഥലത്തിനും കെട്ടിടത്തിനും ധനസഹായം നൽകുക

4. ബുക്ക് ബൈൻഡിംഗ്, തുന്നൽ ക്ലാസ്സ് മുതലായവക്ക് നധസഹായം അനുവദിക്കുക

5. ഓർഡിൽ ഒരു പാൽ സൊസൈററി തുടങ്ങുക

6. ഒന്നാം വാർഡിൽ വനിതാ വ്യവസായ യൂണിററ്, പരിശീലന കേന്ദ്രം തുടങ്ങുക

7. വാർഡിന് ഒരു പൊതു കളിസ്ഥലം ഉണ്ടാക്കുക

8. വാർഡിൽ കൃഷിഭവന്റെ ബ്രാഞ്ച് ഓഫീസ് തുറക്കുക

9. രണ്ടാം വാർഡിൽ ഒരു പ്രൈമറി ഹെൽത്ത് സെന്റർ അനുദിക്കുക

10.നാലാം വാർഡിൽ തുന്നൽ പരിശീലന കേന്ദ്രം തുടങ്ങുക

11. അഞ്ചാം വാർഡ് – എടത്തനാട്ടുകര അനാഥശാലക്കു സമീപം പ്രാഥമിക ആരോഗ്യ കേന്ദ്രം തുടങ്ങുക

12. ആലടിപ്പുറം കോളനിയിൽ അംഗൻവാടിക്ക് കെട്ടിടം അനുവദിക്കുക

13. നാലുകണ്ടത്തിൽ എൽ.പി. സ്ക്കൂൾ അനുവദിക്കുക

14. പാലക്കാട് ജില്ലയിലെ ഏക വനിതാ അറബിക് കോളേജിന് സർക്കാർ അംഗീകാരം നൽകുക

15. ആറാം വാർഡിൽ തയ്യൽ പരിശീലനം, പ്ലാസ്റ്റിക്ക് വർക്സ് മുതലായവ നടത്തുന്നതിന് ആവശ്യമായ മെഷീൻ, സ്ഥലം എന്നിവ നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക

16. ആറാം വാർഡിൽ മാററിവെച്ചിട്ടുള്ള സ്ഥലത്ത് ഉടൻ ആരോഗ്യകേന്ദ്രം പണിയുകയും പ്രവർത്തനം തുടങ്ങുകയും ചെയ്യുക

17. ഏഴാം വാർഡിൽ ഒരു മാവേലി സ്റ്റോർ ആവശ്യമാണ്

18. എട്ടാം വാർഡിൽ അംഗൻവാടിക്ക് സ്ഥലവും കെട്ടിടവും വേണം

19. 18ാം നമ്പർ കാഞ്ഞിരംപാറ അംഗൻവാടിയിലേക്ക് ഒരു കുഴൽ കിണർ, കക്കൂസ് എന്നിവ നിർമ്മിക്കണം

20. ഒമ്പതാം വാർഡ് കാരയിൽ പുതിയതായി വായനശാല ഉണ്ടാക്കുക. നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റേയും വായനശാലയുടേയും പ്രവർത്തനം പുരോഗമിപ്പിക്കുക. ഒമ്പതാം വാർഡിൽ ഒരു ക്രഷ് ആരംഭിക്കുക. വാർഡിലെ മൂന്ന് അംഗൻവാടികൾക്ക് ചുററുമതിൽ, കിണർ എന്നിവ നിർമ്മിക്കുക

21. പതിനൊന്നാം വാർഡിൽ വനിതകൾക്കായി ഒരു സഹകരണ കേന്ദ്രം അനുവദിക്കുക. വട്ടമണ്ണപുറം അംഗൻവാടിയിൽ ഒരു കിണറും പടിക്കപ്പാടം അംഗൻവാടിക്ക് കെട്ടിടവും നിർമ്മിക്കുക

22. പതിനാലാം വാർഡിൽ പുളിങ്കുന്ന് അംഗൻവാടിക്ക് കെട്ടിടം നിർമ്മിക്കുക.

❖ ❖ ❖

# പട്ടികജാതി ,പട്ടിക വർഗ്ഗ ക്ഷേമം

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 12.5% പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരാണ്. ഇവരിൽ 2441 പേർ പുരുഷൻമാരും 2430 പേർ സ്ത്രീകളുമാണ്. വിവിധ വാർഡുകളിലായി 49 കോളനികളിൽ 1035 കുടുംബങ്ങളും കോളനികളിലല്ലാതെ 150 കുടുംബങ്ങളുമായി ഇവർ താമസിക്കുന്നു. പട്ടികവർഗ്ഗത്തിൽപ്പെടുന്ന 77 പേർ 15 കുടുംബങ്ങളിലായി ഈ പഞ്ചായത്തിലുണ്ട്. വിശദവിവരങ്ങൾ ഇതോടൊപ്പമുള്ള പട്ടികയിൽ കാണിച്ചിട്ടുണ്ട്.

ഈ വിഭാഗത്തിന്റെ പുരോഗതിക്കുവേണ്ടി സർക്കാർതലത്തിൽ വിവിധ പദ്ധതികൾ വർഷങ്ങളായി നടപ്പാക്കി വരുന്നുണ്ടെങ്കിലും ഭൂരിഭാഗം കുടുംബങ്ങളും (918) ഇപ്പോഴും ദാരാദ്ര്യരേഖക്കുതാഴെയാണ്. IRDP പദ്ധതിപ്രകാരം ഇതുവരെയായി 112 പേർക്ക് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. DWRCA പദ്ധതി പ്രകാരം ആരംഭിച്ച സംരംഭങ്ങളിൽ 12ാം വാർഡിൽ രൂപീകരിച്ച 20 അംഗങ്ങളുള്ള കുട്ടനെയ്ത്ത് യൂണിററ് മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. കാർഷികമേഖലയിലാണ് ഭൂരിഭാഗം ആളുകളും തൊഴിലെടുക്കുന്നത്. അസംസ്കൃതവസ്തുക്കളുടെ ലഭ്യതയിലുള്ള പ്രയാസങ്ങളും മററും കാരണം പാരമ്പര്യതൊഴിലുകൾ മിക്കവരു ഉപേക്ഷിച്ചിരിക്കുന്നു. 1% ത്തിൽ താഴെ മാത്രമേ ഇവർക്ക് സർക്കാർ ഉദ്യോഗങ്ങളിൽ പ്രതിനിധ്യം ലഭിച്ചിട്ടുള്ളൂ. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏക പട്ടികജാതി സഹകരണ സംഘത്തെക്കുറിച്ച് കുടുതൽ പേർക്കും അറിവില്ലാത്ത അവസ്ഥയാണ്. വിവിധ തൊഴിൽ മേഖലകളിൽ അർഹമായ കൂലി ലഭിക്കുന്നുണ്ടെങ്കിലും തൊഴിൽ ദിനങ്ങളുടെ കുറവ് ഇവരുടെ സാമ്പത്തിക പുരോഗതിക്ക് തടസ്സമായിത്തീരുന്നു.

വിദ്യാഭ്യാസപരമായി ഇവർ ഇപ്പോഴും പിന്നോക്കാവസ്ഥയിലാണ്. 70% പേരും ഇപ്പോഴും നിരക്ഷരരാണ്. സാക്ഷരതാ പ്രവർത്തനം ഒരളവുവരെ ഇവരെ നിരക്ഷരതയിൽ നിന്നും കരകയററാൻ സഹായകമായെങ്കിലും തുടർപ്രവർത്തനങ്ങളുടെ അഭാവം വീണ്ടും പഴയ നിലയിലേക്കുതന്നെ ഇവരെ എത്തിച്ചിരിക്കുകയാണ്. കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും ഭൂരിഭാഗം കുട്ടികളും പ്രാഥമിക വിദ്യാഭ്യാസം പോലും പൂർത്തിയാക്കുന്നില്ല. ഈ വർഷം വിവിധ വിദ്യാലയങ്ങളിലായി 1203 കുട്ടികൾ പഠിക്കുന്നുണ്ട്. ഒന്നാം ക്ലാസ്സിൽ 157 പേരും പത്താം ക്ലാസ്സിൽ 27 പേരും പഠിക്കുന്നു. രക്ഷിതാക്കളുടെ സാമ്പത്തിക വിഷമങ്ങളും സമീപപ്രദേശങ്ങളിൽ വിദ്യാലയങ്ങളുടെ അഭാവവും പ്രൈമറിതലം മുതൽതന്നെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന് കാരണമാകുന്നു. ഉന്നതവിദ്യാഭ്യാസരംഗത്ത് 5% പേർ പോലും എത്തുന്നില്ല. ഈ പഞ്ചായത്തിൽ ഒരു പ്രീമെട്രിക് ഹോസ്റ്റൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും സ്ഥലസൗകര്യങ്ങളുടെ കുറവുമൂലം കുറച്ചുപേർക്കുമാത്രമേ അതിന്റെ പ്രയോജനം ലഭിക്കുന്നുള്ളൂ.

സർക്കാർതലത്തിൽ നടപ്പാക്കിവരുന്ന വിവിധ പദ്ധതികളിലൂടെ ഇവരുടെ പാർപ്പിടപ്രശ്നം ഒരളവുവരെ മാത്രമേ പരിഹരിക്കപ്പെട്ടിട്ടുള്ളൂ. ആകെയുള്ള 1220 ഓളം കുടുംബങ്ങളിൽ 610 പേർക്ക് മാത്രമാണ് വാസയോഗ്യമായ വീടുകളുള്ളത്. JRY, IAY, MWS തുടങ്ങിയ പദ്ധതികളിലൂടെ വീടുകൾ ലഭിച്ചിട്ടുണ്ടെങ്കിലും അനുവദിച്ച ധനസഹായത്തിന്റെ അപര്യാപ്തതമൂലം മിക്ക വീടുകളുടെയും പണിപൂർത്തിയായിട്ടില്ല. മിക്കവീടുകളിലും കക്കൂസുകൾ ഇല്ലാത്ത അവസ്ഥയും നിലവിലുണ്ട്. ഇവർ ഒന്നിച്ചുതാമസിക്കുന്ന 49 കോളനികളിലും അടിസ്ഥാനസൗകര്യങ്ങൾ വളരെ കുറവാണ്. ചില കോളനികളിൽ അനുവദിച്ച സ്ഥലങ്ങൾ അളന്നുകൊടുക്കാത്തതും പട്ടയം നൽകാത്തതുമായ അവസ്ഥയും ഉള്ളതിനാൽ അവർക്ക് വീടുകൾ നിർമ്മിക്കുന്നതിന് തടസ്സം നേരിട്ടു.

കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഇവരുടെ ആരോഗ്യ പ്രശ്നങ്ങളെ

കാര്യമായി ബാധിക്കുന്നു. ആവശ്യത്തിന് ചികിത്സ ലഭിക്കുന്നതിനുള്ള പ്രയാസങ്ങളും നേരിടുന്നുണ്ട്. ഏക സർക്കാർ ആശുപത്രി അലനല്ലൂരിലാണ് സ്ഥിതി ചെയ്യുന്നതെന്നതുകൊണ്ട് മററുള്ള പ്രദേശങ്ങളിൽ നിന്ന് രോഗികളെ പെട്ടെന്ന് ഇവിടെ എത്തിക്കുന്നതിന് ഇവർക്ക് പ്രയാസങ്ങൾ നേരിടുന്നു.

സാമൂഹ്യ-സാംസ്ക്കാരിക രംഗങ്ങളിൽ ഇവർക്കിടയിൽ ആശാവഹമായ പുരോഗതി ഇനിയും കൈവരിച്ചിട്ടില്ല. എങ്കിലും ജാതിപരമായ ഉച്ചനീചത്വം പൊതുവെ ഇല്ലെന്നുതന്നെ പറയാം. എങ്കിലും ഒന്നാം വാർഡിലെയും പതിനാലാം വാർഡിലേയും ചിലയിടങ്ങളിൽ ഇപ്പോഴും ജാതിപ്പേരുവിളിച്ച് ആക്ഷേപിക്കുന്നതായി കാണുന്നു. എന്നാൽ പൊതുവെ എല്ലാ വിഭാഗം ആളുകളും എല്ലാ രംഗങ്ങളിലും തുല്യരായിക്കാണുന്ന രീതിയാണ് ഇവിടെയുള്ളത്. മദ്യനിരോധനം പോലുള്ള ശക്തമായ നിലപാടുകൾ ഇവരുടെ സാമ്പത്തികവും സാംസ്ക്കാരികവുമായ പുരോഗതിക്ക് സഹായകമാണ്.

## ഗ്രാമസഭകളിൽ നിന്നുവന്ന പ്രധാന നിർദ്ദേശങ്ങൾ

1. അംഗീകാരം കാട്ടാത്ത കോളനികളിൽ.
2. എല്ലാ കോളനികളിലും അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്.
3. അനുവദിച്ച ഭൂമിക്ക് പട്ടയം കിട്ടാത്ത അവസ്ഥ.
4. വീടുകൾ നിർമ്മിക്കാൻ അനുവദിക്കുന്ന ഗ്രാന്റ് തികയുന്നില്ല.
5. എല്ലാ വീടുകളിലും കക്കൂസിന്റെ അഭാവം.
6. നിലവിലുള്ള ഹരിജൻ സഹകരണസംഘത്തിന്റെ പ്രവർത്തനക്ഷമതയില്ലായ്മ.
7. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്.
8. തുടർസാക്ഷരതാ പ്രവർത്തനങ്ങളുടെ അഭാവം.
9. വിദ്യാർത്ഥികൾക്ക് താമസിച്ചുപഠിക്കുന്നതിനുള്ള സൗകര്യക്കുറവ്.
10. പാരമ്പര്യതൊഴിലുകളിലേർപ്പെട്ടിരിക്കുന്നവർക്ക് അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നതിനുള്ള പ്രശ്നങ്ങൾ, വിപണന സൗകര്യമില്ലായ്മ.
11. ചികിത്സാകേന്ദ്രങ്ങളിൽ രോഗികളെ എത്തിക്കുന്നതിനുള്ള പ്രയാസങ്ങൾ.
12. സർക്കാർ തലത്തിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ചും ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ചും അറിവില്ലായ്മ
13. തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് IRDP പദ്ധതിപ്രകാരവും മററും ലോൺ അനുവദിക്കാത്ത അവസ്ഥ.
14. നിലവിലുള്ള വീടുകളുടെ അററകുററപ്പണി നടത്തുവാൻ കഴിയുന്നില്ല.
15. വിവിധ ക്ഷേമനിധികളിൽ അംഗങ്ങളാണങ്കിലും വിഹിതം അടക്കുന്നതിന് പഞ്ചായത്തിൽ സൗകര്യമില്ല.
16. ചാരായ നിരോധനം നിലവിലുണ്ടെങ്കിലും മദ്യവും മയക്കുമരുന്നും ഇപ്പോഴും ലഭിക്കുന്നതുമൂലമുള്ള പ്രശ്നങ്ങൾ.

| വാർഡ് നമ്പർ | കോളനിയുടെ പേര് | കുടുംബങ്ങളുടെ എണ്ണം | നിലവിലുള്ള വീടുകളുടെ എണ്ണം (ഓട്) | നിലവിലുള്ള കക്കൂസുകളുടെ എണ്ണം | കുടിവെള്ള ലഭ്യതാ സംവിധാനം | വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം | ഗതാഗത സൗകര്യം നിലവിലുള്ളത് | ആവശ്യമുള്ള വീടുകളുടെ എണ്ണം | ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം | അംഗീകാരം |
|---|---|---|---|---|---|---|---|---|---|---|
| I | ചളവ പട്ടികജാതി കോളനി | 56 | 48 | 7 | കിണങ്ങൾ. 1. | ഇല്ല | മൺറോഡ് | 27 | 28 | |
| | പൊൻപാറ | 18 | 4 | | കുഴൽകിണങ്ങൾ. | | മൺറോഡ് | 21 | 25 | |
| II | പടിക്കൽപാടം കോളനി | 41 | 29 | 7 | പൊതുകിണങ്ങൾ. | | മൺറോഡ് | 5 | 9 | |
| III | മൂച്ചിക്കൽ ലക്ഷംവീട് കോളനി | 11 | 4 | | പൊതുകിണങ്ങൾ. | ഇല്ല | മൺറോഡ് | 9 | 11 | |
| | കാവടിയോട് കോളനി | 12 | 4 | | ഇല്ല | ഇല്ല | മൺറോഡ് | 19 | 26 | |
| | ആണയംകോട് കോളനി | 15 | 3 | 2 | കിണങ്ങൾ. 1 കുഴൽകിണങ്ങൾ. | ഇല്ല | മൺറോഡ് | 12 | 18 | |
| | പട്ടിശ്ശേരി കോളനി | 10 | 3 | 1 | ഇല്ല | ഇല്ല | ഇല്ല | 6 | 17 | |
| IV | ഷാപ്പുംകുന്ന് കോളനി | 15 | 4 | | ഇല്ല | ഇല്ല | മൺറോഡ് | 8 | 49 | |
| | പഞ്ഞൻകുന്ന് കോളനി | 11 | 3 | | കിണർ 1 | ഇല്ല | മൺറോഡ് | 14 | 18 | |
| | കുന്നപ്പള്ളി കോളനി | 13 | 1 | | കിണർ.1 | ഇല്ല | മൺറോഡ് | 12 | 34 | |
| | പുത്തംകോട്ട് കോളനി | 10 | 1 | | കിണർ.1 | 3 | മൺറോഡ് | 7 | 11 | |
| V | ആലടിപ്പുറം കോളനി | 26 | 6 | 3 | കിണർ.1 | ഇല്ല | മൺറോഡ് | 8 | 12 | |
| | പള്ളിപ്പറ കോളനി, I.H.D.P. | 25 | 20 | 12 | ഇല്ല കിണർ.1 | ഇല്ല | മൺറോഡ് | 12 | 13 | |
| | കൂററമ്പാറ വെള്ളാരത്തിൽ | 26 | 7 | 1 | 300മീററർ ദൂരെ | ഇല്ല | ഇല്ല | 7 | 9 | |
| VI | തടിയം പറമ്പ് പാറ | 10 | 3 | 1 | കിണർ. 8 | 1 | ഇല്ല | 11 | 15 | |
| | താഴത്തെപീടിക കോളനി | 12 | 1 | | കിണർ. 3 | ഇല്ല | മൺറോഡ് | 8 | 11 | |
| | നല്ലൂർപുള്ളി കോളനി | 44 | 17 | 16 | കിണർ. 2 | ഇല്ല | മൺറോഡ് | 12 | 13 | |
| VII | മൊഴിമുററം ആമ്പുക്കാട് | 25 | 4 | | കിണർ. 1 | ഇല്ല | ഇല്ല | 9 | 10 | |
| | പാമ്പലത്ത് | 10 | 5 | 1 | ഇല്ല | ഇല്ല | ഇല്ല | 20 | 23 | |
| | കോട്ടക്കുന്ന് | 11 | 2 | | ഇല്ല | ഇല്ല | മൺറോഡ് | 5 | 13 | |
| | തിരുവാലപ്പറ | 33 | 14 | 7 | ഇല്ല | ഇല്ല | മൺറോഡ് | 19 | 25 | |
| VIII | മുട്ടിപാലത്തിങ്കൽ | 19 | 7 | 1 | ഇല്ല | ഇല്ല | ഇല്ല | 17 | 9 | |
| | നൈതക്കോട് | 17 | 11 | | കിണർ. 1. | 6 | മൺറോഡ് | 11 | 12 | |

പട്ടിക ജാതി/പട്ടികവർഗ്ഗ കോളനികളെ സംബന്ധിച്ച വിശദ വിവരങ്ങൾ

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | ചങ്ങശ്ശേരി | 14 | 7 | 4 | 1 കിണർ | ഇല്ല | ഇല്ല | 8 | 10 | |
| | വേങ്ങൂർ കളത്തിൽ | 20 | 15 | 2 | ഇല്ല | ഇല്ല | ഇല്ല | 13 | 18 | |
| IX | മുള്ളത്ത്കുന്ന് | 20 | 12 | ഇല്ല | ഇല്ല | ഇല്ല | | 5 | 20 | |
| | തെച്ചിക്കോട്ടിൽ | 15 | 12 | ഇല്ല | ഇല്ല | ഇല്ല | | 3 | 15 | |
| | കുററിക്കാട്ടിൽ | 22 | 6 | ഇല്ല | കു. കി., 2 കിണർ | 4 | മൺറോഡ് | 10 | 22 | |
| | കടലിപ്പുറം | 15 | 6 | ഇല്ല | പൊതുകിണർ | ഇല്ല | വഴിയുണ്ട് | 9 | 15 | |
| | തോണിക്കുഴി | 8 | 3 | ഇല്ല | | ഇല്ല | | 2 | 8 | |
| | കാരാകോളനി | 10 | 11 | ഇല്ല | കുഴൽകിംർ | ഇല്ല | മൺറോഡ് | 7 | 10 | |
| X | ചങ്കരൻചാത്ത് കോളനി | 18 | 13 | 3 | കുഴൽകിണർ | 5 | മൺറോഡ് | 7 | 15 | |
| | വെള്ളത്തോണ്ടികിളകുന്ന് കോളനി | 15 | 5 | 10 | കിണർ 4 | 5 | മൺറോഡ് | 2 | 5 | |
| | ചേലക്കുന്ന് | 12 | 5 | ഇല്ല | കിണർ 6 | ഇല്ല | മൺറോഡ് | 7 | 12 | |
| | മുള്ളത്തുതെരുവ് (ലക്ഷംവീട്) | 15 | 15 | ഇല്ല | കുഴൽകിണർ | ഇല്ല | മൺറോഡ് | 10 | 15 | |
| | ഉമ്മണത്ത് | 33 | 40 | 8 | കിണർ 8 | 6 | മൺറോഡ് | 18 | 25 | |
| XI | പാക്കത്ത് കോളനി | 70 | 28 | 5 | ഇല്ല | 10 | മൺറോഡ് | 30 | 65 | |
| XII | പനയ്ക്കാത്തോട്ടത്തിൽ | 36 | 27 | 3 | കു. കി 1, കി. 2 | ഇല്ല | ടാർറോഡ് | 8 | 33 | |
| | നെമ്മിനിശ്ശേരി | 56 | 3 | 10 | കു. കി 1 കി. 1 | 3 | മൺറോഡ് | 29 | 46 | |
| | നെല്ലിക്കുന്ന് | 8 | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5 | 8 | |
| XIII | പെട്ടമണ്ണ | 11 | 11 | ഇല്ല | ഇല്ല | ഇല്ല | മൺറോഡ് | 9 | 11 | |
| | മുതുകുററി | 15 | 8 | ഇല്ല | കിണർ ഉപ. ശൂന്യം | ഇല്ല | മൺറോഡ് | 4 | 15 | |
| | ഞരളത്ത് മണ്ണാർ കോളനി | 12 | 10 | ഇല്ല | ഇല്ല | ഇല്ല | മൺറോഡ് | 4 | 12 | |
| | നന്നങ്ങാടി കോളനി | 12 | 7 | 6 | കു. കി. (100 മീ) | ഇല്ല | മൺറോഡ് | 2 | 6 | |
| | എകരംചോല | 9 | | 1 | ഇല്ല | ഇല്ല | മൺറോഡ് | 2 | 8 | |
| XIV | മുറിയങ്കണ്ണി<br>പെരുമ്പടാരി<br>മാളിക്കുന്ന്<br>ഇട്ടിലാക്കുളം | 160 | 60 | | | | ടാർറോഡ്<br>മൺറോഡ് | | | |
| | പട്ടിക വർഗ്ഗ കോളനി | | | | | | | | | |
| I | ഓടക്കുളം ഗിരിജൻ കോളനി | 9 | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 7 | 9 | |
| | 7ാം വാർഡിൽ ഒരു കുടുംബം ഉണ്ട് അടിസ്ഥാന സൗകര്യങ്ങൾ ഒന്നും തന്നെയില്ല | | | | | | | | | |

## പരിഹാര നിർദ്ദേശങ്ങൾ

1. എല്ലാ കോളനികളും സർക്കാർ അംഗീകരിക്കുക.

2. എല്ലാ കോളനികളിലും കുടിവെള്ളം, കക്കൂസ്, ഗതാഗത സൗകര്യം എന്നിവ ലഭ്യമാക്കുക.

3. ഭൂമി ഇല്ലാത്തവർക്ക് അത് നൽകുകയും മിച്ചഭൂമി ലഭിച്ചവർക്ക് അവരവരുടെ സ്ഥലം അളന്നുകൊടുക്കുകയും പട്ടയം അനുവദിക്കുകയും ചെയ്യുക.

4. വീടുകൾക്ക് അനുവദിക്കുന്ന ധനസഹായം 30,000 രൂപയെങ്കിലും ആക്കി വർദ്ധിപ്പിക്കുക.

5. നിലവിലുള്ള പട്ടികജാതി സഹകരണസംഘത്തിന്റെ പ്രവർത്തനം വിപുലീകരിക്കുകയും കൂടുതൽ സഹകരണസംഘങ്ങൾ അനുവദിക്കുകയും ചെയ്യുക. പഞ്ചായത്ത് തലത്തിൽ സമിതി രൂപീകരിച്ച് പ്രവർത്തനം വിലയിരുത്തുക.

6. കോളനികൾക്ക് സമീപം 1 കി.മീ.ററിനുള്ളിൽ പ്രൈമറി വിദ്യാലയങ്ങൾ അനുവദിക്കുക.

7. എല്ലാ കോളനികളും 'ക്രഷു'കൾ സ്ഥാപക്കുക.

8. നിലവിലുള്ള പ്രീമെട്രിക് ഹോസ്റ്റലിന് പുതിയ കെട്ടിടം നിർമ്മിച്ച് കൂടുതൽ പേർക്ക് സൗകര്യങ്ങൾ ലഭ്യമാക്കുകയും എടത്തനാട്ടുകരയിൽ ഒരു ഹോസ്റ്റൽ ആരംഭിക്കുകയും ചെയ്യുക.

9. 14ാം വാർഡിലെ ഇട്ടിലാക്കുളം കോളനിയോട് തൊട്ടുകിടക്കുന്ന പഞ്ചായത്ത്വക സ്ഥലത്ത് നിർദ്ദിഷ്ട ടെക്നിക്കൽ സ്ക്കൂൾ ഉടനെ ആരംഭിക്കുക.

10. എല്ലാ കോളനികളിലും തുടർ സാക്ഷരതാ കേന്ദ്രങ്ങൾ ആരംഭിക്കുകയും അലവൻസ് നൽകി ഇൻസ്ട്രക്ടറെ നിയമിക്കുകയും ചെയ്യുക.

11. മാസത്തിലൊരിക്കലെങ്കിലും വിദ്യാഭ്യാസ ബോധവൽക്കരണ സെമിനാറുകൾ നടത്തുക.

12. പഞ്ചായത്ത് തലത്തിൽ സർക്കാർ ആനുകൂല്യങ്ങളെക്കുറിച്ചും പദ്ധതികളെക്കുറിച്ചുമുള്ള ഇൻഫർമേഷൻ സെന്റർ ആരംഭിക്കുക.

13. പഞ്ചായത്ത്തലത്തിൽ പട്ടികജാതി സെൽ രൂപീകരിക്കുകയും പ്രത്യേക ഫീൽഡ് സ്റ്റാഫിനെ നിയമിക്കുകയും ചെയ്യുക.

14. വിവിധപെൻഷനുകൾ ലഭിക്കുന്നതിനുള്ള പ്രായപരിധി 50 വയസ്സായി കുറക്കുക.

15. രോഗികളെ ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നതിനുവേണ്ടി പഞ്ചായത്തുതലത്തിൽ സൗജന്യ വാഹനം ഏർപ്പെടുത്തുക.

16. നിലവിലുള്ള പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുകയും എല്ലാ വാർഡുകളിലും പ്രൈമറി ഹെൽത്ത് സെന്ററുകൾ ആരംഭിക്കുകയും ചെയ്യുക.

17. എല്ലാ കോളനികളെയും പ്രധാന റോഡുകളുമായി ബന്ധിപ്പിക്കുക.

18. പരമ്പര്യ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ആവശ്യമായ അസംസ്കൃത സാധനങ്ങൾ ലഭിക്കുന്നതിന് പാസ്സ് കാലതാമസമില്ലാതെ അനുവദിക്കുക.

19. തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബേങ്കുകളിൽ നിന്ന് ലോൺ ലഭിക്കുന്നതിന് നിലവിലുള്ള പ്രയാസങ്ങൾ ഒഴിവാക്കുക.

21. വൃദ്ധമന്ദിരങ്ങൾ സ്ഥാപിക്കുക.

22. പൊതുശ്മശാനം ഏർപ്പെടുത്തുക.

23. സമ്പൂർണ്ണ മദ്യ നിരോധനം ഏർപ്പെടുത്തുക

# സഹകരണമേഖല

1848ൽ ഇംഗ്ളണ്ടിലെ റോക്കഡെയ്ൽ എന്ന സ്ഥലത്ത് കടബാധ്യതയിൽ ഉഴലുന്ന കൃഷിക്കാരെ സഹായിക്കാൻ വേണ്ടിയാണ് ആദ്യത്തെ സഹകരണ സംഘം രൂപം കൊണ്ടത്. 1904ൽ നിർമ്മിച്ച ഇന്ത്യൻ സഹകരണ സംഘ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് നമ്മുടെ നാട്ടിൽ സഹകരണ സംഘങ്ങൾ രൂപം കൊള്ളാൻ തുടങ്ങിയത്.

കേരളത്തിൽ വ്യത്യസ്ത വിഭാഗങ്ങളിലായി 17,000 ത്തോളം സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. ചെറുതും വലുതുമായ ഈ സംഘങ്ങളുടെ പ്രവർത്തന മൂലധനം ഏതാണ്ട് 81.000 കോടി രൂപയാണ്. ലോകത്തിന് മുഴുവൻ മാതൃകയായ സഹകരണ പ്രസ്ഥാനമാണ് ഇന്ന് കേരളത്തിലെ സഹകരണ പ്രസ്ഥാനം.

നമ്മുടെ പഞ്ചായത്തിൽ ഈ നൂററാണ്ടിന്റെ ആദ്യപാദത്തിൽ – 1946ൽ – ഐക്യ നാണയ സംഘമായി റജിസ്റ്റർ ചെയ്ത അലനല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് അമ്പതാം വാർഷികം ആഘോഷിച്ചു കഴിഞ്ഞ സ,ഹചര്യത്തിലാണ് സഹകരണ മേഖലയെക്കുറിച്ചുള്ള ഈ വികസന റിപ്പോർട്ട് അവതരിപ്പിക്കുന്നത്. കോട്ടോപ്പാടം, തച്ചനാട്ടുകര, താഴെക്കോട് പഞ്ചായത്തുകളിലെല്ലാം പ്രവർത്തനം നടത്തായിരുന്ന ഈ സ്ഥാപനത്തിൽ രൂപീകരണ സമയത്ത് വെറും 57 അംഗങ്ങളാണുണ്ടായിരുന്നത്. ഇന്ന് 11487 അംഗങ്ങളും 12, 75,000 ഓഹരി മൂലധനവും 3,84,97,313 രൂപ നിക്ഷേപവുമുള്ള സ്ഥാപനമായി മാറിയിട്ടുണ്ട്. അലനല്ലൂരിന്റെ കാർഷിക മേഖലയിലെ സാമ്പത്തികാവശ്യത്തിന്റെ 75%വും നിറവേററുന്നത് ഈ സഹകരണ സംഘമാണ്. (20% വാണിജ്യ ബാങ്കുകളെയും, 5% സ്വകാര്യ വ്യക്തികളെയുമാണ് ആശ്രയിക്കുന്നത്) ഒരു സ്ഥാപനവുമായും ബന്ധപ്പെടാത്ത ഒട്ടേറെ ആളുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഹ്രസമകാല-ദീർഘകാല കാർഷിക വായ്പ ഇനത്തിൽ 78,15,786 രൂപയും, കാർഷികേതര വായ്പയായി 3,21,38,300 രൂപയും നമ്മുടെ പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

ഇത്രയും വിപുലമായ പ്രവർത്തമേഖലയിലേക്ക് സഹകരണ പ്രസ്ഥാനം വളർന്നിട്ടുണ്ടെങ്കിലും പ്രതീക്ഷിച്ച നിലവാരത്തിലേക്കുയരാൻ കഴിട്ടില്ല.

1967ൽ കേരള സംസ്ഥാനത്ത് സ്റ്റാററ്യൂട്ടറി റേഷനിംഗ് സമ്പ്രദായം ആരംഭിക്കുന്നതിന് മുമ്പ് 1964ൽ തന്നെ കോ-ഓപ്പറേററീവ് സ്റ്റോറും അനൗപചാരിക റേഷനിംഗ് സമ്പ്രദായവും ബാങ്കിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചിരുന്നു. വള്ളുവനാടൻ, ഏറനാടൻ താലൂക്കുകളിലായി 38 ന്യായ വില ഷാപ്പുകളിലൂടെ ഭക്ഷ്യധാന്യം വിതരണം ചെയ്യാനുള്ള പ്രവർത്തനം അലനല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ഏറെറടുക്കുകയും, തൃപ്തികരമായി നിലനിർത്തിക്കൊണ്ടു പോരികയും ചെയ്തിരുന്നു. എന്നാൽ പിൽക്കാലത്ത് പല കാരണങ്ങളാൽ ബാങ്കിന് ഈ രംഗത്തു നിന്ന് നിഷ്ക്രമിക്കേണ്ടി വന്നു.

ഇതോടൊപ്പം തന്നെ വാണിജ്യ-വ്യാപാര രംഗത്തേക്കും ബാങ്കിന്റെ പ്രവർത്തനം വ്യാപിച്ചിരുന്നു. രാസവള ഡിപ്പോകൾ, തുണി വ്യാപാരം, ഓണച്ചന്ത എന്നീ പ്രവർത്തനങ്ങൾ ഏറെറടുത്തിട്ടുണ്ട്. വ്യാപാര മേഖലയിൽ സഹകരണ സംഘത്തിന് കുത്തകാവകാശം നൽകുന്ന പ്രവർത്തനങ്ങൾ വിജയകരമാക്കുമ്പോൾത്തന്നെ സ്വകാര്യ കച്ചവടക്കാരുമായി മത്സരമുള്ള മേഖലകളിൽ പിടിച്ചു നിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. പരമ പ്രധാന മേഖലകളിൽ കുത്തകാവകാശം നൽകിയേ ഈ സ്ഥിതി മാററാനാവൂ.

<u>ഇതര സഹകരണ സംഘങ്ങൾ</u>

സ്വന്തമായി കെട്ടിടമുള്ള പഞ്ചായത്ത് പട്ടികജാതി-സഹകരണ സംഘം പ്രവർത്തന സാധ്യത ഏറെയുള്ള സ്ഥാപനമാണ്. ഇന്ന് നിർജ്ജീവാവസ്ഥയിലുള്ള ഈ സ്ഥാപനം പ്രവർത്തനക്ഷമമാക്കേണ്ടതുണ്ട്.

അലനല്ലൂർ ഗവ: വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂൾ, എ.എം.എൽ.പി. സ്ക്കൂൾ, എടത്തനാട്ടുകര AMUP സ്ക്കൂൾ, ഗവ: ഓറിയന്റൽ ഹൈസ്ക്കൂൾ എന്നിവ കേന്ദ്രമായി സ്ക്കൂൾ സൊസൈററികൾ നിലവിലുണ്ട്. പാഠപുസ്തക വിതരണത്തിനു പുറമെ മററു പഠനോപകരണങ്ങൾ വിതരണം ചെയ്യാനുള്ള പ്രവർത്തനവും ഇവിടെ നടത്തേണ്ടതുണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള ക്ഷീര വിതരണ സംഘം പ്രവർത്തന ക്ഷമമല്ല. തിരുവാഴാംകുന്നിലെ അഗ്രികൾച്ചർ സ്റ്റേഷനുമായി ബന്ധപ്പെടുത്തി പാൽ വിപണനത്തിനുള്ള സൗകര്യങ്ങൾ കണ്ടെത്തണം.

ഖാദി-ഗ്രാമ വ്യവസായ വകുപ്പിന്റെ കീഴിൽ സഹകരണ മേഖലയിൽ ആരംഭിച്ച എണ്ണയാട്ടു മില്ലിന്റെ പ്രവർത്തനം ശൈശവ ദശയിൽത്തന്നെ നിലച്ചുപോയി.

അലനല്ലൂർ പഞ്ചായത്തിലെ കാർഷികാവശ്യങ്ങൾക്ക് ആശ്രയിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനമാണ് മണ്ണാർക്കാട് സഹകരണ കാർഷിക വികസന ബാങ്ക്. ഒരു പരിധി വരെ പഞ്ചായത്തിലെ ധാന്യ-നാണ്യ വിളകൾ കൃഷി ചെയ്യാനാവശ്യമായ സാമ്പത്തിക സഹായം നൽകാൻ പ്രസ്തുത സ്ഥാപനത്തിനു കഴിഞ്ഞിട്ടുണ്ട്.

രൂക്ഷമായ പാർപ്പിട ദൗർലഭ്യം അനുഭവപ്പെടുന്ന നമ്മുടെ പഞ്ചായത്തിൽ ഭവന നിർമ്മാണ വായ്പ നൽകാനുള്ള സ്ഥാപനങ്ങൾ ഒന്നുമില്ല. കുമരംപുത്തൂർ ഹൗസിംഗ് സഹകരണ സംഘത്തെയാണ് ഇതിന് ആശ്രയിക്കുന്നത്. ആവശ്യക്കാർക്കെല്ലാം വായ്പ നൽകാൻ കഴിയാത്തതും, കാലതാമസവും ഇതിന്റെ പ്രവർത്തനങ്ങളിൽ നിന്ന് ജനങ്ങളെ അകററി നിർത്തുന്നു.

<u>പ്രശ്നങ്ങൾ</u>

1. ഭവന നിർമ്മാണ മേഖലയിൽ സഹകരണ സംഘങ്ങളുടെ പങ്ക് നാമമാത്രമാണ്

2. വനിതാ സഹകരണ സംരംഭങ്ങൾ തീരെയില്ല

3. കാർഷിക മേഖലയെ കേന്ദ്രീകരിച്ചുകൊണ്ട് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ അഭാവം

4. കൃഷി-അനുബന്ധ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ സഹകരണ മേഖലയിൽ സംവിധാനങ്ങളില്ല

5. നിലവിലുള്ള സംഘങ്ങളിൽ നിന്നെടുത്ത വായ്പ കാലാകാലങ്ങളിൽ തിരിച്ചടക്കുന്നില്ല.

<u>സാദ്ധ്യതകൾ, നിർദ്ദേശങ്ങൾ</u>

1. അലനല്ലൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ ശാഖ ഉണ്ണിയാലിൽ സ്ഥാപിക്കുക. 18 വയസ്സ് തികഞ്ഞ എല്ലാവരേയും അംഗങ്ങളാക്കുക.

2. ഭവന നിർമ്മാണ വായ്പക്കുള്ള സൗകര്യം സർവ്വീസ് സഹകരണ ബാങ്കിൽ എർപ്പെടുത്തുക.

3. അലനല്ലൂർ ഗ്രാമ പഞ്ചായത്ത്, സഹകരണ സംഘങ്ങൾ, കൃഷി ഭവൻ എന്നിവ സംയുക്തമായി വളം, കീടനാശിനി, വിത്ത് എന്നിവ വിതരണം ചെയ്ത് ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ, കാർഷികോൽപ്പന്നങ്ങൾ എന്നിവ കർഷകരിൽ നിന്ന് ന്യായവിലക്ക് സംഭരിച്ച് വിൽപ്പന നടത്താനുള്ള സംവിധാനം ഉണ്ടാക്കുക.

4. പട്ടിക ജാതി സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുകയും, കയർ നിർമ്മാണം, പരമ്പ്, പായ നെയ്ത്ത്, കുട്ട നിർമ്മാണം തുടങ്ങിയവക്ക് ആവശ്യമായ അസംസ്കൃത സാധനങ്ങൾ എത്തിച്ചുകൊടുക്കാനും, ഉൽപ്പന്നങ്ങൾ ശേഖരിച്ച് വിൽപ്പന നടത്താനുമുള്ള സംവിധാനമുണ്ടാക്കുകയും ചെയ്യുക.

5. പഞ്ചായത്തടിസ്ഥാനത്തിൽ വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും അച്ചാർ നിർമ്മാണം,

റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, കുററിമുല്ല, ഓർക്കിഡ്, പ്ലാസ്റ്റിക്ക് വസ്തു നിർമ്മാണം, തുന്നൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയവയുടെ യൂണിററുകൾ ഇതിന്റെ നേതൃത്വത്തിൽ വാർഡുകളിൽ ആരംഭിക്കുകയും ചെയ്യുക.

6. കെട്ടിട നിർമ്മാണത്തൊഴിലാളി സംഘം രൂപീകരിക്കുകയും കല്ല്, പാറപ്പൊടി, ചിപ്സ് തുടങ്ങിയവ എത്തിക്കാനും തൊഴിലാളികളുടെ ലഭ്യത ഉറപ്പു വരുത്താനും ആവശ്യമായ സംവിധാനമുണ്ടാക്കുകയും ചെയ്യുക.

7. വാർഡുകൾ തോറും ക്ഷീര സംഘത്തിന്റെ കീഴിൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുകയും പഞ്ചായത്തടിസ്ഥാനത്തിൽ ഇവയുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും മിൽമയുമായി ബന്ധപ്പെട്ട് വിപണന സൗകര്യം ഉറപ്പാക്കുകയും ചെയ്യുക.

8. സഹകരണ മേഖലയിൽ കോളേജ് സ്ഥാപിക്കാനാവശ്യമായ നിയമ നിർമ്മാണം നടത്തുക.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ സുപ്രധാന കൈവഴിയാണ് സഹകരണ പ്രസ്ഥാനം. നമ്മുടെ പഞ്ചായത്തിന്റെ ദ്രുതഗതിയിലുള്ള വികസനത്തിൽ നിർണ്ണായക പങ്കാണ് ഈ മേഖലക്കുള്ളത്. വാണിജ്യ ബാങ്കുകൾ നമ്മുടെ നിക്ഷേപത്തിന്റെ 70%വും പഞ്ചായത്തിനു പുറത്തു വിതരണം ചെയ്യുമ്പോൾ മുഴുവൻ നിക്ഷേപവും പഞ്ചായത്തിനകത്തു തന്നെ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങളുടെ പ്രസക്തി വർദ്ധിക്കുകയാണ്. ഇത് തിരിച്ചറിഞ്ഞുകൊണ്ട് സഹകരണ മേഖലയെ കൂടുതൽ ജനകീയമാക്കി വായ്പ തിരിച്ചടവിൽ നിൽക്കുന്ന ദൗർബല്യം പരിഹരിച്ച് പുതിയ പ്രവർത്തന മുഖങ്ങളിലേക്ക് വ്യാപിച്ച്, ജനങ്ങളിൽ വിശ്വാസമർപ്പിച്ച് നാടിന്റെ മുഖച്ഛായ മാററാൻ സ്വന്തം പദ്ധതിയിലൂടെ നമുക്കു കഴിയേണ്ടതുണ്ടെന്ന് മാത്രം ഓർമ്മിപ്പിച്ചുകൊണ്ട് ഈ റിപ്പോർട്ട് അവസാനിപ്പിക്കുന്നു.

<u>സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ</u>

| | | |
|---|---|---|
| I | 1. സ്ഥാപനത്തിന്റെ പേര് | അലനല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് |
| | 2. പ്രവർത്തന പരിധി | അലനല്ലൂർ പഞ്ചായത്ത് |
| | 3. ക്രെഡിററ്/നോൺ ക്രെഡിററ് | ക്രെഡിററ് |
| | 4. പ്രവർത്തനം ആരംഭിച്ച വർഷം | 1946 |
| | 5. ആകെ അംഗങ്ങൾ | 11,487 |
| | 6. ഒരു ഓഹരിയുടെ വില | അഞ്ചു രൂപ |
| | 7. അംഗീകൃത ഓഹരി മൂലധനം | 25 ലക്ഷം |
| | 8. പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം | 9,08560. 00 |
| | 9. സർക്കാർ ഓഹരിയുണ്ടോ? | ഉണ്ട് |
| | 10. ഉണ്ടെങ്കിൽ ലഭിച്ച തുക | 2,82,758 |
| | 11. പരമാവധി കടം എടുക്കാവുന്ന തുക | 4,49,74,656. 65 |
| II | **പൊതുജനങ്ങളിൽനിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ** | |
| | 1. സ്ഥിരം | 2,44,68,740. 55 |
| | 2. ഹ്രസ്വകാലം | 18,54,230. 00 |
| III | **നൽകിയിട്ടുള്ള വായ്പകൾ** | |
| | a) കാർഷിക വായ്പകൾ | |

| 1. ഇനം | തുക |
|---|---|
| 2. ഹ്രസ്വകാല കാർഷിക വായ്പ | 73,13,690.00 |
| 3. മദ്ധ്യകാല " " | 11,622.00 |
| 4. ദീർഘകാല " " | 4,90,474.00 |

b) മററ് വായ്പകൾ

| 1. ഇനം | തുക |
|---|---|
| 2. ഹ്രസ്വകാല കാർഷികേതര വായ്പ | 33,71,858.00 |
| 3. സ്വയംതൊഴിൽ വായ്പ (NAST) | 9,56,472.00 |
| 4. സ്വർണ്ണപണയ വായ്പ | 2,77,97,480.00 |
| 5. മദ്ധ്യകാല കാർഷികേതര വായ്പ | 12,496.00 |

c) പ്രത്യേക വായ്പകൾ

| 1. ഇനം | തുക |
|---|---|
| 2. ഐ.ആർ.ഡി.പി. വായ്പ | 28,830.00 |
| 3. ഫിക്സഡ് ഡിപ്പോസിററ് | 24,36,644.00 |

### സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ

| സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| PDC B | SF | 56,25,050 |
| " | GOLD CC | 50,00,00 |
| GOVT. LOAN | BUILDING & GODOWN | 1,69,200 |

### നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

| വായ്പാ സ്വഭാവം | തുക |
|---|---|
| ഹ്രസ്വകാല കാർഷിക വായ്പ | 19,94,375.00 |
| മദ്ധ്യകാല " NA Agri. | 12,496.00, 11,622.00 |
| ദീർഘകാല " " | 45,532.00 |
| സ്വർണ്ണ " | 35,79,840.00 |
| ഹ്രസ്വകാല കാർഷികേതര " | 9,06,906.00 |
| ഐ.ആർ.ഡി.പി. | 17,483.00 |

**സ്ഥാപനത്തിന്റെ ചിലവുകൾ**

| | | | |
|---|---|---|---|
| 1) Establishment charges | 12,82,242.00 | + | 90,198.00 |
| 2) Contigennies | 2,44,708.00 | + | 14,014.00 |
| 3) Stationery | 97,670.00 | + | 19,860.00 |
| 4) Repair | 8,334.00 | + | 62,432.00 |
| 5) ബാങ്കിംഗ് | | | 14,445.00 |
| 6) രാസവള വിൽപന | | | |
| 7) ഓണച്ചന്ത - പച്ചക്കറി, തുണിത്തരങ്ങൾ, പലവ്യഞ്ജനങ്ങൾ. | | | |
| 8) സ്വർണ്ണപണയ വായ്പ | | | |
| 9) KSDL Bond | | | 6,000.00 |
| 10) NSCDC | | | 6,115.00 |
| 11) IVP | | | 3,35,000.00 |
| 12) Bond | | | 50,000.00 |
| 13) Shares | | | 6,17.950.00 |

# വിഭവ സമാഹരണം

നമ്മുടെ പഞ്ചായത്തിന്റെ സമഗ്രവികസനവുമായി ബന്ധപ്പെട്ട് വിവിധ മേഖലകളുടെ രൂപരേഖ അവതരിപ്പിച്ചുകഴിഞ്ഞല്ലോ. നമ്മുടെ ആവശ്യങ്ങൾ അപരിമേയമാണ്. ഇതിനാവശ്യമായ വിഭവങ്ങളാകട്ടെ പരിമിതവും. ഈ അവസ്ഥയിൽ വിഭവസമാഹരണ മാർഗ്ഗങ്ങളെ സംബന്ധിച്ച ചർച്ചകൾ വികസനത്തെ സഹായിക്കുന്ന പ്രധാന ഘടകമായി മാറുന്നു.

സംസ്ഥാന ഗവൺമെന്റ് നൽകാമെന്നേററിരിക്കുന്ന ഫണ്ടുകൾ തന്നെ നമ്മുടെ വികസനപ്രവർത്തനങ്ങൾക്ക് ആഗ്രഹിക്കുന്ന ഗതിവേഗം നൽകാൻ പര്യാപ്തമാവില്ല. പ്രാദേശികമായി വിഭവസമാഹരണം നടത്തിയാൽ മാത്രമേ ഈ പ്രതിസന്ധിയെ അതിജീവിക്കാൻ കഴയു.

ഇന്ന് ഗ്രാമപഞ്ചായത്ത് പിരിച്ചുകൊണ്ടിരിക്കുന്ന നികുതികൾ പിരിക്കാനുള്ള പ്രവർത്തനം കാര്യക്ഷമമാക്കണം. വാർഡുമെമ്പർമാർ നേതൃത്വം കൊടുത്തുകൊണ്ട് ഇതിനുള്ള ഒരു പരിപാടി നടപ്പിലാക്കേണ്ടതുണ്ട്. വാർഡടിസ്ഥാനത്തിൽ നികുതിമേഖലകൾ നടപ്പിലാക്കണം. കെട്ടിടനികുതി കർശനമായി പിരിച്ചെടുക്കാനും, കെട്ടിട നിർമ്മാണച്ചെലവുമായി ബന്ധപ്പെടുത്തി നികുതി നിശ്ചയിക്കാനും കഴിയണം. ലൈസൻസിംഗ് സമ്പ്രദായം കർശനമായി സ്ഥാപനങ്ങളിൽ നിന്ന് പിരിച്ചെടുക്കണം.

പഞ്ചായത്തിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി കൃഷിക്കായി പാട്ടത്തിനു നൽകൽ, പഞ്ചായത്തിൽ വാഹനങ്ങൾക്കു ലൈസൻസേർപ്പെടുത്തൽ, മണൽ വാരുന്നതിൽ നിയന്ത്രണം കൊണ്ടുവന്ന് വരുമാനം കണ്ടെത്തൽ, വ്യക്തികളെ വികസന പ്രവർത്തനത്തിൽ പങ്കാളികളാക്കൽ തുടങ്ങിയ നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടതാണ്.

ഇവക്കെല്ലാം പുറമെ നമുക്കു കണ്ടെത്താൻ കഴിയുന്നതും വൻതോതിൽ ഉപയോഗിക്കാൻ കഴിയുന്നതുമായ വിഭവം മുഷ്യാധ്വാനമാണ്. നിലവിലുള്ള സംഘടനകളും, സ്ഥാപനങ്ങളും, ക്ലബ്ബുകളുമായി ബന്ധപ്പെടുത്തി വർഷത്തിൽ ഏററവും ചുരുങ്ങിയത് 20,000 പ്രവർത്തി ദിനങ്ങളെങ്കിലും സന്നദ്ധപ്രവർത്തനം വഴി കണ്ടെത്താൻ കഴിയണം. ഏറെറടുക്കുന്ന ഓരോ വികസനപ്രവർത്തനത്തിന്റെയും വിഭവത്തിന്റെയും 25%മെങ്കിലും സന്നദ്ധപ്രവർത്തനം വഴി കണ്ടെത്താൻ കഴിയുന്ന അവസ്ഥ നിർബ്ബന്ധമായും ഉണ്ടാക്കിയെടുക്കണം. അഞ്ചേക്കറും, മുകളിലുമുള്ള നാണ്യവിളകൃഷിക്കാരിൽ നിന്നും സെസ്സുപിരിക്കണം.

വീടുകൾ വാസത്തിനാണെന്നതിനുപരി ആഡംബരപ്രദർശനത്തിനാവുന്ന പ്രവണത പരക്കെയുണ്ട്. ഇത്തരം വസതികൾക്ക് ആഡംബര നികുതിയോ നിലവിലുള്ള നികുതി നിരക്കിന്റെ ഇരട്ടിയോ വസൂലാക്കാവുന്നതാണ്.

തറ വിസ്തീർണ്ണത്തിന്റേയും നിർമ്മാണച്ചിലവിന്റെയും അടിസ്ഥാനത്തിൽ വീട്ടുനികുതി നിർണ്ണയിക്കാം. നഗരശുചീകരണത്തിനു സേവന നികുതി നടപ്പിൽ വരുത്താം.

❖ ❖ ❖

# ഉപസംഹാരം

ദശാബ്ദങ്ങളായി മുകളിൽ നിന്നു താഴോട്ട് എന്ന ക്രമത്തിൽ നടപ്പിലാക്കിയിരുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ താഴെത്തട്ടിൽവെച്ച് ജനങ്ങളുടെ ആശയ്ക്കും അഭിലാഷത്തിനുമനുസരിച്ച് രൂപം കൊടുക്കാനുള്ള വലിയ ജനകീയ പരീക്ഷണത്തിലാണ് നാം ഏർപ്പെട്ടിരിക്കുന്നത്. നിലവിലുള്ള വികസന സങ്കൽപങ്ങളോട് ഒത്തുപോകുന്നതിന് നമുക്കിവിടെ സാധിച്ചെന്നുവരില്ല. റോഡും പാലങ്ങളും ആശുപത്രിയും വിദ്യാലയവുമായൽ വികസനം മുഴുവനായി എന്ന സാമാന്യബോധത്തെ മുറിച്ചുകടന്നുകൊണ്ടല്ലാതെ ജനകീയാസൂത്രണവുമായി നമുക്ക് മുന്നേറാൻ കഴിയില്ല.

സമ്പത്തുൽപാദന രംഗമായ കൃഷിയും വ്യവസായവും മുരടിക്കുന്നു എന്നുള്ളതാണ് വികസന മേഖലയുടെ പ്രധാന പ്രതിസന്ധി. സർക്കാരിന്റെ മാത്രം നേതൃത്വത്തിലുള്ള ഔപചാരിക ആസൂത്രണ പ്രവർത്തനങ്ങളെക്കൊണ്ട് ഈ രംഗത്ത് കൃത്യമായ ഒരു മുന്നേറ്റവും നടത്താനാവില്ല. ഔദ്യോഗിക സംവിധാനത്തിന്റെ പിന്നോക്കാവസ്ഥയെ മുറിച്ചുകടക്കുന്നതിന് ആസൂത്രണ പദ്ധതി പ്രവർത്തന രംഗത്തേക്ക് മുഴുവൻ മലയാളികളുടെയും സർഗ്ഗാത്മകമായ സംഘചൈതന്യത്തെ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. അതേസമയം ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് നിലവിലുള്ള ഔദ്യോഗിക സംവിധാനങ്ങൾക്ക് സമാന്തരമോ, ബദലോ ആകാൻ കഴിയില്ല. ഉദ്യോഗസ്ഥ സംവിധാനത്തിന്റെ ചിട്ടപ്പടി രീതികളോട് ജനകീയ അഭിലാഷങ്ങളെ കോർത്തിണക്കാനുള്ള ഒരു പുതിയ പ്രവർത്തന രീതിയാണ് നമുക്ക് അവലംബിക്കാനുള്ളത്. ഇതിലൂടെ വികസനപ്രവർത്തന മേഖലയിൽ പടർന്നുപന്തലിച്ചു നിൽക്കുന്ന കെടുകാര്യസ്ഥതയെയും കൈക്കൂലിയെയും ഒരു പരിധി വരെ ഇല്ലാതാക്കാൻ കഴിയും.

ഈ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു വിശാലമായ വികസന രാഷ്ട്രീയ സംസ്കാരം നാടൊട്ടുക്കു സൃഷ്ടിക്കപ്പെട്ടു വളർന്നു വരുന്നുണ്ട്. നമ്മുടെ നാടിന്റെ ചരിത്രത്തിൽ അസാധാരണമായ പല നേട്ടങ്ങളും കൈവരിക്കുന്നതിന് അടിത്തറയായി ഇതു മാറിക്കൊണ്ടിരിക്കുകയാണ്. വിപുലമായ അർത്ഥത്തിൽ രൂപപ്പെടുന്ന ഈ ജനകീയ ശക്തി സമാഹരിച്ചുകൊണ്ട് വികസനാസൂത്രണ പ്രവർത്തനങ്ങളിൽ നമുക്കേറ്റെടുക്കാനുള്ള പ്രവർത്തനങ്ങളെയും വെല്ലുവിളികളെയും ധൈര്യപൂർവ്വം ഏറ്റെടുക്കാനുള്ള മാനസികാവസ്ഥയിലേക്ക് നമ്മുടെ പ്രദേശത്തെ ജനങ്ങളെ ഉയർത്തിക്കൊണ്ടുവരാൻ ഈ വികസന റിപ്പോർട്ടിന്റെ ചർച്ചയും വികസന സെമിനാറും ഉപയോഗിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അഭിമാനപൂർവ്വം ഈ വികസന റിപ്പോർട്ട് സെമിനാർ മുമ്പാകെ സമർപ്പിക്കട്ടെ.

അലനല്ലൂർ ഗ്രാമ പഞ്ചായത്ത്
വികസന സെമിനാറിന്

സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന

# അലനല്ലൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ

ആശംസകൾ!

---

അലനല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ

സമഗ്ര വികസന പ്രവർത്തനങ്ങൾക്കും

വികസന സെമിനാറിനും ഞങ്ങളുടെ ആശംസകൾ!1!

# ചൂരക്കാട്ടിൽ ടെക്സ്റ്റൈൽസ്

*(ബോംബെ ഡയിങ്ങ്, മഫത്‌ലാൽ എന്നീ പ്രശസ്തരുടെ അംഗീകൃത സ്റ്റോക്കിസ്റ്റ്)*

പുരോഗതിയുടെ ഓരോ കാൽവെപ്പിലും
എവരേയും ഓർത്തുകൊണ്ട്
ആശംസകളോടെ...



22 ct സ്വർണ്ണാഭരണങ്ങൾക്ക്
അലനല്ലൂരിലെ ഒരു വിശ്വസ്ത സ്ഥാപനം'

Phone: 0492 - 462353
463121
462261

# തൃശൂർ ഫാഷൻ ജ്വല്ലേഴ്സ്

## അലനല്ലൂർ.

ബ്രാഞ്ച്: കരിങ്കല്ലത്താണി.

ammu creative unit